

# ബജറ്റ് പ്രസംഗം 2008-2009

ഡോ. ടി. എം. തോമസ് ഐസക് ധനകാര്യമന്ത്രി

6 മാർച്ച് 2008

കേരള സർക്കാർ

# കേരള സർക്കാർ

## ബജറ്റ് പ്രസംഗം

## 2008-2009

ഡോ. ടി. എം. തോമസ് ഐസക്

ധനകാര്യ മന്ത്രി

6 മാർച്ച്, 2008

# ഉള്ളടക്കം

## ഭാഗം ഒന്ന്


| | പേജ് നം. |
|---|---|
| **ആമുഖം** | |
| കടക്കെണി | 1 |
| നാട്ടിൽനിന്നുള്ള വായ്പ | 2 |
| നികുതി വരുമാനം | 2 |
| നികുതി കുടിശ്ശിക | 3 |
| പലിശഭാരം | 3 |
| കമ്മി | 4 |
| പദ്ധതി ചെലവ് | 4 |
| പണം ചെലവാക്കുന്നതിന് നിയന്ത്രണമോ? | 5 |
| ധന മാനേജ്മെന്റ് | 5 |
| കേന്ദ്ര ധനസഹായം | 7 |
| ബദൽ സമീപനം | 8 |
| വികസന തന്ത്രം | 10 |


## ഭാഗം രണ്ട്

### വികസന പരിപാടികൾ


| | |
|---|---|
| **ക്ഷേമപ്രവർത്തനങ്ങൾ** | |
| ക്ഷേമ പെൻഷനുകൾ | 11 |
| ആരോഗ്യ ഇൻഷുറൻസ് | 12 |
| കായികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർ | 14 |
| സാമൂഹ്യ സുരക്ഷാ മിഷൻ | 15 |
| ആശ്രയ പദ്ധതി | 16 |
| കുടുംബശ്രീ | 17 |
| സമഗ്ര സാമൂഹ്യ സുരക്ഷ | 18 |
| പൊതുവിതരണം | 18 |
| **കാർഷിക-പരമ്പരാഗത മേഖലകൾ** | |
| കൃഷി | 19 |
| മൃഗസംരക്ഷണം | 22 |
| മത്സ്യ മേഖല | 22 |
| കയർ | 23 |
| കശുവണ്ടി | 24 |
| കൈത്തറി | 25 |
| ഖാദിയും പനമ്പും | 25 |
| **പൊതുമേഖലയും ചെറുകിട വ്യവസായവും** | |
| പൊതുമേഖല | 25 |
| സ്വകാര്യ ചെറുകിട വ്യവസായങ്ങൾ | 26 |
| കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ | 26 |
| കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് | 27 |
| കേരള റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ | 28 |
| കേരള വാട്ടർ അതോറിറ്റി | 29 |
| **അടിസ്ഥാന സൗകര്യവികസനം** | |
| ജലസേചനം | 30 |

ഊർജ്ജം 31
തുറമുഖം 32
റോഡുകളും പാലങ്ങളും 33
ജലഗതാഗതം 34
**വിനോദ, വിദ്യാഭ്യാസ, ശാസ്ത്ര, കലാകായിക മേഖലകൾ**
ടൂറിസം 34
വിവര സാങ്കേതികവിദ്യ വ്യവസായങ്ങൾ 36
തൊഴിലില്ലായ്മ 36
ശാസ്ത്രവും പരിസ്ഥിതിയും 37
വനസംരക്ഷണം 37
വിദ്യാഭ്യാസം 38
ഇന്റസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ 40
സ്പോർട്സ് 41
കലയും സംസ്കാരവും 41
**സേവന മേഖല**
ആരോഗ്യം 42
പാർപ്പിടം 44
തദ്ദേശ സ്വയംഭരണം 44
ഉത്തരകേരളത്തിന് പാക്കേജ് 47
മാലിന്യ വിമുക്ത കേരളം 47
**സാമൂഹ്യക്ഷേമം**
പട്ടികജാതി പ്രത്യേക ഘടക പദ്ധതി 48
പട്ടികവർഗ ഉപ പദ്ധതി 49
പിന്നോക്ക സമുദായ വികസനം 49
സ്ത്രീ ശാക്തീകരണം 50
സഹകരണം 51
പ്രവാസി 52
**ഭരണവും ഭരണപരിഷ്കാരവും**
റവന്യൂ 53
ട്രഷറി 53
ആഭ്യന്തരം-ജയിൽ 54
രജിസ്ട്രേഷൻ 54
സർക്കാർ പ്രസ് 55
ഭാഗ്യക്കുറി 55
എക്സൈസ് 55
വാണിജ്യനികുതി വകുപ്പ് 56
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് & ടാക്സേഷൻ 56
പബ്ലിക് റിലേഷൻസ് 57
ജീവനക്കാർ 57
ഭരണ പരിഷ്ക്കാരം 58


## ഭാഗം മൂന്ന്

**വിഭവ സമാഹരണം**
നികുതികുടിശ്ശിക 60
അസസ്സ്മെന്റ് കുടിശ്ശിക 62
നടപടി ക്രമങ്ങൾ ലഘൂകരിക്കൽ 63

**കോമ്പൗണ്ടിംഗ്**

| | |
|---|---|
| സ്വർണ്ണം | 65 |
| വർക്സ് കോൺട്രാക്ട് | 66 |
| ബാർഹോട്ടലുകൾ | 67 |
| നികുതിയിളവുകൾ | 68 |
| പുതിയ നികുതി നിർദ്ദേശങ്ങൾ | 71 |
| വ്യാപാരമേഖലയ്ക്ക് പ്രോത്സാഹനം | 73 |
| പലവക | 74 |

## ഭാഗം നാല് 77

ഉപസംഹാരം 80

# ഭാഗം ഒന്ന്

## ആമുഖം

സർ, 2008–09 വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ബഡ്ജറ്റ് ഞാൻ അവതരിപ്പിക്കുകയാണ്. ഇത് ഒരു സമ്പൂർണ ബഡ്ജറ്റ് ആണ്. സമ്പൂർണ ബഡ്ജറ്റ് എന്ന് എടുത്തു പറഞ്ഞതിന് ഒരു കാരണമുണ്ട്. ഈ വർഷം പൂർണ ബഡ്ജറ്റ് അവതരിപ്പിക്കുമോ ഇല്ലയോ, ബഡ്ജറ്റ് തന്നെ ഉണ്ടാകുമോ ഇല്ലയോ എന്നതിനെ കുറിച്ചെല്ലാം വലിയ വിവാദങ്ങൾ സംസ്ഥാനത്ത് നടക്കുകയായിരുന്നുവല്ലോ. ഏതായാലും ഈ വിവാദങ്ങൾക്കെല്ലാം ഇതോടെ പൂർണ വിരാമമാവുകയാണ്. എന്ത് പോരായ്മ ഉണ്ടെങ്കിലും സംസ്ഥാന ധന സ്ഥിതിയെക്കുറിച്ചും ധനകാര്യത്തെ കുറിച്ചുമെല്ലാം പൊതുജന ചർച്ച ഉണ്ടാവുന്നത് നല്ലതാണ്. പക്ഷെ നമുക്ക് വേണ്ടത് വിവാദമല്ല, സംവാദമാണ്. ഈ സംവാദത്തിലേക്ക് എന്റെ സംഭാവനയായി കേരളത്തിന്റെ ഇന്നത്തെ ധന സ്ഥിതിയെക്കുറിച്ച് നിലവിലുള്ള ചില മിഥ്യാ ധാരണകളെ ഞാൻ തിരുത്തട്ടെ.

**കടക്കെണി**

2. മിഥ്യാധാരണ ഒന്ന്: '**കേരളം കടക്കെണിയിലാണ്**'. തെറ്റ്. 31.3.2005 ൽ കേരളത്തിന്റെ കടബാധ്യത 41878 കോടി രൂപയായിരുന്നു. ഇത് അന്നത്തെ സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ 39.1 ശതമാനം വരും. 31.3.2007 ൽ സംസ്ഥാനത്തിന്റെ കടബാധ്യത 49875 കോടി രൂപയായി ഉയർന്നു. എന്നാൽ സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ ശതമാനമായി കണക്കാക്കുമ്പോൾ കടബാധ്യതയുടെ തോത് 37.6 ശതമാനം ആയി താഴ്ന്നു. 2003–04 ൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 317 ശതമാനം ആയിരുന്ന കടബാധ്യത ഇന്നിപ്പോൾ 274 ശതമാനമായി കുറഞ്ഞതായി കാണാം. സംസ്ഥാന ആഭ്യന്തര വരുമാനം ഇപ്പോൾ ഏതാണ്ട് 12 ശതമാനം വീതമാണ് ഉയരുന്നത്. നമ്മുടെ കടത്തിന്റെ ശരാശരി പലിശ നിരക്കാവട്ടെ 8.75 ശതമാനമേ വരൂ. കടത്തിന് നൽകേണ്ടിവരുന്ന പലിശ നിരക്ക് സംസ്ഥാന വരുമാന വളർച്ചാ നിരക്കിനേക്കാൾ ഉയർന്നതാണെങ്കിൽ മാത്രമേ സംസ്ഥാനം കടക്കെണിയിലേക്ക് നീങ്ങുന്നുവെന്ന് പറയാനാവൂ എന്നാണ് സാമ്പത്തിക ശാസ്ത്രം പഠിപ്പിക്കുന്നത്. കേരളം കടക്കെണിയിലേക്കല്ല നീങ്ങുന്നത്. കടക്കെണിയിൽനിന്ന് കരകയറിക്കൊണ്ടിരിക്കുകയാണ്.

## നാട്ടിൽനിന്നുള്ള വായ്പ

3. മിഥ്യാധാരണ രണ്ട് : 'നമ്മുടെ സംസ്ഥാനത്ത് സഹകരണ ബാങ്കുകളിലും വാണിജ്യ ബാങ്കുകളിലും മിച്ചമുള്ള പണം സംസ്ഥാന സർക്കാരിന് ഇഷ്ടംപോലെ വായ്പ എടുക്കാനാകും.' ഇത് ഏതാണ്ട് സാർവ്വത്രികമായിട്ടുള്ള തെറ്റിദ്ധാരണയാണ്. ബാങ്കുകളിൽനിന്നും മറ്റ് ആഭ്യന്തര ഏജൻസികളിൽനിന്നും എത്ര വായ്പ എടുക്കാമെന്നത് വർഷാദ്യംതന്നെ കേന്ദ്ര സർക്കാരാണ് നിശ്ചയിക്കുന്നത്. അതിനപ്പുറം വായ്പയെടുക്കാൻ സംസ്ഥാന സർക്കാരിന് ഭരണഘടന അനുവാദം നൽകുന്നില്ല. ഈ ആഭ്യന്തര വായ്പാ പരിധിക്ക് പുറമെയാണ് സംസ്ഥാന സർക്കാർ വിദേശ ഏജൻസികളിൽനിന്ന് എടുക്കുന്ന വായ്പ. അവ വേണ്ടെന്നുവെച്ചാൽ പകരം ആഭ്യന്തരമായി വേറെ വായ്പ എടുക്കാനാവില്ല. കേന്ദ്ര സർക്കാരാവട്ടെ ഇതിനകം തുടങ്ങിവെച്ച വിദേശ വായ്പകളല്ലാതെ പുതുതായി ഒരു വിദേശ വായ്പയ്ക്കും കേരളത്തിന് അർഹതയില്ല എന്ന നിലപാട് സ്വീകരിച്ചുകഴിഞ്ഞു. എന്തായാലും വിദേശ വായ്പകളോട് ബന്ധപ്പെട്ടു കിടക്കുന്ന ചരടുകളെക്കുറിച്ച് അതീവ ജാഗ്രത പുലർത്തിക്കൊണ്ടാണ് ഇതു സംബന്ധിച്ചുള്ള തീരുമാനങ്ങൾ സംസ്ഥാന സർക്കാർ എടുത്തിട്ടുള്ളത്.

## നികുതി വരുമാനം

4. മിഥ്യാധാരണ മൂന്ന് : 'കേരളത്തിന്റെ നികുതിവരുമാനം വർധിക്കുന്നില്ല.' ഇത് സംസ്ഥാനത്തെ കടക്കെണിയിലാക്കുന്നതിന് ബോധപൂർവ്വം സ്വീകരിക്കുന്ന ഉപായമാണെന്നുവരെ സമീപകാലത്ത് ചിലർ വ്യാഖ്യാനിക്കുകയുണ്ടായി. വസ്തുതകൾ നേരെ മറിച്ചുള്ള ചിത്രമാണ് നൽകുന്നത്. 2006-07ൽ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം 22.1 ശതമാനം ഉയർന്നു. 2007-08 ൽ 17.8 ശതമാനം വർദ്ധന പ്രതീക്ഷിക്കുന്നു. ഇതിനു മുമ്പുള്ള മൂന്ന് വർഷം 9 മുതൽ 11 ശതമാനം വരെ മാത്രമാണ് പ്രതിവർഷം തനതു നികുതി വരുമാനം ഉയർന്നത്. വാറ്റ് നികുതി വരുമാനം 2006-07ൽ 52 ശതമാനം ഉയർന്നു. നടപ്പു വർഷത്തിൽ 13 ശതമാനമെങ്കിലും വർധനയുണ്ടാകും. കേരളത്തിന്റെ നികുതി ബോയൻസി കുറേ വർഷങ്ങളായി 1.1 നു താഴെയാ

ണ്. എന്നുവെച്ചാൽ, ഒരു ശതമാനം സംസ്ഥാന ആഭ്യന്തര വരുമാനം ഉയരുമ്പോൾ നികുതി വരുമാനത്തിൽ 1.1 ശതമാനമോ അതിൽ താഴെയോ മാത്രമേ വർധന ഉണ്ടാകുന്നുള്ളൂ. എന്നാൽ 2006-07ൽ ടാക്സ് ബോയൻസി 2.1 ആയി ഉയർന്നു. ചുരുക്കത്തിൽ കേരള ത്തിലെ നികുതി വരുമാന വർധന ഒരു പുതിയ വിതാനത്തിലേക്ക് ഉയർന്നിരിക്കുകയാണ്.

**നികുതി കുടിശ്ശിക**

5. മിഥ്യാധാരണ നാല് : 'സംസ്ഥാനത്തിന് പതിനായിരക്കണക്കിന് രൂപ നികുതി കുടിശ്ശികയായി പിരിയാനുണ്ട്. അത് പിരിച്ചെടുക്കാനായാൽ സാമ്പത്തിക ഞെരുക്കം പരിഹരിക്കാം.' ഇത് അതിശയോക്തിപരമാ ണ്. സംസ്ഥാനത്തിന്റെ നികുതി കുടിശ്ശിക 4280 കോടി രൂപ മാത്രമാ ണ്. ഇതിൽ 1600 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടി ശ്ശികയാണ്. 1900 കോടി രൂപ കോടതിയുടെയും മറ്റും സ്റ്റേയിലാണ്. ഉടനെ പിരിക്കാൻ കഴിയുന്ന കുടിശ്ശിക 773 കോടി രൂപ മാത്രമാണ്. കോടതി കേസുകൾ ദ്രുതഗതിയിൽ നടത്തിയും സർക്കാർ സ്റ്റേകൾ കുറച്ചും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് ശ്രമിച്ചുകൊണ്ടി രിക്കുകയാണ്. ഇതിന് ഫലവും കണ്ടുതുടങ്ങിയിട്ടുണ്ട്. 2005-06ൽ 103 കോടി രൂപയായിരുന്നു കുടിശ്ശിക പിരിച്ചത്. 2006-07ൽ അത് 148 കോടി രൂപയായി ഉയർന്നു. അടുത്ത വർഷം ഊർജ്ജിത കുടിശ്ശിക പിരിവു വർഷമായി ആചരിക്കാൻ പോവുകയാണ്.

**പലിശഭാരം**

6. മിഥ്യാധാരണ അഞ്ച് : 'നമ്മൾ നാൾക്കുനാൾ വർധിച്ചുവരുന്ന പലിശ ഭാരത്താൽ മുടിഞ്ഞുകൊണ്ടിരിക്കുകയാണ്.' പലിശയുടെ ഗതിയിൽ സമീപകാലത്ത് മാറ്റം വന്നത് പലർക്കും അറിയില്ല. മൊത്തം റവന്യൂ ചെലവിൽ പലിശയുടെ വിഹിതം തുടർച്ചയായി ഉയർന്നുവന്ന് 2003-04 ൽ 21.48 ശതമാനം വരെയെത്തി. എന്നാൽ അതിനുശേഷം ഈ തോത് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 2007-08ൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം ഇത് 17.9 ശതമാനമേ വരൂ. ഇതിലുപരി കേരളത്തിന്റെ പ്രൈമറി റവന്യൂ കമ്മി ഇന്ന് പ്രൈമറി മിച്ചമായി മാറിയിരിക്കുന്നു. റവന്യൂ കമ്മിയിൽ നിന്ന് പലിശ കിഴിച്ചാൽ കിട്ടുന്നതാണ് പ്രൈമറി റവന്യൂ കമ്മി അല്ലെങ്കിൽ മിച്ചം. പലിശ റവന്യൂ ചെലവിന്റെ ഏതാണ്ട് അഞ്ചിലൊന്ന് വരുമെന്ന് കണ്ടല്ലോ. മുമ്പ് വാങ്ങിയ കടത്തിന് പലിശ

കൊടുത്തേ തീരൂ. നമുക്ക് ഇക്കാര്യത്തിൽ മറ്റൊന്നും ചെയ്യാനാവില്ല. അതുകൊണ്ടാണ് റവന്യൂ കമ്മിയിൽ നിന്ന് പലിശ കിഴിക്കുന്നത്. അപ്പോൾ നടപ്പു വർഷത്തെ റവന്യൂ വരവു ചെലവുകളുടെ അസ്സൽ കമ്മിഭാരം എത്രയെന്ന് മനസ്സിലാക്കാം. കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി കേരളം പ്രൈമറി കമ്മിയിലായിരുന്നു. 2006-07ൽ പ്രൈമറി മിച്ചം 1552 കോടി രൂപ വരും.

**കമ്മി**

7. മിഥ്യാധാരണ ആറ് : 'കേരളത്തിന്റെ കമ്മി പെരുകിക്കൊണ്ടിരിക്കുന്നു.' ഇതും വസ്തുതകൾക്ക് നിരക്കുന്നതല്ല. 2002-03ൽ റവന്യൂ കമ്മി സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ 4.77 ശതമാനമായിരുന്നു. എന്നാൽ 2006-07ൽ റവന്യൂ കമ്മി 1.99 ശതമാനം മാത്രമാണ്. ധനകമ്മിയാവട്ടെ 2002-03ൽ 5.78 ശതമാനമായിരുന്നത് 2006-07ൽ 2.88 ശതമാനമായി താഴ്ന്നിരിക്കുകയാണ്. 2004-05ൽ പോലും എടുക്കുന്ന വായ്പയുടെ 82 ശതമാനം റവന്യൂ കമ്മി നികത്തുന്നതിനാണ് ഉപയോഗിച്ചത്. 2006-07ൽ ഈ തോത് 69 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. 2007-08ൽ കമ്മിയുടെ ഈ തോതുകൾ ഉയരും. ഇത് ബോധപൂർവ്വമുള്ള ഒരു നയത്തിന്റെ ഭാഗമാണ്. പഴയ കുടിശ്ശിക പരമാവധി കൊടുത്തു തീർക്കുന്നതിന് നടപ്പുവർഷം ശ്രമിച്ചിട്ടുണ്ട്. ഇത് ഭാവിയിൽ ഗുണം ചെയ്യും. ഇടക്കാല ധന സ്ഥിരീകരണ തന്ത്രം സംബന്ധിച്ച് ബഡ്ജറ്റിനോടൊപ്പം നൽകിയ രേഖ പരിശോധിച്ചാൽ 2010-11 ആകുമ്പോഴേക്കും റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനും ധനകമ്മി പൂർണമായും നിയന്ത്രണാധീനമാക്കുന്നതിനും കഴിയും എന്ന് വ്യക്തമാണ്.

**പദ്ധതി ചെലവ്**

8. മിഥ്യാധാരണ ഏഴ് : 'കേരളത്തിലെ പദ്ധതി ചെലവ് കുറയുന്നു.' ഇതും ഒരു തെറ്റിദ്ധാരണയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പണം മുൻ കാലങ്ങളിൽ പദ്ധതിയുടെ ഭാഗമായിട്ടാണ് നൽകിയിരുന്നത്. എന്നാൽ ഇപ്പോൾ പദ്ധതിയേതര ഗ്രാന്റായിട്ടാണ് നൽകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന വിദ്യുച്ഛക്തി വകുപ്പും ചെലവാക്കുന്ന പദ്ധതി തുകകൾ കൂടി കണക്കിലെടുത്താൽ 2005-06 ൽ 3911 കോടി രൂപ പദ്ധതി ചെലവുണ്ടായിരുന്ന സ്ഥാനത്ത് 2006 - 07 ൽ 4785 കോടി രൂപ ചെലവാക്കിയതായി കാണാം. എന്നാൽ കേരളത്തിലെ പദ്ധതി അടങ്ക

ലിന്റെ വളർച്ച മറ്റു പല സംസ്ഥാനങ്ങളേക്കാൾ താഴ്ന്ന തോതിലാണ്. പക്ഷേ ഇക്കാര്യത്തിലും യാഥാർഥ്യബോധത്തോടെയുള്ള വിലയിരുത്തൽ സ്വീകരിക്കേണ്ടതുണ്ട്. മറ്റു പല സംസ്ഥാനങ്ങളേക്കാൾ സാമൂഹ്യ ക്ഷേമ ചെലവുകൾ കേരളത്തിൽ ഉയർന്നതാണ്. ഇവയ്ക്കു വേണ്ടി വരുന്ന വികസന ചെലവിൽ നല്ല പങ്കും പദ്ധതിക്ക് പുറത്താണ് കണക്കിൽ വരിക. ആവർത്തന വികസന ചെലവുകൾ കുറച്ച് പദ്ധതിയുടെ വലിപ്പം കൂട്ടുന്നതിൽ അർത്ഥമില്ല.

## പണം ചെലവാക്കുന്നതിന് നിയന്ത്രണമോ?

9. മിഥ്യാധാരണ എട്ട് : 'ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പദ്ധതി പണം ചെലവാക്കാനാകാത്തത് പണമില്ലാത്തതുകൊണ്ടാണ്, അല്ലെങ്കിൽ നൽകാത്തതുകൊണ്ടാണ്.' ഇതു സംബന്ധമായി ധനവകുപ്പിനെ പലരും വിമർശിക്കാറുണ്ട്. അംഗീകൃത പദ്ധതി നടപ്പാക്കുന്നതിന് പണം ഒരു തടസ്സമായിട്ടില്ല. 2006-07 ലെ പദ്ധതിയടങ്കൽ 6690 കോടി രൂപയാണ്. ഇതിൽ 1905 കോടി രൂപ ചെലവാക്കിയില്ല (ഇത് ഒറ്റപ്പെട്ട പ്രതിഭാസമല്ല. പത്താം പദ്ധതിക്കാലത്ത് മൊത്തത്തിൽ ഏതാണ്ട് അടങ്കലിനേക്കാൾ 30 ശതമാനം കുറവാണ് പദ്ധതി ചെലവ്). ചെലവാകാത്ത 1905 കോടി രൂപയിൽ 79 ശതമാനം പുറത്തുനിന്നുള്ള ഏജൻസികൾ തരുന്ന വായ്പയോ ഗ്രാന്റോ ആണ്. ചെലവായാലേ ആ പണം ഏജൻസികളിൽനിന്ന് റീ ഇംബേഴ്സ് ചെയ്ത് വാങ്ങാനാവൂ. പണം ഉണ്ടായിട്ടും ഫലപ്രദമായി ചെലവഴിക്കുന്നതിന് നമ്മുടെ ഭരണ സംവിധാനത്തിന് കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. 2007-08 വർഷത്തിൽ പദ്ധതി പണം ചെലവഴിക്കുന്നതു സംബന്ധിച്ച് യാതൊരു വിധത്തിലുള്ള ട്രഷറി നിയന്ത്രണങ്ങളും ഉണ്ടായിരുന്നില്ല. തർക്കമുണ്ടാവുക ബഡ്ജറ്റിൽ ഉൾപ്പെടുത്താത്ത പുതിയ സ്കീമുകൾക്ക് പണം വേണ്ടിവരുമ്പോഴാണ്. നിശ്ചയമായും നിശിതമായ പരിശോധന ഇക്കാര്യത്തിൽ അനിവാര്യമാണ്. ചുവപ്പുനാടയും ദൗർബല്യങ്ങളും ഇല്ലെന്നല്ല. അവ പരിഹരിക്കുന്നതിന് ചില ഭരണ പരിഷ്ക്കാരങ്ങൾ ഈ ബഡ്ജറ്റിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. അതിലേക്ക് ഞാൻ പിന്നീട് വരാം.

## ധന മാനേജ്മെന്റ്

10. മിഥ്യാധാരണ ഒമ്പത് : 'സംസ്ഥാനത്തെ ധനമാനേജ്മെന്റ് കാര്യക്ഷമമല്ല. ട്രഷറി ഭൂരിപക്ഷം ദിവസങ്ങളിലും വെയിസ് ആന്റ് മീൻസ് കമ്മി

യിലായിരുന്നു. അതായത് ദൈനംദിന ചെലവുകൾക്കുവേണ്ടി ട്രഷറിക്ക് റിസർവ് ബാങ്കിൽനിന്ന് താത്ക്കാലികമായി കടമെടുക്കേണ്ടിവരുന്നു. കേരളം പലതവണ ഓവർ ഡ്രാഫ്റ്റിലായി. വിരലിലെണ്ണാവുന്ന സംസ്ഥാനങ്ങളേ ഈ നിലയിലുള്ളൂ.' വിമർശകർ വിസ്മരിക്കുന്ന വസ്തുത ഇതാണ്. 2006-07ൽ 52 ദിവസമേ ഓവർഡ്രാഫ്റ്റിലായിരുന്നുള്ളൂ. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇത് വളരെ താഴ്ന്നതാണ്. മുൻകാലത്തെ അപേക്ഷിച്ച് ട്രഷറിയുടെ ദൈനംദിന കമ്മി താഴ്ത്തി നിർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. പക്ഷേ ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മറ്റു സംസ്ഥാനങ്ങളെപ്പോലെ ട്രഷറിയിൽ മിച്ചപണം ഉണ്ടാക്കി കേന്ദ്ര സർക്കാരിന്റെ സെക്യൂരിറ്റികളിൽ നിക്ഷേപിക്കുവാൻ ആഗ്രഹിക്കുന്നില്ല. ജനങ്ങൾക്ക് പരമാവധി ആനുകൂല്യങ്ങളും സമാശ്വാസങ്ങളും നൽകുക എന്നുള്ളതാണ് കേരള സർക്കാരിന്റെ ലക്ഷ്യം. അതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി താരതമ്യേന ഉയർന്ന ട്രഷറി വെയിസ് ആന്റ് മീൻസ് കമ്മിയുള്ള സംസ്ഥാനമായി കേരളം തുടരുന്നു. ഇത് ബോധപൂർവ്വം സ്വീകരിച്ചിട്ടുള്ള ധനമാനേജ്മെന്റിന്റെ ഭാഗമാണ്. എന്നാൽ ഇതുമൂലം ആകസ്മികമായ ട്രഷറി സ്തംഭനം എന്ന അപകടം ഉണ്ടാകില്ല എന്നുറപ്പുവരുത്താൻ 2007-08 ൽ കൺസോളിഡേറ്റഡ് സിങ്കിംഗ് ഫണ്ടിലേക്ക് പണം നിക്ഷേപിച്ച് കേരളത്തിന്റെ വെയിസ് ആന്റ് മീൻസ് പരിധി 360 കോടി രൂപയിൽനിന്ന് 615 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

11. സർ, ഇത്രയും വിശദീകരിച്ചതിനർത്ഥം കേരള സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പൂർണ്ണമായും ഭദ്രമായി എന്നല്ല. നിലവിൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന കാര്യങ്ങൾ സുഗമമായി ചെയ്യുന്നതിനുള്ള ധനപരമായ മാനേജ്മെന്റ് കാര്യക്ഷമമായി നടക്കുന്നു എന്നു മാത്രമേയുള്ളൂ. എന്നാൽ ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്യുന്നതിന് നമുക്ക് കഴിയുന്നില്ല. കേരളത്തിന്റെ ഇന്നത്തെ വികസന സാധ്യതകളെ ഉപയോഗപ്പെടുത്തണമെങ്കിൽ വലിയതോതിൽ പണം മുടക്കേണ്ടിയിരിക്കുന്നു. ഇന്നത്തേക്കാൾ വലിയ പദ്ധതി കൂടിയേതീരൂ. അതിനു നാം തയ്യാറായാൽ ഞാൻ ഇതുവരെ വിവരിച്ച ധനകാര്യ പ്രവണതകൾ പലതും പ്രതികൂലമാകും. ഈ പശ്ചാത്തലത്തിൽ കൂടുതൽ വലിയ പദ്ധതി എന്ന ലക്ഷ്യം എങ്ങനെയാണ് കൈവരിക്കാനാകുക?

**കേന്ദ്ര ധനസഹായം**

12. ഏറ്റവും പ്രധാനപ്പെട്ട കാര്യം കേന്ദ്ര സർക്കാരിൽനിന്ന് കൂടുതൽ ധനസഹായം ഉറപ്പുവരുത്തുക എന്നതാണ്. പത്താം ധനകാര്യ കമ്മീഷനിൽ കേന്ദ്ര നികുതി വരുമാനത്തിന്റെ 3.9 ശതമാനം ലഭിച്ച കേരളത്തിന് കഴിഞ്ഞ പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ 2.7 ശതമാനമേ നൽകിയുള്ളൂ. ഈ ഇടിവുമൂലം കേരളത്തിന് 2100 കോടിരൂപ നഷ്ടമാണ് പ്രതിവർഷം ഇപ്പോൾ ഉണ്ടാകുന്നത്. പതിമൂന്നാം ധനകാര്യ കമ്മീഷനിൽനിന്ന് കൂടുതൽ മെച്ചപ്പെട്ട വിഹിതം വാങ്ങുന്നതിനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചു കഴിഞ്ഞു. കേരളത്തിന് കൂടുതൽ ഉയർന്ന വിഹിതം ഉറപ്പുവരുത്താൻ ശ്രമിക്കുന്നതോടൊപ്പം സംസ്ഥാനങ്ങൾക്ക് മൊത്തത്തിൽ കൂടുതൽ ധനസഹായം ഉറപ്പുവരുത്തേണ്ടതുണ്ട്. ധനസഹായത്തെ സംബന്ധിച്ച കേന്ദ്ര നയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഒരു ഉപാധിയാക്കി കേന്ദ്ര ഫിനാൻസ് കമ്മീഷനെ മാറ്റുന്നതിനുള്ള പ്രവണതയും ശക്തിപ്പെടുകയാണ്. ഇതിന്റെ പശ്ചാത്തലത്തിലാണ് തിരുവനന്തപുരത്തു വെച്ച് മെയ് 5, 6 തീയതികളിൽ സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ സമ്മേളനത്തിന് ആതിഥേയത്വം വഹിക്കുന്നതിന് നാം തീരുമാനിച്ചിട്ടുള്ളത്.

13. പ്ലാനിംഗ് കമ്മീഷൻ പതിനൊന്നാം പഞ്ചവത്സര പദ്ധതിക്ക് അന്തിമ രൂപം നൽകിക്കഴിഞ്ഞു. മൊത്തം പദ്ധതി അടങ്കലിൽ ഗണ്യമായ വർദ്ധന വരുത്തിയിട്ടുണ്ടെങ്കിലും അതിൽ സംസ്ഥാനങ്ങൾക്ക് ആപേക്ഷികമായി തിരിച്ചടിയാണുണ്ടായത്. പത്താം പദ്ധതിക്കാലത്ത് കേന്ദ്ര പദ്ധതി ബഡ്ജറ്റിന്റെ 26.4 ശതമാനം സംസ്ഥാന ധനസഹായമായിരുന്നെങ്കിൽ പതിനൊന്നാം പദ്ധതിയിൽ അത് 22.8 ശതമാനമായി കുറഞ്ഞിരിക്കുന്നു. മൊത്തം സംസ്ഥാനങ്ങളുടെ പദ്ധതി അടങ്കലിന്റെ 35.1 ശതമാനം പത്താം പദ്ധതിയിൽ കേന്ദ്ര ധനസഹായമായി ലഭിച്ചിരുന്നെങ്കിൽ പതിനൊന്നാം പദ്ധതിയിൽ അത് 21.8 ശതമാനമായി താണിരിക്കുന്നു. ഇതിലുപരി നമ്മളിൽ ആശങ്കയുണ്ടാക്കുന്ന കാര്യം കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് നൽകിയിരിക്കുന്ന ഊന്നലാണ്. ഏതാണ്ട് 1.2 ലക്ഷം കോടി രൂപ സംസ്ഥാനങ്ങൾക്ക് നേരിട്ടുള്ള ധനസഹായമായി നൽകുമ്പോൾ ഏതാണ്ട് രണ്ടുലക്ഷം കോടി രൂപയാണ് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ചെലവഴിക്കുന്നത്.

14. കേന്ദ്രാവിഷ്കൃത സ്കീമുകളുടെ അതിപ്രസരം ഉയർത്തുന്ന മറ്റൊരു പ്രശ്നം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതാണ്. ഈ സ്കീമുകൾ പലതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള വിഷയ പരിധിയിലാണ് വരിക. അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് വാചാലമാകുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ടുന്ന പ്രവൃത്തികൾ ദൽഹിയിൽ നിന്ന് ആസൂത്രണം നടത്തുകയും ചെയ്യുന്നത് വിരോധാഭാസമാണ്. ഇത്തരം സ്കീമുകളുടെ തുക ഏതാണ്ട് 60,000 കോടി വരുമെന്നാണ് കണക്കാക്കപ്പെടുന്നത്. അതേസമയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റായി കേന്ദ്രസർക്കാർ നൽകുന്നത് 5000 കോടിയേ വരൂ. ഈ ഗ്രാന്റുതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ടു നൽകുന്നതിനാണ് പുതിയ ഫിനാൻസ് കമ്മീഷന്റെ പുറപ്പാട്. കേന്ദ്ര ഗ്രാമ വികസന വകുപ്പാകട്ടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും മറികടന്ന് സന്നദ്ധ സംഘടനകൾവഴി തങ്ങളുടെ ഭീമമായ വാർഷിക പദ്ധതി നടപ്പിലാക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ്. അത്യന്തം വിനാശകരമായ നയങ്ങളാണ് കേന്ദ്ര സർക്കാർ കൈക്കൊള്ളുന്നത്. ഫെഡറൽ സംവിധാനത്തിനും അധികാര വികേന്ദ്രീകരണത്തിനുമെതിരായ ഈ കുത്സിത നീക്കങ്ങൾക്കെതിരെ ശക്തമായ പ്രതിഷേധം ഉയർന്നുവരേണ്ടിയിരിക്കുന്നു.

**ബദൽ സമീപനം**

15. റവന്യൂ കമ്മി ഇല്ലാതാക്കണമെന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാടിനോട് നമുക്ക് യോജിപ്പാണ്. ഈ ലക്ഷ്യം നേടുന്നതിന് കുറച്ചുകൂടി സാവകാശം വേണമെന്നു മാത്രമാണ് നാം പറയുന്നത്. എന്നാൽ റവന്യൂ കമ്മി ഇല്ലെങ്കിൽ അതായത്, നിത്യനിദാന ചെലവുകൾക്ക് വേണ്ടിയല്ല വായ്പെടുക്കുന്നതെങ്കിൽ, പിന്നെ എന്തിന് അത് തടസ്സപ്പെടുത്തണം? വികസനത്തിനാവശ്യമായ വായ്പ കടമെടുക്കാൻ അനുവാദം ഉണ്ടാകണം. ധനകമ്മി ഏതെങ്കിലും രേഖയിൽവെച്ച് യാന്ത്രികമായി നിയന്ത്രിക്കുന്നതിനോട് നമുക്ക് യോജിപ്പില്ല. ഇക്കാര്യങ്ങളെല്ലാം മനസിൽവെച്ചുകൊണ്ട്, എന്നാൽ അതേസമയം നമ്മുടെ ഫെഡറൽ ധന സംവിധാനത്തിന്റെ പരിമിതികൾ ഉൾക്കൊണ്ടുകൊണ്ട്, ധന ഉത്തരവാദിത്വ നിയമം അടിയന്തിരമായി ഭേദഗതി ചെയ്യുന്നതാണ്.

16. എന്നാൽ കേന്ദ്ര സർക്കാർ ധനകമ്മിയുടെ കാര്യത്തിൽ എന്തെങ്കിലും ഇളവു തരുമെന്ന് പ്രതീക്ഷിക്കുന്നില്ല. കാരണം അവർ ഉയർത്തിപ്പിടിക്കുന്ന ആദർശം സാമ്പത്തിക മേഖലയിൽ സർക്കാരിന്റെ പ്രാധാന്യം വെട്ടിച്ചുരുക്കുക എന്നതാണ്. കടമെടുത്ത് വികസനം നടത്തേണ്ടതില്ല; ഉള്ളവരുമാനത്തിൽ ഒതുങ്ങിനിന്നാൽ മതി എന്നതാണ് അവരുടെ ചിന്താഗതി. ധന ഉത്തരവാദിത്വ നിയമപ്രകാരം 3 ശതമാനം ധനകമ്മി അനുവദനീയമാണെങ്കിലും 2008–09 ലെ കേന്ദ്ര ബഡ്ജറ്റിൽ അത് 2.5 ശതമാനമായി പരിമിതപ്പെടുത്താനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചത്. ഈ പശ്ചാത്തലത്തിൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ ഊർജ്ജിതമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. അതുപോലെ തന്നെ കൂടുതൽ വായ്പയെടുക്കാൻ പര്യാപ്തമാകുംവിധം പൊതുമേഖലാ സ്ഥാപനങ്ങളുടെ ബാലൻസ് ഷീറ്റ് വെടിപ്പാക്കുന്നതിന് ഒരു ഊർജ്ജിത പരിപാടി ആവിഷ്ക്കരിക്കണം. ഇതിനെല്ലാമുള്ള നിർദ്ദേശങ്ങൾ ഞാൻ പിന്നീട് വിശദീകരിക്കുന്നതാണ്.

17. കേന്ദ്ര സർക്കാരിന്റെ പൊതു ധനചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് പ്രവർത്തിക്കുന്ന വേളയിൽതന്നെ ധനകാര്യത്തിൽ സംസ്ഥാന സർക്കാർ മുന്നോട്ടുവെക്കുന്ന ഇടതുപക്ഷ ജനാധിപത്യ ബദലിനെക്കുറിച്ചാണ് ഞാനിതുവരെ സംസാരിച്ചത്. ഇതുപോലെതന്നെ മറ്റെല്ലാ മേഖലകളിലും ഇടതുപക്ഷ കാഴ്ചപ്പാടിനടിസ്ഥാനമാക്കി ബദൽ സമീപനങ്ങൾ കരുപ്പിടിപ്പിക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആഗോളവത്ക്കരണ സാമ്പത്തിക നയങ്ങൾ ഭൂരിപക്ഷം ജനങ്ങളെയും പാപ്പരാക്കുന്നുവെന്നു മാത്രമല്ല, ദീർഘനാളിൽ അന്തർദ്ദേശീയ ഫിനാൻസ് മൂലധനത്തിന്റെ കളിപ്പാട്ടമാക്കി നമ്മെ മാറ്റുകയും ചെയ്യും. സാമ്പത്തിക ആശ്രിതത്വം നമ്മുടെ വിദേശ നയത്തെപ്പോലും സ്വാധീനിച്ചു തുടങ്ങി. ആഗോളമായി പശ്ചിമേഷ്യയിൽ അമേരിക്കക്കെതിരെയുള്ള നീക്കം ശക്തിപ്പെടുകയും ലത്തീനമേരിക്കയിൽ സാമ്രാജ്യവിരുദ്ധ വേലിയേറ്റം ഉണ്ടാവുകയും ചൈനയുടെയും റഷ്യയുടെയും വളർച്ച ഏകധ്രുവ ലോകത്തിന് വിള്ളലുകൾ വീഴ്ത്തുകയും ചെയ്യുന്ന കാലയളവിലാണ് അമേരിക്കയുമായി തന്ത്രപരമായ ബന്ധത്തിന് ഇന്ത്യ സർക്കാർ കച്ച

കെട്ടിയിറങ്ങിയിരിക്കുന്നത്. ഇപ്പോൾ ഏറ്റവും അവസാനം പാലസ്തീൻ ജനകീയ ചെറുത്തുനിൽപ്പുകളെ അടിച്ചമർത്തുന്നതിന് ഇസ്രയേലിന്റെ ചാര ഉപഗ്രഹം ഇന്ത്യയിൽനിന്ന് വിക്ഷേപിക്കുന്നതുവരെ കാര്യങ്ങളെത്തി നിൽക്കുകയാണ്. വർഗ്ഗീയ ബൂർഷ്വാ പ്രതിപക്ഷത്തിനും ഈ നയങ്ങളോട് യോജിപ്പാണ്. ഈ പശ്ചാത്തലത്തിലാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ബദൽ നയം രൂപീകരിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിന് പ്രസക്തിയേറുന്നത്.

### വികസന തന്ത്രം

18. കേരളത്തിന്റെ വികസനത്തെക്കുറിച്ച് വളരെ സുവ്യക്തമായ കാഴ്ചപ്പാട് ഈ സർക്കാരിനുണ്ട്. സംസ്ഥാനത്തെ സാമ്പത്തിക ഉല്പാദനത്തിൽ ഗണ്യമായ വർധന നേടാൻ കഴിയണം. ഇന്നത്തെ ഉയർന്ന സാമ്പത്തിക വളർച്ച മുഖ്യമായും ഉപഭോഗ സേവനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. സാമ്പത്തിക വളർച്ചയെ ഉല്പാദന വർധനയുമായി ബന്ധിപ്പിക്കണം. ഇതിന് നമ്മുടെ ഉല്പാദന തന്ത്രത്തിൽ ഒരു ചുവടുമാറ്റം വേണം. നമുക്ക് കൂടുതൽ മത്സരശേഷിയുള്ള ഐ.ടി. പോലുള്ള വിജ്ഞാന സാന്ദ്രമായ വ്യവസായങ്ങളെയും ടൂറിസംപോലുള്ള സേവനപ്രധാനമായ മേഖലകളെയും ലൈറ്റ് എഞ്ചിനിയറിംഗ്പോലുള്ള വൈദഗ്ധ്യാധിഷ്ഠിത തുറകളെയും നാം പ്രോത്സാഹിപ്പിക്കണം. ഈ മേഖലകളിൽ സ്വകാര്യ നിക്ഷേപത്തെ ആകർഷിക്കാൻ ഉതകുന്ന പശ്ചാത്തല സൗകര്യങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ സൃഷ്ടിക്കണം. കഴിഞ്ഞ സർക്കാരും ഇക്കാര്യം അംഗീകരിച്ചതാണ്. എന്നാൽ ഭൂരിപക്ഷം ജനങ്ങളുടെയും ഉപജീവന മേഖലകളായ കൃഷിയെയും പരമ്പരാഗത വ്യവസായങ്ങളെയും അവർ അവഗണിച്ചു. ഈ മേഖലകളുടെ തകർച്ച കൂട്ട ആത്മഹത്യകൾക്കും പ്രതിഷേധത്തിനും ഇടയാക്കി. ഞങ്ങളീ നയം തിരുത്തിയിരിക്കുകയാണ്. പാവങ്ങളുടെ പരിരക്ഷ ഉറപ്പുവരുത്താത്ത ഒരു വികസന പാതയും സാമൂഹ്യമായി കേരളത്തിന് സ്വീകാര്യമായിരിക്കില്ല എന്നത് വ്യക്തമാണ്. 2008-09 ബഡ്ജറ്റിലെ ഒരു പ്രത്യേകത ഈ നിലപാടിന് നൽകുന്ന പൂർണ പിന്തുണയാണ്.

## ഭാഗം 2

## വികസന പരിപാടികൾ

### ക്ഷേമ പ്രവർത്തനങ്ങൾ

#### ക്ഷേമ പെൻഷനുകൾ

19. സർ, എനിക്കൊരു സ്വപ്നമുണ്ട്. ക്ഷേമകാര്യങ്ങളിൽ നമുക്ക് പൈതൃകമായി വലിയ നേട്ടമാണ് ലഭിച്ചിട്ടുള്ളത്. ജനകീയ ഇടപെടലുകളിലൂടെ മഹാഭൂരിപക്ഷം പൗരന്മാർക്കും വിദ്യാഭ്യാസ-ആരോഗ്യ സൗകര്യങ്ങളും കിടപ്പാടവും ക്ഷേമ പെൻഷനുകളും അടുത്തകാലംവരെ മിനിമം ഭക്ഷണവും ഉറപ്പു വരുത്താൻ നമുക്ക് കഴിഞ്ഞു. ഈ നേട്ടങ്ങളെ നമുക്ക് മുന്നോട്ടുകൊണ്ടുപോകണം. ആഗോളവൽക്കരണത്തിന്റെ ഒരു സമ്മർദ്ദവും ഇവയെ തകർക്കാൻ അനുവദിക്കരുത്. നമ്മുടെ സംസ്ഥാനത്തെ പരമ ദരിദ്രർക്കും അഗതികൾക്കുമെല്ലാം ഈ ക്ഷേമ സൗകര്യങ്ങൾ ഉറപ്പുനൽകാൻ കഴിയണം. സാമൂഹ്യക്ഷേമ സൗകര്യങ്ങളുടെ ഗുണനിലവാരം ഉയർത്തണം. ഇവയെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു സമ്പൂർണ സാമൂഹ്യസുരക്ഷാ പദ്ധതി സൃഷ്ടിക്കണം. സാമൂഹ്യ സുരക്ഷയ്ക്ക് നാം ലോകത്തിന് പുതിയൊരു മാതൃകയാകണം.

20. നിലവിലുള്ള സാമൂഹ്യ സുരക്ഷാ സംവിധാനത്തിലെ ഏറ്റവും നിർണായക കണ്ണി സാമൂഹ്യ ക്ഷേമനിധികളും അവയിൽനിന്ന് ലഭ്യമാക്കുന്ന പെൻഷനുമാണ്. ധനമന്ത്രിയെന്ന നിലയിൽ ഞാനേറ്റവും അഭിമാനംകൊള്ളുന്ന നേട്ടമേതെന്നു ചോദിച്ചാൽ പെൻഷൻ കുടിശ്ശികകളെല്ലാം കൊടുത്തുതീർക്കാൻ കഴിഞ്ഞു എന്നതാണ്. സർ, 686 കോടി രൂപയാണ് കഴിഞ്ഞ രണ്ടുവർഷങ്ങളിലായി പാവങ്ങളുടെ പെൻഷൻ കൊടുക്കുന്നതിന് സർക്കാർ ചെലവഴിച്ചത്. ഇപ്പോൾ കുടിശ്ശികയെല്ലാം തീർന്നുകഴിഞ്ഞു. ഇനിയെന്താണു പരിപാടി? കഴിഞ്ഞ 2 പതിറ്റാണ്ടുകൊണ്ട് പെൻഷൻ 110-130 രൂപയിലേക്കെത്തിയിട്ടേയുള്ളൂ. ഇനി നമുക്ക് പെൻഷൻ തുക ഉയർത്തണം.

21. സർ, കേരളത്തിലെ കർഷക തൊഴിലാളികളുടെയും, മത്സ്യബന്ധനം, കയർ, കശുവണ്ടി, കൈത്തറി, ബീഡി, പനമ്പ്, ആർട്ടിസാൻ, കെട്ടിട നിർമ്മാണം തുടങ്ങിയ മേഖലകളിലെല്ലാം പണിയെടുക്കുന്ന ദശലക്ഷ

ക്കണക്കിന് വരുന്ന അസംഘടിത മേഖലകളിലെ തൊഴിലാളിക ളുടെയും പെൻഷൻ പ്രതിമാസം 200 രൂപയാക്കി വർദ്ധിപ്പിക്കുന്നു.

22. ഒരാൾക്ക് രണ്ട് പെൻഷന് അർഹതയുണ്ടാകില്ല. വിവിധ പെൻഷൻ ലിസ്റ്റുകൾ പരിശോധിച്ച് ആവർത്തനങ്ങൾ ഒഴിവാക്കി ഏകീകൃത ലിസ്റ്റിന് രൂപം നൽകുന്നതാണ്. ഈ പെൻഷനുകൾ ബാങ്കു മുഖേന എല്ലാ മാസവും ആദ്യം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാകുമ്പോഴേക്കും ഈ സ്കീമിന് അവസാന രൂപം നൽകാനാകും. പുതിയ പെൻഷൻ പദ്ധതി യിലേക്ക് വേണ്ടുന്ന അധികം പണം കണക്കാക്കിയതിനുശേഷം പ്രത്യേകമായി അനുവദിക്കുന്നതാണ്. എത്ര വലിയ സാമ്പത്തിക ഞെരുക്കമുണ്ടായാലും പാവങ്ങൾക്ക് കൊടുക്കാനുള്ളത് ഈ സർക്കാർ കൊടുക്കും.

23. ദാരിദ്ര്യ രേഖയ്ക്ക് കീഴിലുള്ള വയോജനങ്ങൾക്ക് കേന്ദ്ര സർക്കാ രിന്റെ പെൻഷൻ സ്കീമനുസരിച്ച് 250 രൂപ പെൻഷൻ നൽകും. നില ത്തെഴുത്ത് ആശാന്മാരെ ആർട്ടിസാൻ & സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഉൾപ്പെടുത്തി പെൻഷൻ അനുവദി ക്കുന്നതാണ്. കക്ക വാരൽ തൊഴിലാളികളെ മത്സ്യ ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകി പെൻഷൻ അനുവദിക്കുന്നതാണ്. അങ്കണവാടി ജീവനക്കാർക്ക് അവരുടെ ക്ഷേമനിധിയുടെ ഭാഗമായി പെൻഷൻ നൽകുന്നതാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ക്ഷേമ പദ്ധതികളിലേക്ക് 5 കോടി രൂപ അധികമായി അനുവദിക്കുന്നു.

## ആരോഗ്യ ഇൻഷുറൻസ്

24. പൊതു ആരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്തി ഏറ്റവും താഴ്ന്ന മുപ്പത് ശതമാനം പേർക്കെങ്കിലും സൗജന്യവും കാര്യക്ഷമവുമായ ചികിത്സ ഉറപ്പുവരുത്തണമെന്നതാണ് സംസ്ഥാനത്തിന്റെ പതി നൊന്നാം പദ്ധതിയുടെ സമീപനം. ഇതിനായി ദാരിദ്ര്യ രേഖയ്ക്കു കീഴിലായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആരോഗ്യ ഇൻഷുറൻസ് പരി പാടിയെ എങ്ങനെ പ്രയോജനപ്പെടുത്താം എന്നാണ് ചിന്തിക്കേണ്ടത്. സർ, കേന്ദ്രസർക്കാർ ദാരിദ്ര്യ രേഖയ്ക്ക് കീഴിലെന്ന് അംഗീകരിച്ചി ട്ടുള്ള മുഴുവൻ കുടുംബങ്ങൾക്കും ഈ വർഷം ആരോഗ്യ ഇൻഷു

റൻസ് ഏർപ്പെടുത്തുന്നതാണ്. ഇതിനായി 20 കോടി രൂപ ഞാൻ വകയിരുത്തുന്നു.

25. ആരോഗ്യ ഇൻഷുറൻസ് ദാരിദ്ര്യരേഖയ്ക്കു കീഴിലുള്ളവർക്കു മാത്രമായി പരിമിതപ്പെടുത്തിക്കൂടാ. താല്പര്യമുള്ള ഏതൊരാളെയും ഈ സ്കീമിൽ ഉൾപ്പെടുത്തണം. 'കേരളസമഗ്ര ആരോഗ്യ ഇൻഷുറൻസ്' എന്നൊരു പുതിയ സ്കീമിന് രൂപം നൽകുകയാണ്. കൊല്ലം, ആലപ്പുഴ ജില്ലകളിലാണ് ഇത് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത്. 'രാഷ്ട്രീയ സ്വാസ്ത്യ ബീമ യോജന സ്കീമി'നായി കേന്ദ്ര സർക്കാർ ഈ ജില്ലകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. 'കേരള സമഗ്ര ആരോഗ്യ ഇൻഷുറൻസ്' സ്കീമിന്റെ പ്രത്യേകത, മുഴുവൻ കുടുംബങ്ങൾക്കും ആരോഗ്യ ഇൻഷുറൻസ് നൽകുന്നു എന്നുള്ളതാണ്. കേന്ദ്രസർക്കാരിന്റെ ദാരിദ്ര്യ രേഖയ്ക്കു കീഴിൽവരുന്നവർക്ക് 30 രൂപ രജിസ്ട്രേഷൻ ഫീസ് നൽകിയാൽ മതി. പ്രീമിയമായ 750 രൂപ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സബ്സിഡിയായി നൽകും. സംസ്ഥാന സർക്കാരിന്റെ ദാരിദ്ര്യ രേഖയ്ക്കു കീഴിൽ വരുന്നവർ 100 രൂപ ഗുണഭോക്തൃ വിഹിതമായി നൽകണം. ബാക്കി പ്രീമിയം സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകും. ദാരിദ്ര്യ രേഖയ്ക്ക് മുകളിലാണെങ്കിൽ, കുടുംബാംഗങ്ങളിൽ ഒരാൾക്കുപോലും സംഘടിത മേഖലയിൽ തൊഴിലില്ലാതിരിക്കുകയും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുണ്ടായിരിക്കുകയും ചെയ്യുന്നവർക്ക് 500 രൂപയാണ് പ്രീമിയം; ബാക്കിയുള്ളവർ മുഴുവൻ പ്രീമിയവും അടക്കണം. ഈ സ്കീമിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത, പൊതു ആരോഗ്യ സംവിധാനത്തെ ആസ്പദമാക്കി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷുറൻസാണിതെന്നാണ്. കൺസൾട്ടേഷൻ ഫീ, ടെസ്റ്റുകളുടെ ഫീ, മുറിക്കോ കിടക്കക്കോ ഉള്ള വാടക, മരുന്ന് ഇവയൊക്കെ പൊതു ആരോഗ്യ സംവിധാനത്തെ അടിസ്ഥാനമാക്കിയായിരിക്കും രൂപം നൽകുക. ഈ നിരക്കിന് സേവനം നൽകാൻ സന്നദ്ധരായുള്ള സ്വകാര്യ ആശുപത്രികൾക്കും സ്കീമിൽ പങ്കാളികളാകാം. ഇപ്പോഴുള്ള കേന്ദ്ര സ്കീമിലെ ആനുകൂല്യങ്ങൾക്ക് പുറമെ ഒ.പി. ചികിത്സ, പ്രസവം, അപകടം തുടങ്ങിയവയ്ക്കുകൂടി പരിരക്ഷ നൽകുന്നതിന്

ശ്രമിക്കും. കേരള സമഗ്ര ആരോഗ്യ ഇൻഷുറൻസിനു വേണ്ടി 20 കോടി രൂപ ഞാൻ വകയിരുത്തുന്നു.

## കായികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർ

26. സർ, സാമൂഹ്യക്ഷേമത്തിനും സംരക്ഷണത്തിനും നമ്മുടെ സംസ്ഥാനത്തിന് ഏറെ പെരുമയുണ്ടെങ്കിലും കായികവും മാനസികവുമായ വെല്ലുവിളികളെ നേരിടുന്നവരോട് തികഞ്ഞ അവഗണനയാണ് പുലർത്തിവരുന്നത്. കായികമായ വെല്ലുവിളി നേരിടുന്ന കുട്ടികളിൽ 40 ശതമാനത്തിൽ താഴെ വൈകല്യമുള്ളവരെ സാധാരണ സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കാവുന്നതാണ്. ഇത്തരം കുട്ടികൾക്കായി സർവ്വ ശിക്ഷാ അഭിയാന്റെ ഭാഗമായി പ്രത്യേകം സൗകര്യങ്ങൾ ഏർപ്പെടുത്തിവരികയാണ്. 40 ശതമാനത്തിലേറെ കാഴ്ച-കേൾവിക്കുറവുള്ളവർക്ക് സ്പെഷ്യൽ സ്കൂളുകൾ ഉണ്ട്. എന്നാൽ മാനസിക വെല്ലുവിളികളെ നേരിടുന്ന കുട്ടികൾക്കുവേണ്ടി വളരെ പരിമിതമായ സൗകര്യങ്ങളേ ഉള്ളൂ. 308 സ്ഥാപനങ്ങളിലായി 16000 കുട്ടികൾക്കു മാത്രമേ ഔപചാരിക സൗകര്യങ്ങളുള്ളൂ. ഇതിൽ 162 സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇവയിൽ 50 എണ്ണത്തിനു മാത്രമാണ് ഇപ്പോൾ കേന്ദ്രസർക്കാരിൽനിന്ന് ധനസഹായം ലഭിക്കുന്നത്. നിലവിൽ അംഗീകാരമുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും ധനസഹായം നൽകുന്നതിലേക്കായി 10 കോടിരൂപ ഞാൻ അധികമായി വകയിരുത്തുന്നു.

27. സർക്കാർ/എയ്ഡഡ് സ്പെഷൽ സ്കൂളുകളിലെ കുട്ടികൾക്കുള്ള മെസ് അലവൻസ് പ്രതിമാസം 500 രൂപയിൽ നിന്ന് 750 രൂപയായി വർധിപ്പിക്കുന്നു. വാർഷിക ഡ്രസ് അലവൻസ് 500 രൂപയിൽ നിന്ന് 750 രൂപയായി വർധിപ്പിക്കുന്നു. അംഗവൈകല്യമോ ബുദ്ധിമാന്ദ്യമോ ഉള്ളവർക്കായുള്ള പെൻഷൻ 160 രൂപയിൽനിന്ന് 200 രൂപയായി വർധിപ്പിക്കുന്നു. ഇവയ്ക്കായ് 10 കോടി രൂപ അധികം വകയിരുത്തുന്നു. സുവർണ ജൂബിലി ആഘോഷിക്കുന്ന തിരുവനന്തപുരം ബ്ലൈന്റ് സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു. വിഭിന്ന കഴിവുകളുള്ളവർക്കുവേണ്ടി 'നിഷ്'ൽ ആരംഭിക്കുന്ന പ്രൊഫഷണൽ കോഴ്സുകൾക്ക് ഒറ്റത്തവണ സഹായധന

മായി 25 ലക്ഷം രൂപ അനുവദിക്കുന്നു. ഐക്കോണിന് 50 ലക്ഷം രൂപ അധികമായി അനുവദിക്കുന്നു.

28. മാനസികവും കായികവുമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് ധനസഹായം നൽകാൻ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സ്കീമാണ് 'കാരുണ്യ ഡെപ്പോസിറ്റ് സ്കീം'. ഇതുപ്രകാരം ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്യുന്ന ഓരോ ലക്ഷം രൂപയ്ക്കും പതിനയ്യായിരം രൂപവെച്ച് നിക്ഷേപകൻ പറയുന്ന സ്ഥാപനത്തിന് ധനസഹായം സർക്കാർ നൽകും. സ്കീമിന്റെ പരിധിയിൽ അനാഥാലയങ്ങളെയും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഏതെങ്കിലും സ്ഥാപനത്തിന് ഒരു കോടി രൂപ ട്രഷറിയിൽ സമാഹരിച്ചിടാൻ കഴിഞ്ഞാൽ 15 ലക്ഷം രൂപ സംസ്ഥാന സർക്കാർ സഹായമായി നൽകും. ഈ സാധ്യത ഫലപ്രദമായി ഉപയോഗപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇതോടൊപ്പം അനാഥാലയങ്ങളിലെ കുട്ടികൾക്ക് സർക്കാർ നൽകിവരുന്ന ധനസഹായത്തിൽ പ്രതിമാസം 50 രൂപ വർധന വരുത്തുന്നു. ഇതിലേക്കുള്ള അധികച്ചെലവായി 3 കോടി രൂപ ഞാൻ വകയിരുത്തുന്നു.

## <u>സാമൂഹ്യ സുരക്ഷാ മിഷൻ</u>

29. സംസ്ഥാനത്തെ കാൻസർ രോഗ ബാധിതരായ കുഞ്ഞുങ്ങൾക്കും ചികിത്സാ ധനസഹായം സർക്കാർ നൽകും. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ കുട്ടികൾക്കുള്ള കാൻസർ സുരക്ഷാ സ്കീമിന് നീക്കിവെച്ച തുക തികച്ചും അപര്യാപ്തമായിരുന്നു. ഇതിനായി ഈ വർഷം 15 കോടി രൂപ ട്രഷറിയിൽ കോർപ്പസ് ഫണ്ടായി നിക്ഷേപിക്കും.

30. സർക്കാർ ആശുപത്രികളിൽ ഇനി 'വാർഡ് നമ്പർ 9' ഉണ്ടാവാൻ പാടില്ല. ഇതുറപ്പുവരുത്തുന്നതിനുവേണ്ടി സർക്കാർ ആശുപത്രികളിൽനിന്ന് മാറാരോഗങ്ങളുമായി ഡിസ്ചാർജ്ജു ചെയ്യുന്നവരെ സംരക്ഷിക്കുന്നതിനുള്ള കേന്ദ്രങ്ങൾ നടത്തുന്നതിന് സന്നദ്ധ സംഘടനകൾക്ക് ധനസഹായം നൽകുന്നതാണ്. തുടക്കമെന്ന നിലയിൽ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളോടും ബന്ധപ്പെടുത്തി ഇത്തരം ഒരു സ്ഥാപനത്തിനെങ്കിലും ഈ വർഷം അംഗീകാരം നൽകും.

31. കോഴിക്കോട് നഗരത്തിൽ നൂതനമായ ഒരു സ്കീം ആരംഭിക്കുകയാണ്. ഇന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗികൾക്ക് ഭക്ഷണം നൽകുന്നതിനുള്ള ബേസ് കിച്ചൻ പ്രയോജനപ്പെടുത്തി രണ്ട് രൂപക്ക് ഏതൊരാൾക്കും ഉച്ചഭക്ഷണം നൽകുന്നതിനുള്ള ഒരു സ്കീം പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കും. സന്നദ്ധ സംഘടനകളുടെയും വ്യവസായ സ്ഥാപനങ്ങളുടെയുമെല്ലാം സഹകരണത്തോടുകൂടിയാണ് ഇത് നടപ്പിലാക്കുക. ഉദയ്പൂരിൽ ഇത്തരമൊരു പരിപാടി നടന്നുവരുന്നു. എന്തുകൊണ്ട് കേരളത്തിലും ആയിക്കൂടാ? കോഴിക്കോട് പരീക്ഷണം വിജയിക്കുകയാണെങ്കിൽ മറ്റ് പ്രധാന നഗരങ്ങളിൽ അടുത്തവർഷം ഈ പദ്ധതി വ്യാപിപ്പിക്കും.

32. മുകളിൽ പറഞ്ഞ സ്കീമുകൾ നടപ്പാക്കുക സാമൂഹ്യ സുരക്ഷാ മിഷനായിരിക്കും. 60 കോടി രൂപയാണ് മിഷന്റെ മൊത്തം ഫണ്ട്. ഇതിൽ 20 കോടി രൂപ ആശ്രയ പദ്ധതിയെ പിന്തുണക്കുന്നതിനു വേണ്ടിയായിരിക്കും. ആരോഗ്യ പരിരക്ഷ മുഖ്യപ്രശ്നമായി വരുന്ന നിരാലംബ ആശ്രയ കുടുംബങ്ങളുടെ പ്രോജക്ടുകൾക്കുള്ള ധനസഹായം മിഷനായിരിക്കും നൽകുക. പഞ്ചായത്തുകൾ ആരംഭിക്കുന്ന 'ബഡ്സ്' സ്കൂളുകൾക്കുള്ള ധനസഹായവും ഈ സ്കീമിൽനിന്നാണ് നൽകുക. സോഷ്യൽ വെൽഫയർ വകുപ്പിന് കീഴിലുള്ള വൃദ്ധസദനങ്ങൾ, അഗതി മന്ദിരങ്ങൾ, ജുവനൈൽ വീടുകൾ തുടങ്ങിയ 48 സ്ഥാപനങ്ങൾ നവീകരിക്കുന്നതിനുവേണ്ടി 5 കോടി രൂപ ചെലവഴിക്കും.

## ആശ്രയ പദ്ധതി

33. സർ, കേരളത്തിലെ 2 ശതമാനമെങ്കിലും കുടുംബങ്ങൾ അഗതികളാണ്. ഇവർക്കായി കേരളത്തിൽ രൂപംകൊണ്ട ഏറ്റവും നൂതനമായ ഒരു വികസന സ്കീമാണ് 'ആശ്രയ' പദ്ധതി. ഓരോ കുടുംബത്തിനെയും ദാരിദ്ര്യത്തിൽനിന്നും കരകയറ്റുന്നതിന് പ്രത്യേകം മൈക്രോ പദ്ധതി തയ്യാറാക്കി നടപ്പാക്കുകയാണ് ഈ സ്കീമിന്റെ പ്രത്യേകത. ഇതുവരെയുള്ള അനുഭവം വളരെ ആവേശകരമാണ്. 'ആശ്രയ' പദ്ധതി എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കണം. ഇതിലേക്കായി ഞാൻ 10 കോടി രൂപ അധികമായി വകയിരുത്തുന്നു.

<u>**കുടുംബശ്രീ**</u>

34. ആരോഗ്യ ഇൻഷുറൻസ്, ആശ്രയ, മറ്റ് ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ തുടങ്ങിയവയെല്ലാം നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സാമൂഹ്യ സംഘടനാ സംവിധാനമായി പ്രവർത്തിക്കുക കുടുംബശ്രീ ആയിരിക്കും. പുതിയ വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കും വിധം സംഘടനാപരമായ ചിട്ടയും കാര്യക്ഷമമായ പ്രവർത്തനവും ഉറപ്പുവരുത്താൻ ഒരു ക്യാമ്പയിൻ ഏപ്രിൽ മാസത്തിൽ ആരംഭിക്കുന്നതാണ്. 2009 മാർച്ച് ആകുമ്പോഴേക്കും ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് കുടുംബശ്രീക്ക് ലഭിക്കുന്ന വായ്പ 1500 കോടിയാക്കി ഉയർത്തും. ഇതിൽ 250 കോടി രൂപ തൊഴിൽ സംരംഭങ്ങൾക്കു വേണ്ടിയുള്ളതായിരിക്കും. എറണാകുളം ജില്ലയിൽ ഞാൻ നടത്തിയ അന്വേഷണം തെളിയിച്ചത് 9 മുതൽ 15 ശതമാനം വരെ പലിശയാണ് വിവിധ ബാങ്കുകൾ കുടുംബശ്രീയിൽനിന്ന് ഈടാക്കിക്കൊണ്ടിരിക്കുന്നു എന്നാണ്. സന്നദ്ധ സംഘങ്ങൾവഴിയുള്ള സ്വയംസഹായ സംഘങ്ങൾക്ക് 8 ശതമാനമോ അതിൽ താഴെയോ പലിശക്ക് വായ്പ ലഭ്യമാക്കുന്ന ബാങ്കുകൾ കുടുംബശ്രീയോട് കടുത്ത വിവേചനമാണ് കാണിക്കുന്നത്. ബാങ്ക് കൊടുക്കുന്ന വായ്പയുടെ പലിശ 8 ശതമാനമായി കുറയ്ക്കണം, നബാർഡ് റീഫിനാൻസ് ചെയ്യുകയും വേണം. ഇതിനായി ധനകാര്യ സ്ഥാപനങ്ങളുടെ ഒരു കോൺഫറൻസ് അടിയന്തിരമായി വിളിച്ചുചേർക്കുന്നതാണ്.

35. കുടുംബശ്രീക്കായി 30 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കുടുംബശ്രീയുടെ സുഗമമായ പ്രവർത്തനത്തിന് പണം ഒരു തടസ്സമാകില്ല എന്ന് പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ വർഷം അയൽക്കൂട്ടങ്ങളിലെ കണക്കുകൾ ചിട്ടപ്പെടുത്തുന്നതിനും അതോടൊപ്പം തൊഴിൽ സംരഭങ്ങളെ ശക്തിപ്പെടുത്തുന്നതിനുമാണ് മുൻഗണന നല്കുന്നത്. തൊഴിൽ സംരംഭങ്ങളുടെ ഉല്പന്നങ്ങൾക്ക് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും വിപണി ഉറപ്പുവരുത്തുന്നതിനും വേണ്ടി പ്രത്യേക ഇടപെടലുകൾ ഉണ്ടാകും. ഇതിൽ ഏറ്റവും പ്രധാനം 'സമഗ്ര'യാണ്. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ ക്ലസ്റ്ററുകൾ വികസിപ്പിച്ചെടുക്കുന്നതിനും അവയുടെ സാങ്കേതിക സഹായവും പരിശീലനവും മേൽനോട്ടവും തുടർച്ചയായി നൽകുന്നതിനുമുള്ള പരിപാടിയാണിത്. ഇതിനകം ആരംഭിച്ചുകഴിഞ്ഞിട്ടുള്ള മാസ

ചന്തകൾ കൂടുതൽ വ്യാപകമായി സംഘടിപ്പിക്കുന്നതാണ്. കുടുംബശ്രീ ഉല്പന്നങ്ങൾ വിൽക്കുന്നതിന് ഒരു വിപണന ശൃംഖല യാഥാർത്ഥ്യമാകും.

## സമഗ്ര സാമൂഹ്യ സുരക്ഷ

36. സർ, സമഗ്ര സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ അടിത്തറയാണ് സാർവ്വത്രികമായ പെൻഷൻ സ്കീമും, ആരോഗ്യ ഇൻഷുറൻസും, അഗതികളുടെയും വിഭിന്ന കഴിവുകളുള്ളവരുടെയും പരിരക്ഷയും. ഇതോടൊപ്പം നല്ല വെള്ളവും ശുചിത്വവും പോഷകാഹാരവും പാർപ്പിടവും ഉറപ്പുവരുത്തിയാൽ സുരക്ഷാ സൗധം പൂർത്തിയാകും. ഇതോടൊപ്പം സംസ്ഥാന വ്യാപകമായി നടപ്പാക്കാൻ പോകുന്ന തൊഴിലുറപ്പു പദ്ധതിയും ചേർക്കേണ്ടതാണ്. സർ, വലിയൊരു സ്വപ്നമാണ്, നമ്മുടെ സംസ്ഥാനത്തെ മുഴുവൻ പാവപ്പെട്ടവർക്ക് അടിസ്ഥാനാവശ്യങ്ങളും സമഗ്ര സുരക്ഷയും ഉറപ്പുവരുത്തുക എന്നുള്ളത്. ഇതിലേക്കൊരു നിർണായക കാൽവയ്പ്പ് 2008-09 ബഡ്ജറ്റിലൂടെ നടത്തുകയാണ്.

## പൊതുവിതരണം

37. യഥാർത്ഥം പറഞ്ഞാൽ പാവപ്പെട്ടവരുടെ മടിശ്ശീല പണക്കാർക്കു വേണ്ടി ചോർത്തുന്ന സാമ്പത്തിക വിദ്യയാണ് വിലക്കയറ്റം. വിലക്കയറ്റത്തിൻെറ കെടുതിയിൽ നിന്ന് സാധാരണക്കാർക്ക് പരമാവധി സംരക്ഷണം നൽകുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേന്ദ്രസർക്കാർ നയങ്ങൾ സൃഷ്ടിച്ചിരിക്കുന്ന വിലക്കയറ്റം താരതമ്യേന രൂക്ഷമായി ബാധിക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. 85 ശതമാനം ഭക്ഷ്യ കമ്മിയുള്ള സംസ്ഥാനമാണ് കേരളം എന്നതാണ് ഇതിന്റെ മുഖ്യകാരണം. രാജ്യത്തിന്റെ കോണിൽ കിടക്കുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ പെട്രോളിന്റെ വില നമ്മെയായിരിക്കും കൂടുതൽ പ്രതികൂലമായി ബാധിക്കുക. ലോകത്തിനുതന്നെ മാതൃകയായിരുന്ന കേരളത്തിന്റെ റേഷൻ സമ്പ്രദായം കേന്ദ്ര സർക്കാർ നയങ്ങൾ തകർത്ത് തരിപ്പണമാക്കിയിരിക്കുകയാണ്.

38. ഈ പശ്ചാത്തലത്തിൽ റേഷൻ സംവിധാനത്തിനുപുറമെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ്, തുടങ്ങിയ ഏജൻസി

കൾ വഴിയുള്ള മാർക്കറ്റ് ഇടപെടൽ ശക്തിപ്പെടുത്തേണ്ടത് സുപ്രധാന മായിത്തീർന്നിരിക്കുകയാണ്. ഇവയുടെ ശൃംഖല കൂടുതൽ വിപുലപ്പെടുത്തും. നടപ്പു വർഷത്തിൽ 119 കോടി രൂപ റേഷൻ സബ്സിഡിയായി നൽകിയിട്ടുണ്ട്. ഇതിനുപുറമെ സിവിൽ സപ്ലൈസ് കോർപ്പറേഷന് 38 കോടി രൂപയും കൺസ്യൂമർഫെഡിന് 13 കോടി രൂപയും ധന സഹായമായി നൽകിയിട്ടുണ്ട്. ഇത് പൂർണമല്ല. കണക്കുകൾ പരിശോധിച്ച് മാർക്കറ്റിടപെടൽവഴി ഉണ്ടായ നഷ്ടം പൂർണമായും നികത്തിക്കൊടുക്കും. വിലക്കയറ്റത്തിന് കടിഞ്ഞാണിടാനുള്ള ഈ പോരാട്ടത്തിന് വിഭവ പരിധികൾ നിശ്ചയിച്ചിട്ടില്ല. 2001-02 മുതൽ 2005-06 വരെയുള്ള അഞ്ചു വർഷ കാലത്ത് റേഷൻ സബ്സിഡിയായും സിവിൽ സപ്ലൈസ് കോർപ്പറേഷന് ധനസഹായമായും 177 കോടി രൂപയാണ് നൽകിയിട്ടുള്ളത്. എന്നാൽ 2006-07, 2007-08 എന്നീ രണ്ടു വർഷങ്ങളിൽ ഇതിനകം 311 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

## കാർഷിക പരമ്പരാഗത മേഖലകൾ

### കൃഷി

39. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം ദരിദ്രരുടെ തൊഴിൽ തുറകളെ സംരക്ഷിക്കുക എന്നതാണ്. കൃഷിയിലും പരമ്പരാഗത വ്യവസായ മേഖലകളിലുമാണ് ഇവർ പണിയെടുക്കുന്നത്. അതുകൊണ്ടാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനെ തുടർന്ന് പ്രത്യേക പരിഗണന ഈ മേഖലകൾക്ക് നൽകിയത്. ഈ നടപടികൾ കാർഷിക മേഖലയിൽ സൃഷ്ടിച്ചിട്ടുള്ള പ്രതീക്ഷയുടെയും ആത്മവിശ്വാസത്തിന്റെയും പ്രതിഫലനമാണ് ആത്മഹത്യാ പ്രവണത ഒറ്റപ്പെട്ട സംഭവങ്ങളായി മാറിയത്. ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കടബാധ്യത സർക്കാർ ഏറ്റെടുത്തു. കർഷകർക്കുള്ള പലിശ ഇളവു ചെയ്തതിന്റെ ഭാഗമായി ഏതാണ്ട് 180 കോടി രൂപ ചെലവഴിക്കുന്നുണ്ട്. ഇന്ത്യയിൽ ആദ്യമായി കടം എഴുതിത്തള്ളുന്നതിനുള്ള അധികാരത്തോടുകൂടി ഒരു കടാശ്വാസ കമ്മീഷന് രൂപംകൊടുത്തു. വയനാട് ജില്ലക്ക് കമ്മീഷൻ നൽകിയ അവാർഡ് സർക്കാർ അംഗീകരിച്ചു. എന്നാലിപ്പോൾ കേന്ദ്ര സർക്കാർ അഖിലേന്ത്യാടിസ്ഥാനത്തിൽ തന്നെ കടാശ്വാസം പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് തികച്ചും സ്വാഗതാർഹമായ നടപടിയാണ്. കേന്ദ്ര സർക്കാരിന്റെ സ്കീമിന്റെ വിശദാം

ശങ്ങൾ ലഭ്യമായതിനുശേഷം കടാശ്വാസ നടപടികൾ മുന്നോട്ടു കൊണ്ടുപോകുന്നതിനെ സംബന്ധിച്ച് തീരുമാനം സർക്കാർ എടുക്കും. 50 കോടി രൂപ 2008-09 ൽ കടാശ്വാസത്തിനായി പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

40. ഒട്ടനവധി കാര്യങ്ങളിൽ കേരളം ഇന്ത്യയ്ക്കു മുന്നേ നീങ്ങിയിട്ടുള്ള സംസ്ഥാനമാണ്. കാർഷിക കടാശ്വാസം ഇതിന് ഏറ്റവും അവസാനത്തെ ഉദാഹരണം മാത്രം. ഉദാരവൽക്കരണ നയങ്ങൾ കാർഷിക മേഖലയുടെ സുസ്ഥിരത തകർത്തിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ കാർഷിക ഉൽപ്പന്നങ്ങളുടെ വില സ്ഥിരതയ്ക്കായി ഒരു വില സ്ഥിരതാ സ്ക്കീം നടപ്പാക്കുകയാണ്. കടാശ്വാസ പദ്ധതിയിൽ മിച്ചം വരുന്ന പണം ഇതിലേയ്ക്കായി വിനിയോഗിക്കും. കാർഷികോൽപ്പന്ന സംഭരണത്തിനായുള്ള മറ്റു ഫണ്ടുകളും ഇതുമായി സംയോജിപ്പിക്കും. കർഷക സംഘടനകളുമായി ചർച്ച ചെയ്ത് ഈ സ്ക്കീമിന്റെ വിശദാംശങ്ങൾ നിശ്ചയിക്കുന്നതാണ്. കേരളത്തിന്റെ കാർഷിക വികസന ചരിത്രത്തിൽ വില സ്ഥിരതാ ഫണ്ട് ഒരു നാഴികക്കല്ലായിരിക്കും.

41. കൃഷിക്കാർക്കുള്ള ക്ഷേമനിധി ഈ വർഷം രൂപീകരിക്കും. പൈലറ്റ് സ്കീം നടപ്പാക്കുന്നതിന് സർക്കാർ വിഹിതമായി 1 കോടി രൂപ വകയിരുത്തുന്നു. 'കിസാൻശ്രീ'ഈ വർഷം വിപുലപ്പെടുത്തും. കാർഷികോല്പാദനം വർധിപ്പിക്കുന്നതിനോടൊപ്പം കർഷക ക്ഷേമത്തിലും ശ്രദ്ധ പതിപ്പിക്കുക എന്നതാണ് ഗവൺമെന്റിന്റെ നയം.

42. കൃഷിക്കും അനുബന്ധ മേഖലയ്ക്കും 365 കോടി രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ 'രാഷ്ട്രീയ കൃഷി വികാസ് യോജന'യുടെ വിഹിതം പെടുന്നില്ല. പ്ലാനിംഗ് കമ്മീഷനുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ 150 കോടി രൂപയെങ്കിലും ലഭിക്കുമെന്നാണ് കരുതുന്നത്. ഇതിനു പുറമെയാണ് 765 കോടി രൂപയുടെ വിദർഭ പാക്കേജും 1840 കോടി രൂപയുടെ കുട്ടനാടിനുള്ള സ്വാമിനാഥൻ കമ്മീഷൻ പാക്കേജും. ഇവയിൽനിന്ന് എത്ര തുക 2008-09ൽ ലഭിക്കുമെന്ന് ഉറപ്പായിട്ടില്ല. കേന്ദ്ര സർക്കാർ പണമനുവദിക്കുന്ന മുറയ്ക്ക് ആവശ്യമായ സംസ്ഥാന വിഹിതം അനുവദിക്കും.

43. സംസ്ഥാന വ്യാപകമായി നടപ്പാക്കാൻ പോകുന്ന ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ കാർഷിക പുനരുദ്ധാരണത്തിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. സമഗ്ര നീർത്തട വികസന പദ്ധതിയുടെ അടിസ്ഥാനത്തിൽ ദേശീയ തൊഴിലുറപ്പുപദ്ധതി നടപ്പാക്കുകയാണ് വേണ്ടത്. കൃഷിക്കാരന്റെ സ്വകാര്യ ഭൂമിയിലെ മൺ-ജല സംരക്ഷണ പ്രവൃത്തികൾ കൂടി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്താൻ ഇതുവഴി കഴിയും.

44. നെൽകൃഷിക്ക് പലിശ സബ്സിഡി, ഗ്രൂപ്പ് ഫാമിംഗ്, തരിശുഭൂമി കൃഷി യോഗ്യമാക്കൽ, യന്ത്രവൽക്കരണം തുടങ്ങിയവയ്ക്കായി 20 കോടി രൂപ വകയിരുത്തുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ നിന്നും കുട്ടനാട് സ്വാമിനാഥൻ കമ്മീഷൻ പാക്കേജിൽ നിന്നും ഗണ്യമായ തുക നെൽകൃഷി മേഖലയിൽ ചെലവഴിക്കപ്പെടും. നെൽകൃഷിക്ക് പ്രഖ്യാപിച്ച 9 രൂപ താങ്ങുവില ഇന്ത്യയിലേക്ക് ഏറ്റവും ഉയർന്നതാണ്. നെല്ല് സംഭരണത്തിനായി 2007-08ൽ 48 കോടി രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുകയുണ്ടായി. ഈ സംഭരണ പദ്ധതി കൂടുതൽ ഫലപ്രദമാക്കി മുന്നോട്ടുകൊണ്ടുപോകും.

45. സംയോജിത കേര വികസന പരിപാടിക്കായി 15 കോടി രൂപ നീക്കി വെച്ചിട്ടുണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജനയിൽനിന്ന് ഗണ്യമായ തുക രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള നഷ്ടപരിഹാരമായി ഉൾപ്പെടുത്തിയിട്ടുണ്ട്. നാളികേരത്തിന് പരീക്ഷണാടിസ്ഥാനത്തിൽ 4 രൂപ താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ട്. അനുഭവം പരിശോധിച്ച് ഇത് കൂടുതൽ വ്യാപിപ്പിക്കും. 1000 പച്ചക്കറി ഗ്രാമങ്ങൾക്ക് രൂപം നൽകിക്കൊണ്ട് 'ഹരിതശ്രീ' പദ്ധതി കൂടുതൽ ശക്തിപ്പെടുത്തും. ഹോർട്ടികൾച്ചർ മിഷന്റെ സംസ്ഥാന വിഹിതമായി 3 കോടി രൂപ വകയിരുത്തുന്നു.

46. കാർഷിക സർവ്വകലാശാലയുടെ ധനസഹായം 20 കോടി രൂപയിൽ നിന്ന് 30.25 കോടി രൂപയായി ഉയർത്തുന്നു. ലോകബാങ്ക് സഹായത്തോടുകൂടിയുള്ള ദേശീയ കാർഷിക ഇന്നൊവേഷൻ പ്രോജക്ടിൽ നിന്നും കുട്ടനാട്ടിലെ സ്പെഷൽ പാക്കേജിൽനിന്നും കാർഷിക സർവ്വകലാശാലക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്.

—.—

## മൃഗസംരക്ഷണം

47. വർധിച്ചുവരുന്ന പാൽക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ഡയറി വികസനത്തിന് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. ഇതിലേക്കായി 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഏതാണ്ട് 20 കോടി രൂപ എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾക്കും സേവന ശൃംഖല മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുണ്ട്. കന്നുകുട്ടി പരിപാലന പരിപാടിക്ക് 8.25 കോടി രൂപയുമാണുള്ളത്. പുരയിടകൃഷി സമ്പ്രദായത്തിന്റെ ഭാഗമായി പശു, കോഴി, ആട്, ടർക്കി, തീറ്റപ്പുൽ എന്നിവയടങ്ങുന്ന 2000 സംയോജിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 10 കോടി രൂപ വകയിരുത്തിയിരിക്കുന്നു. പാലോടുള്ള വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിനെ ആധുനികവത്കരിക്കുന്നതിന് 2 കോടി രൂപ വകയിരുത്തുന്നു. മൊത്തം 70 കോടി രൂപയാണ് മൃഗസംരക്ഷണത്തിനും ക്ഷീര വികസനത്തിനും വേണ്ടി വകയിരുത്തിയിട്ടുള്ളത്.

48. ക്ഷീര കൃഷിക്കാരുടെ ക്ഷേമനിധിയിൽ സർക്കാരിന്റെ അംശാദായമില്ല. തന്മൂലം വളരെ പരിമിതമായ ആനുകൂല്യങ്ങളേ അംഗങ്ങൾക്ക് നൽകാൻ കഴിയുന്നുള്ളൂ. സർക്കാരിന്റെ അംശാദായം ഉറപ്പുവരുത്തിക്കൊണ്ട് ക്ഷേമനിധിയുടെ നിയമാവലി ഭേദഗതി ചെയ്യുന്നതാണ്. ഇതിലേക്കായി 2 കോടി രൂപ വകയിരുത്തുന്നു.

## മത്സ്യ മേഖല

49. മത്സ്യ മേഖലയ്ക്ക് പുതുജീവൻ നൽകുന്നതിനുള്ള പരിശ്രമത്തിലാണ് സർക്കാർ. മൺസൂൺ കാലത്ത് പരമ്പരാഗത വള്ളങ്ങൾക്ക് മത്സ്യബന്ധനാവകാശം ഉറപ്പുവരുത്തുന്ന നിയമ നിർമ്മാണം, ക്ഷേമനിധിയിൽ കയറ്റുമതിക്കാരുടെ അംശാദായം ഉറപ്പുവരുത്തുന്ന നിയമം, ഇപ്പോൾ പാസ്സാക്കുവാൻ പോകുന്ന കടാശ്വാസ നിയമം, സുനാമി ദുരിതാശ്വാസ പദ്ധതി തുടങ്ങിയവയെല്ലാം വലിയ പ്രതീക്ഷകളാണ് ഉയർത്തിയിട്ടുള്ളത്. ഇന്ത്യാരാജ്യത്ത് ആദ്യമായിട്ടാണ് മത്സ്യത്തൊഴിലാളികൾക്കായി ഒരു കടാശ്വാസ നിയമം പാസ്സാക്കുന്നത്. കടക്കെണിയിൽ നിന്ന് മത്സ്യമേഖലയുടെ മോചനമെന്ന ചിരകാല സ്വപ്നം യാഥാർത്ഥ്യമാവുകയാണ്. സുനാമി പുനരധിവാസ ഫണ്ടിൽ നിന്നാണ് ഇതിനുള്ള പണം കണ്ടെത്തുക. സുനാമി പ്രദേശത്തിനു പുറത്തുള്ള

തീര പ്രദേശത്തെ കടാശ്വാസ പദ്ധതിയിലേക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്ന് 10 കോടി രൂപ അധികമായി വകയിരുത്തുന്നു.

50. 2007-08 ൽ 51 കോടി രൂപയാണ് മത്സ്യ മേഖലയ്ക്ക് വകയിരുത്തിയതെങ്കിൽ 2008-09ൽ 89 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. ഇതിനു പുറമെയാണ് മറ്റ് വകുപ്പുകൾവഴി സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി ചെലവഴിക്കുന്ന 375 കോടി രൂപ. ഈ വർഷം ആരംഭിക്കുന്ന ഒരു പുതിയ സ്കീം പലിശരഹിത വായ്പയാണ്. ഇതിനുള്ള സബ്സിഡിയായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തൊഴിലാളികൾക്കും വള്ളങ്ങൾക്കും ഉപകരണങ്ങൾക്കും ബാധകമായ സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതാണ്. മത്സ്യ മേഖലയിൽ തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുവേണ്ടി 16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബേപ്പൂരിൽ ഒരു മറൈൻ പാർക്ക് ആരംഭിക്കുന്നതിനായി ഒരു കോടി രൂപ കിൻഫ്രയ്ക്ക് ഭൂമിയേറ്റെടുക്കുന്നതിനായി അധികമായി അനുവദിക്കുന്നു. ആലുവായ്ക്കടുത്ത് കടുങ്ങല്ലൂരിൽ സ്വകാര്യ പങ്കാളിത്തത്തോടെ അക്വാ ടെക്നോളജി പാർക്ക് സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ അക്വാ ടെക്നോളജി പാർക്കിൽ മുൻഗണന നൽകുക.

51. ചെത്തി, കാസർഗോഡ്, ചേറ്റുവ, ചെറുവത്തൂർ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ചെല്ലാനം, അർത്തുങ്കൽ എന്നിവിടങ്ങളിൽ ചെറു മത്സ്യബന്ധന തുറമുഖങ്ങൾ വികസിപ്പിക്കുന്നത് ടി.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**<u>കയർ</u>**

52. പരമ്പരാഗത വ്യവസായ മേഖലകളിൽ ഏറ്റവും ഫലപ്രദമായ ഇടപെടൽ കയർ മേഖലയിലാണ് നടന്നത്. എന്നാൽ കയർഫെഡിന്റെ നിർജ്ജീവാവസ്ഥ വ്യവസായ പുനഃസംഘടനക്ക് തടസ്സമായിത്തീർന്നിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ കയർഫെഡിന്റെ പുനഃസംഘടനയ്ക്ക് മുൻഗണന നൽകുന്നതാണ്. ഇതിനുള്ളൊരു പാക്കേജ് തയ്യാറായിക്കൊണ്ടിരിക്കുകയാണ്. എത്രയാണ് വേണ്ടിവരിക എന്ന് നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഇപ്പോൾ ഞാൻ 2 കോടി രൂപയേ വകയി

രുത്തുന്നുള്ളൂ. വിശദമായ പുനരുദ്ധാരണ സ്കീം തയ്യാറാക്കി കഴിഞ്ഞാൽ ആവശ്യമുള്ള പണം ലഭ്യമാക്കും. കയർ വ്യവസായത്തിന്റെ ആധുനികവത്ക്കരണത്തിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ 5 കോടി രൂപ ചെറുകിട ഉത്പാദകരേയും സഹകരണ സംഘങ്ങളെയും സഹായിക്കുവാനും ട്രാൻസ്പോർട്ട് സബ്സിഡിക്കു വേണ്ടിയും പ്ലാനിൽ വകയിരുത്തിയിട്ടുണ്ട്. രണ്ട് കോടിരൂപ പൊതു സേവന സൗകര്യ കേന്ദ്രങ്ങൾ സൃഷ്ടിക്കുന്നതിന് നീക്കിവെച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങൾക്ക് 4 കോടി രൂപയാണുള്ളത്. കയറുല്പന്ന മേഖലയിൽ ഡിപ്പോക്കാരെ ഒഴിവാക്കി കയറുല്പന്നങ്ങൾ കയറ്റുമതിക്കാർക്ക് ലഭ്യമാക്കുന്നതിന് കയർ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. കയർ കോർപ്പറേഷനിൽ നിന്ന് ഉല്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് അംഗീകൃത വിലയിൽനിന്ന് പത്തു ശതമാനം റിബേറ്റ് നൽകുന്നതിലേക്കായി 5 കോടി രൂപ അധികമായി ഞാൻ വകയിരുത്തുന്നു.

**കശുവണ്ടി**

53. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ശരാശരി 3 കോടി രൂപയായിരുന്നു കശുവണ്ടി മേഖലയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. അതേസമയം 2008-09ൽ 28.5 കോടി രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. കശുവണ്ടി കോർപ്പറേഷനും കാപെക്സിനും ഒറ്റത്തവണ സഹായ ധനമായി 2007-08ൽ 25 കോടി രൂപ നൽകിയിരുന്നു. ഈ വർഷം 16 കോടി രൂപകൂടി വകയിരുത്തുന്നു. ഈ സ്ഥാപനങ്ങളുടെ തുടർ പ്രവർത്തനത്തിന് ബാങ്കുകൾക്ക് നൽകാനുള്ള കുടിശ്ശിക ഒരു തടസ്സമാണ്. ഇതു സംബന്ധിച്ച് ബാങ്കുകളുമായി ചർച്ച ചെയ്ത് ഒറ്റത്തവണ തീർപ്പാക്കലിന് ധാരണ ഉണ്ടാക്കുന്നതാണ്. തിരിച്ചടവിന്റെ ഭാരം സർക്കാർ വഹിക്കും. കശുവണ്ടി തൊഴിലാളികൾക്ക് ഭീമമായ തുക ഗ്രാറ്റുവിറ്റിയും റിട്ടയർമെന്റ് ആനുകൂല്യങ്ങളുമായി നൽകാനുണ്ട്. ഇതിലൊരു ഭാഗം ഈ വർഷം കൊടുത്തുതീർക്കുന്നതാണ്. ഇതിനായി 5 കോടി രൂപ അധികമായി നീക്കിവെക്കുന്നു. കശുവണ്ടി കോർപ്പറേഷനും കാപെക്സും തൊഴിലാളികൾക്ക് നൽകുന്ന കൂലിയേക്കാൾ കൂടുതൽ പ്രതിവർഷം നഷ്ടം വരുത്തിവെക്കുന്ന അനുഭവമാണ് കഴിഞ്ഞ ഭരണകാലത്ത് ഉണ്ടായിരുന്നത്. ഇതിനൊരു മാറ്റം ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

**കൈത്തറി**

54. കൈത്തറി വ്യവസായത്തിന് പദ്ധതി അടങ്കൽ കഴിഞ്ഞ വർഷം 25 കോടി രൂപയായിരുന്നത് ഏതാണ്ട് 40 കോടി രൂപയായി വർധിപ്പിക്കുന്നു. സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി മറ്റൊരു 5 കോടി രൂപയും നീക്കിവെച്ചിട്ടുണ്ട്. കൈത്തറി സംഘങ്ങൾക്ക് കൊടുക്കാനുള്ള റിബേറ്റ് കുടിശ്ശിക 2008-09 ആദ്യംതന്നെ കൊടുക്കുന്നതാണ്. ചില ജില്ലകളിൽ പ്രഥമദൃഷ്ട്യാ തന്നെ പെരുപ്പിച്ച അവകാശവാദം ഉണ്ട് എന്ന് തോന്നുന്നതിനാലാണ് വിശദമായ പരിശോധന വേണ്ടിവരുന്നത്. ഇത്തരം പരിശോധന വേണ്ടിവരുന്ന ജില്ലകളെ മാറ്റിനിർത്തി ബാക്കിയുള്ളവയുടെ റിബേറ്റ് അടിയന്തിരമായി നൽകും. ടെക്സ്ഫെഡിന് കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾക്ക് 6 കോടി രൂപ കഴിഞ്ഞ വർഷം ലഭ്യമാക്കിയിരുന്നു. 2008-09ൽ 2 കോടി കൂടി നൽകുന്നതാണ്. കൊല്ലത്തും തൃശൂരും കണ്ണൂരും ഹാങ്ക് യാൺ ഉണ്ടാക്കുന്നതിനുള്ള കേന്ദ്രങ്ങൾ ആരംഭിക്കും.

**ഖാദിയും പനമ്പും**

55. മുള ഉല്പന്ന വികസനമാണ് ഈ വർഷം പ്രത്യേക ഊന്നൽ നൽകിയിരിക്കുന്ന മേഖല. ഇതിനൊരു സമഗ്ര വികസന പരിപാടി നടപ്പാക്കുന്നതിനായി ബാംബൂ വികസന കോർപ്പറേഷന് 7 കോടി രൂപ വകയിരുത്തുന്നു. ഖാദി ഗ്രാമ വ്യവസായത്തിന് 5 കോടി രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. ഈ വർഷത്തെ നൂതനമായ പദ്ധതി പയ്യന്നൂരിലെ ഖാദി ക്ലസ്റ്റർ സെന്റർ സ്ഥാപിക്കലാണ്. സെറിഫെഡിന് 3 കോടി രൂപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പൊതുമേഖലയും ചെറുകിട വ്യവസായവും

**പൊതുമേഖല**

56. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ബദൽ സമീപനം ഏറ്റവും വിജയപ്രദമായി നടപ്പാക്കിയത് സംസ്ഥാന പൊതുമേഖലയുടെ പുനരുദ്ധാരണത്തിലാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചൗധരി കമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളെയാകെ സ്വകാര്യവത്ക്കരിക്കുന്നതിന് തീരുമാനമെടുത്തു. ശക്തമായ പ്രതിഷേധത്തെ

തുടർന്ന് ഈ നീക്കങ്ങൾ അവസാനിപ്പിച്ചുവെങ്കിലും പൊതുമേഖലയുടെ പുനസംഘാടനത്തിന് പണമനുവദിക്കാതെ അവയെ സ്വാഭാവിക മരണത്തിലേക്ക് തള്ളിവിടുക എന്ന നയമാണ് സ്വീകരിച്ചിരുന്നത്. 2005-06 ൽ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം 90 കോടി രൂപയായിരുന്നു. എന്നാൽ 2007-08 ൽ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ മൊത്തത്തിൽ 20 കോടി രൂപ ലാഭത്തിലായിരിക്കും. ഇറക്കുമതി നയംമൂലം ടൈറ്റാനിയം ഫാക്ടറികളുടെ ലാഭം കുത്തനെ കുറഞ്ഞിട്ടും പൊതുമേഖലക്ക് ലാഭത്തിൽ പ്രവർത്തിക്കാനായി എന്നത് വലിയൊരു നേട്ടമാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം 12 ൽനിന്ന് 24 ആയി ഉയർന്നു. സർ, എനിക്കുറപ്പുണ്ട് ഈ സർക്കാരിന്റെ കാലാവധി കഴിയുന്നതിനു മുമ്പ് പൊതുമേഖലാ വ്യവസായങ്ങളുടെ സഞ്ചിത നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനോ ഇല്ലാതാക്കുന്നതിനോ കഴിയും. പൊതുമേഖലയുടെ നവീകരണത്തിനും പുനഃസംഘടനക്കും വേണ്ടി 50 കോടി രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു.

57. പാരമ്പര്യേതര ഊർജ്ജ ഉല്പന്ന പാർക്ക് രൂപീകരിക്കുന്നതാണ്. ഇതിനുള്ള വിഹിതമടക്കം കിൻഫ്രക്ക് 14 കോടി രൂപ ലഭ്യമാക്കുന്നതാണ്. കൊടകരയിൽ നാളികേരത്തെ അടിസ്ഥാനമാക്കി ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതാണ്. ഇതിനായി ഒരു കോടി രൂപ അധികമായി വകയിരുത്തുന്നു.

## സ്വകാര്യ ചെറുകിട വ്യവസായങ്ങൾ

58. പീഢിത പൊതുമേഖല പോലെതന്നെ പുനരുദ്ധാരണ നടപടികൾ അത്യന്താപേക്ഷിതമായ ഒരു മേഖലയാണ് കേരളത്തിലെ പീഢിത സ്വകാര്യ വ്യവസായ മേഖല. പ്രത്യേകിച്ച് ചെറുകിട വ്യവസായ മേഖല. കേന്ദ്രത്തിലെ ബ്യൂറോ ഫോർ ഇന്റസ്ട്രിയൽ ഫിനാൻസ് ആന്റ് റീ സ്ട്രക്ച്ചറിംഗ് എന്ന സ്ഥാപനത്തിന് സമാനമായ ചുമതലകളും അവകാശങ്ങളുമുള്ള ഒരു സ്ഥാപനത്തിന് കേരളത്തിലും രൂപം നൽകും.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

59. കേരളത്തിലെ ചെറുകിട വ്യവസായ മേഖലകൾക്ക് ധനസഹായം നല്കുന്നതിനുള്ള വികസന ഏജൻസിയായി കെ.എഫ്.സിയെ രൂപാന്തരപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. ഇതിനാവശ്യമായ മൂലധനം

സമാഹരിക്കുന്നതിന് കെ.എഫ്.സിക്ക് തടസ്സം നിൽക്കുന്നത് 55 ശതമാനത്തിലേറെ വരുന്ന നോൺ പെർഫോമിംഗ് ആസ്തികളാണ്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ഇത് 35 ശതമാനമായി കുറയ്ക്കുന്നതിനാണ് ലക്ഷ്യമിട്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കെ.എഫ്.സിയുടെ ഷെയർ മൂലധനം വർധിപ്പിച്ചുകൊണ്ട് നോൺ പെർഫോമിംഗ് ആസ്തികൾ 10 ശതമാനത്തിൽ കീഴെ ഈ വർഷം കൊണ്ടുവരുന്നതാണ്. ഇതിനു കഴിഞ്ഞാൽ ബോണ്ടുകളിലൂടെയും മറ്റും പണം സമാഹരിച്ച് കൂടുതൽ ഫലപ്രദമായി ചെറുകിട വ്യവസായ മേഖലയിൽ ഇടപെടുന്നതിന് കെ.എഫ്.സിക്ക് കഴിയും. ഇതിലേക്കായി 20 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**<u>കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്</u>**

60. കെ.എഫ്.സി. പോലെതന്നെ സർക്കാർ ഉടമസ്ഥതയിലുള്ള മറ്റൊരു സുപ്രധാന സ്ഥാപനമാണ് കെ.എസ്.എഫ്.ഇ. മലയാളികൾക്കേവർക്കും സുപരിചിതമായിട്ടുള്ള ചിട്ടിയെ ഫലപ്രദമായ വിഭവ സമാഹരണ ഉപകരണമായി ഉപയോഗപ്പെടുത്തുന്നതിനാണ് പരിശ്രമിക്കുന്നത്. കെ.എസ്.എഫ്.ഇയുടെ ഓഹരി മൂലധനം വിപുലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി 10 കോടി രൂപ അധികമായി വകയിരുത്തുന്നു. പുതുതായി 41 ബ്രാഞ്ചുകൾ ഈ വർഷം ആരംഭിക്കും. വെള്ളരിക്കുണ്ട്, കണ്ണൂർ സായാഹ്നശാഖ, തലശ്ശേരി രണ്ടാം ശാഖ, പേരാവൂർ, വൈത്തിരി, പുൽപ്പള്ളി, വടകര രണ്ടാം ശാഖ, ആയഞ്ചേരി, കോഴിക്കോട് സിവിൽ സ്റ്റേഷൻ, മലപ്പുറം സായാഹ്നശാഖ, ചങ്ങരംകുളം, പുലാമന്തോൾ, കൊഴിഞ്ഞാമ്പാറ, പറളി, തൃശൂർ മെഡിക്കൽ കോളേജ്, വരന്തരപ്പള്ളി, നാട്ടിക, അത്താണി, ആലങ്ങാട്, ഷൺമുഖം റോഡ്, ആലുവ രണ്ടാം ശാഖ, കുറുപ്പംപടി, ചെല്ലാനം, പൈനാവ്, നെടുങ്കണ്ടം, കുമിളി, എരുമേലി, തെങ്ങണ, മണർകാട്, കുമരകം, ഉഴവൂർ, കലവൂർ, കൊടുമൺ, ഓയൂർ, കരുനാഗപ്പള്ളി രണ്ടാംശാഖ, ഈസ്റ്റ് കല്ലട, ആറ്റിങ്ങൽ സായാഹ്ന ശാഖ, വട്ടപ്പാറ, മംഗലപുരം, കുടപ്പനക്കുന്ന്, പ്രാവച്ചമ്പലം എന്നീ ബ്രാഞ്ചുകളാണ് ഈ വർഷം ആരംഭിക്കുക.

61. കെ.എഫ്.സി. യും കെ.എസ്സ്. എഫ്. ഇ യും വളർച്ചയുടെ പാതയിലേക്കു പ്രവേശിച്ചു കഴിഞ്ഞു. ഇനി അടുത്ത ഊഴം

ഇൻഷുറൻസ് വകുപ്പിന്റേതാണ്. 2008-09 ൽ ഇൻഷുറൻസ് വകുപ്പ് സമൂലമായി വാണിജ്യാടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കും.

**കേരള റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ**

62. കെ.എസ്സ്. ആർ. റ്റി. സി യുടെ പുനരുദ്ധാരണത്തിന് ഒരു പാക്കേജിന് ഗതാഗത വകുപ്പ് രൂപം നൽകിയിട്ടുണ്ട്. അതിന് ബഡ്ജറ്റ് പിന്തുണ നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിന്റെ ഭാഗമായി കെ.എസ്.ആർ. ടി.സിയുടെ 700 കോടിയോളം വരുന്ന നികുതി കുടിശ്ശിക എഴുതിത്തള്ളുന്നു. അതുപോലെ തന്നെ 153 കോടി രൂപയുടെ പലിശയും പിഴപ്പലിശയും ഉപേക്ഷിക്കുന്നു. സർക്കാർ നൽകിയിട്ടുള്ള വായ്പകൾ ഓഹരി മൂലധനമാക്കി മാറ്റും. കെ.എസ്.ആർ.ടി.സിയുടെ ഭൂമിക്ക് പട്ടയം നൽകി അവയുടെ വില പുനർ നിർണയം ചെയ്ത് ആസ്തി ബാധ്യത കണക്കിൽ ചേർക്കും. ഇതുവഴി കെ.എസ്.ആർ.ടി.സിയെ വാണിജ്യാടിസ്ഥാനത്തിൽ വായ്പ എടുക്കുവാൻ പ്രാപ്തമാക്കും.

63. സർക്കാർ ഗ്യാരണ്ടിയോടു കൂടിയുള്ള വായ്പയിൽ പ്രതിവർഷം 1000 ബസ് വീതം പുതുതായി ഇറക്കും. ഇതുവഴി മൈലേജ് ഗണ്യമായി ഉയർത്താനാകും. ഈ ഇനത്തിൽ മാത്രം ഏതാണ്ട് 100 കോടി രൂപയുടെ ചെലവ് കുറയ്ക്കാനാകും. ബസുകളുടെ എണ്ണം കൂടുന്ന മുറയ്ക്ക് ദേശസാൽകൃത റൂട്ടുകളിലുള്ള സമാന്തര സർവ്വീസ് നിർത്തലാക്കും. ചുരുങ്ങിയത് 26 രൂപ കിലോമീറ്ററിന് വരുമാനം ലഭിച്ചാലേ ലാഭവും നഷ്ടവുമില്ലാതെ വണ്ടി ഓടിക്കാനാകൂ. എന്നാൽ ഇതിന്റെ പകുതിപോലും വരുമാനമില്ലാത്ത റൂട്ടുകളിൽ വണ്ടികൾ ഓടുന്നു. ഇതിനൊരു പരിഹാരം കണ്ടേതീരൂ. എണ്ണ കമ്പനികൾക്കുള്ള കടം വീട്ടും. ഇത് ചെയ്താൽ എണ്ണ വിലയിൽ ഇളവ് നൽകാമെന്ന് കമ്പനികൾ സമ്മതിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയുടെ കൈവശമുള്ള കണ്ണായ ഭൂമിയിൽ തുടക്കം മുതൽ വരുമാനം പങ്കുവെക്കണമെന്ന വ്യവസ്ഥയിൽ ബി.ഒ.ടി അടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ പണിയാൻ തുടങ്ങിയിട്ടുണ്ട്. ചെലവ് കുറയ്ക്കുന്നതിന് പല പരിഷ്ക്കാരങ്ങളും കെ.എസ്.ആർ.ടി.സി ഏർപ്പെടുത്തി തുടങ്ങിയിട്ടുണ്ട്. വിസ്താരഭയത്താൽ ഞാൻ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല.

64. 25 കോടി രൂപ കെ.എസ്.ആർ.ടി.സിക്ക് ഈ വർഷം പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. മുൻ സർക്കാരിന്റെ ഭരണകാലത്ത് കെ.എസ്.ആർ. ടി.സിക്ക് ശരാശരി 5 കോടി രൂപയാണ് പദ്ധതിയിൽ വകയിരുത്തിയി

രുന്നത്. അഞ്ചു വർഷത്തിനിടയിൽ പദ്ധതിയേതര വായ്പയായിട്ട് ആകെ നൽകിയത് 20 കോടി രൂപയാണ്. എന്നാൽ 2006-07, 2007-08 വർഷങ്ങളിലായി കെ.എസ്.ആർ.ടി.സിയെ സഹായിക്കാൻ 165 കോടി രൂപ ഈ സർക്കാർ നൽകിയിട്ടുണ്ട്. മോണിറ്റർ ചെയ്യാവുന്ന ടാർജറ്റുകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ധാരണാപത്രം കെ.എസ്.ആർ.ടി.സി മാനേജ്മെന്റും യൂണിയനുകളും സർക്കാരും ഒപ്പുവെക്കേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾക്കനുസരിച്ച് കാര്യങ്ങൾ നീങ്ങുകയാണെങ്കിൽ പുനരുദ്ധാരണ കാലയളവിലെ നഷ്ടം നികത്താൻ ബഡ്ജറ്റ് പിന്തുണ നൽകുന്നതിന് തടസ്സമുണ്ടാകില്ല എന്ന് വ്യക്തമാക്കുന്നു. സർ, ഇടതുപക്ഷ ജനാധിപത്യ ബദലിന് ഒരു മാതൃകയായിരിക്കും കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണം.

## കേരള വാട്ടർ അതോറിറ്റി

65. കേരള വാട്ടർ അതോറിറ്റിയുടെ രജത ജൂബിലി വർഷത്തിൽ ഒരു സമഗ്ര പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ധനകാര്യ പുനഃസംഘടന ഈ വർഷം നടപ്പിലാക്കും. കേരള വാട്ടർ അതോറിറ്റിക്ക് സർക്കാർ കൊടുത്തിട്ടുള്ള വായ്പയുടെ പലിശയിനത്തിൽ 1006 കോടി രൂപ എഴുതിത്തള്ളാൻ തീരുമാനിക്കുന്നു. 31.03.07 വരെ നൽകിയ വായ്പകളുടെ മുതൽ സംഖ്യ 839.6കോടി രൂപ കേരള വാട്ടർ അതോറിറ്റിക്കുള്ള പലിശരഹിത ഫണ്ടായി മാറ്റും. ഇപ്രകാരം ബാലൻസ് ഷീറ്റ് വെടിപ്പാക്കുന്നത് വാണിജ്യാടിസ്ഥാനത്തിൽ വായ്പയെടുക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയെ പ്രാപ്തമാക്കും. ഊർജ്ജിതമായ കുടിശ്ശിക പിരിവ്, ജീവനക്കാരുടേയും മാനേജ്മെന്റിന്റെയും കാര്യക്ഷമത ഉയർത്തൽ, വിതരണ നഷ്ടം 35 ശതമാനത്തിൽനിന്ന് 15 ശതമാനമാക്കി കുറക്കൽ, ആരോഗ്യകരമായ ഉപഭോക്തൃ സമ്പർക്കം, വെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ ഇവയെല്ലാമാണ് കാര്യക്ഷമത ഉയർത്തുന്നതിനുവേണ്ടി നടപ്പാക്കുന്നത്. കേരള വാട്ടർ അതോറിറ്റി ലാഭവും നഷ്ടവുമില്ലാതെ പ്രവർത്തിക്കുന്ന നിലയാണ് ലക്ഷ്യമിടുന്നത്.

66. തിരുവനന്തപുരത്തെ വെല്ലിംഗ്ടൺ വാട്ടർ സപ്ലൈ സ്കീമിന്റെ പ്ലാറ്റിനം ജൂബിലി വർഷമാണിത്. പേപ്പാറ ഡാമിന്റെ സിൽവർ ജൂബിലി വർഷവുമാണ്. ഇവയുടെ നവീകരണത്തിന് ഒരു കോടി രൂപ അനു

വദിക്കുന്നു. ഹഡ്കോ സഹായത്തോടുകൂടിയുള്ള കൊച്ചി വാട്ടർ സപ്ലൈ സ്കീം കമ്മീഷൻ ചെയ്തെങ്കിലും കടവന്ത്ര, തേവര ഭാഗങ്ങളിൽ വെള്ളം എത്തിക്കുന്നതിനും ശേഷി പൂർണമായും വിനിയോഗിക്കുന്നതിനും 4 കോടി രൂപ അധികമായി അനുവദിക്കുന്നു. ഏതാണ്ട് 2000 കോടി രൂപയുടെ മുതൽ മുടക്കുള്ള പദ്ധതികളാണ് വിവിധ ഘട്ടങ്ങളിലെത്തി നിൽക്കുന്നത്. രാമേശ്വരം ക്ഷൗരം പോലെ ഏറ്റെടുത്ത ഈ പദ്ധതികളെല്ലാം പൂർത്തിയാകാതെ തുടരുകയാണ്. ഇത് സമയബന്ധിതമായി തീർക്കുന്നതിന് കൂടുതൽ വായ്പകളും കേന്ദ്ര ധനസഹായത്തേയും ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അഞ്ചരക്കണ്ടി, ചീക്കോട്, പാറശ്ശാല, കുണ്ടറ, പുത്തൂർ, എടരിക്കോട്, അരീക്കോട് പദ്ധതികൾ അടക്കം 288 കോടിരൂപയുടെ പദ്ധതികൾ നബാർഡിന് സമർപ്പിച്ചിരിക്കുകയാണ്. ഇവയിൽ 40 കോടി രൂപ ഇതിനകം മുടക്കിക്കഴിഞ്ഞ അഞ്ചരക്കണ്ടി പദ്ധതി നബാർഡ് ധനസഹായം കിട്ടുന്നതു വരെ മുടങ്ങാതിരിക്കാൻ വേണ്ടി 4 കോടി രൂപ അധികമായി അനുവദിക്കുന്നു. ചീക്കോട് പദ്ധതി തുടങ്ങിവെച്ചിരിക്കുന്ന പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് 2 കോടി രൂപ അധികമായി വകയിരുത്തുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കുപ്പി കുടിവെള്ള പദ്ധതിക്ക് ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ചവറയിൽ പി.വി.സി. പൈപ്പ് നിർമാണ ഫാക്ടറി സ്ഥാപിക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തുന്നു.

## അടിസ്ഥാന സൗകര്യ വികസനം.

**ജലസേചനം**

67. ജലസേചനത്തിനും കടൽഭിത്തി നിർമ്മാണത്തിനും വേണ്ടി 257 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 7.6 കോടി രൂപ എസ്റ്റിമേറ്റ് തുകക്ക് 1978ൽ തുടങ്ങിയ കാരാപ്പുഴ പ്രോജക്ട് 235 കോടി രൂപ ചെലവഴിച്ചിട്ടും പൂർത്തിയായിട്ടില്ല. 2008-09 വർഷത്തിൽ 31 കോടി രൂപയാണ് ഇതിലേക്കായി നീക്കിവെക്കുന്നത്. 1981 ൽ 17.8 കോടി രൂപ എസ്റ്റിമേറ്റ് തുകയ്ക്ക് ആരംഭിച്ച ഇടമലയാർ പദ്ധതിക്ക് ഇതുവരെ 223 കോടി രൂപ ചെലവായിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണത്തിനായി 8 കോടി രൂപ നീക്കിവെക്കുന്നു. ബാണാസുര സാഗർ പദ്ധതിക്ക് 11 കോടിരൂപയാണ് വകയിരുത്തിയിട്ടുള്ളത്. 1999ൽ തുടങ്ങിയ ചമ്രവട്ടം

റഗുലേറ്ററിന് ഇപ്പോഴാണ് ശാപമോക്ഷം കിട്ടുന്നത്. 21 കോടി രൂപ യാണ് നീക്കിവെച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടു കൂടി ചിറ്റൂർപ്പുഴ, കാഞ്ഞിരപ്പുഴ, മലമ്പുഴ ഇറിഗേഷൻ സ്കീമുകൾ പൂർത്തീകരിക്കുന്നതിനും നവീകരിക്കുന്നതിനുമായി 29 കോടിരൂപ വകയിരുത്തിയിരിക്കുന്നു. മൂവാറ്റുപുഴ പദ്ധതിക്ക് 12 കോടി രൂപ വക യിരുത്തുന്നു. ചെറുകിട ജലസേചന പദ്ധതികൾക്ക് നബാർഡിൽ നിന്ന് 58 കോടി രൂപയാണ് 2008-09ൽ ലഭ്യമാക്കുന്നത്. കടൽഭിത്തി നിർമ്മാണത്തിന് 58 കോടി രൂപയാണ് ചെലവഴിക്കാനുദ്ദേശിക്കുന്നത്. സുവർണ ജൂബിലി ആഘോഷിക്കുന്ന 'കെരി'ക്ക് 1 കോടിരൂപ വകയി രുത്തുന്നു.

68. ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന മീനച്ചിൽ പദ്ധതി സാങ്കേതികമായും ധനപരമായും സാധ്യതയില്ല എന്നാണ് ഉന്നതതല പഠനങ്ങൾ വ്യക്തമാ ക്കിയിട്ടുള്ളത്. അതുകൊണ്ട് മീനച്ചിൽ നദീതട പദ്ധതി ഉടച്ചു വാർക്കാൻ ഉദ്ദേശിക്കുന്നു. യുദ്ധകാലാടിസ്ഥാനത്തിൽ ഇതിനൊരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പാക്കി തുടങ്ങും. 5 കോടി രൂപ ഇതിലേ ക്കായി വകയിരുത്തുന്നു.

<u>ഊർജ്ജം</u>

69. വൈദ്യുതി ഉല്പാദന ശേഷി ഉയർത്തുന്നതിനും ട്രാൻസ്മിഷനും ഡിസ്ട്രിബ്യൂഷനും ഏതാണ്ട് തുല്യ പ്രാധാന്യമാണ് പദ്ധതിയിൽ നൽകിയിട്ടുള്ളത്. 2008-09ൽ ആരംഭിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതി അതിരപ്പള്ളിയാണ്. ഇതിനായി 60 കോടി രൂപ വകയിരുത്തുന്നു. പുതിയ പ്രോജക്ടുകൾ ഇവയാണ്: ചിമ്മിനി, അച്ചൻകോവിൽ, ചിന്നാർ, പീച്ചി. നിലവിലുള്ള 21 സ്കീമുകൾക്കായി 196.5 കോടിരൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ഏറ്റവും കൂടു തൽ തുക നീക്കിവെച്ചിട്ടുള്ളത് പള്ളിവാസൽ എക്സ്റ്റൻഷനാണ്, 37.75 കോടി രൂപ. 41 സബ് സ്റ്റേഷനുകൾക്കും അവയുടെ ട്രാൻസ്മിഷൻ ലൈനുകൾക്കും വേണ്ടി 160 കോടി രൂപ ചെലവഴിക്കും. 4 ലക്ഷം സർവ്വീസ് കണക്ഷനുകൾക്കും 3 ലക്ഷം സ്ട്രീറ്റ് ലൈറ്റുകൾക്കുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇവയ്ക്കായുള്ള ട്രാൻസ്ഫോർമർ ലൈനുകൾ, മീറ്ററുകൾ എന്നിവയ്ക്കെല്ലാം വേണ്ടി 210 കോടി രൂപ വേണ്ടിവരും. വിതരണവുമായി ബന്ധപ്പെട്ട രണ്ട് കേന്ദ്രാവിഷ്കൃത സ്കീമുകളി ലായി 102 കോടി രൂപയാണ് ചെലവഴിക്കാനുദ്ദേശിക്കുന്നത്. സുനാമി

പുനരധിവാസവുമായി ബന്ധപ്പെട്ട് ഏതാണ്ട് 60 കോടി രൂപയാണ് ബോർഡ് വകയിരുത്തിയിട്ടുള്ളത്. വൈദ്യുതി മേഖലയിലെ ഏറ്റവും സുപ്രധാനമായ നടപടിയായ ഒറീസ്സയിലെ ബൈതരണി വെസ്റ്റ് കോൾ ബ്ലോക്കിൽ നിന്നും കേരളത്തിന് അനുവദിച്ച കൽക്കരി ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കാനുള്ള കമ്പനിയുടെ ഓഹരി മൂലധനത്തിനായി 20 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വികസനത്തിന് 9 കോടി രൂപയും സംയോജിത ഗ്രാമീണ ഊർജ്ജ വികസന പരിപാടിക്ക് 10 കോടി രൂപയും വകയിരുത്തുന്നു.

**തുറമുഖം**

70. കേരളത്തിൽ ആരംഭിച്ചിരിക്കുന്ന ഏറ്റവും വലിയ തുറമുഖ പദ്ധതി വിഴിഞ്ഞം ആഴക്കടൽ അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലാണ്. ഇതിനായി 'വിസൽ' (വിഴിഞ്ഞം ഇന്റർനാഷനൽ സീ പോർട്ട് ലിമിറ്റഡ്) എന്ന സർക്കാർ കമ്പനിക്ക് ഇതിനകം രൂപം നൽകിയിട്ടുണ്ട്. പോർട്ടിനാവശ്യമായ റെയിൽ-റോഡ് ബന്ധങ്ങൾ, വെള്ളം, വൈദ്യുതി തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നത് ഈ കമ്പനിയായിരിക്കും. പദ്ധതിയിൽ 25.7 കോടി രൂപ വകയിരുത്തിയിരിക്കുന്നു. പോർട്ട് നിർമ്മിക്കുന്നതിനുള്ള അന്തർദ്ദേശീയ ടെണ്ടറുകൾ വിളിച്ചിരിക്കുകയാണ്. പോർട്ടിന്റെ നടത്തിപ്പിനായുള്ള കമ്പനിയിലും സർക്കാരിന് ഷെയറുണ്ടാകും.

71. ആലപ്പുഴയിൽ മറീനയും ഒപ്പംതന്നെ കാർഗോ തുറമുഖവും സ്ഥാപിക്കുന്നതാണ്. പദ്ധതിരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിന് ആഗോളതലത്തിൽ ടെണ്ടർ ക്ഷണിച്ചുകഴിഞ്ഞു. ആലപ്പുഴ കടൽപ്പാലം പുനരുദ്ധരിക്കുന്നതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു. അഴീക്കൽ തുറമുഖത്തിന്റെ നിർമാണത്തിനായി 2.8 കോടിരൂപയും തങ്കശേരിയിലെ കാർഗോ ബർത്തിനായി 1.10 കോടിരൂപയും വകയിരുത്തിയിട്ടുണ്ട്. മഞ്ചേശ്വരത്തെ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി ഒരു കോടി രൂപ വകയിരുത്തുന്നു.

72. രാജീവ് ഗാന്ധി സെന്റർ ഫോർ സിവിൽ ഏവിയേഷന്റെ ഹാംഗർ സ്ഥാപിക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തുന്നു. കൊച്ചിൻ മെട്രോ റെയിൽ പദ്ധതിയുടെ പണി ആരംഭിക്കും.

<u>റോഡുകളും പാലങ്ങളും</u>

73. കഴിഞ്ഞ മഴക്കാലത്തെ കേരളത്തിലെ റോഡുകളുടെ തകർച്ച രണ്ട് ചോദ്യങ്ങൾ ഉയർത്തി. റോഡുകളുടെ നിർമാണത്തിനും അറ്റകുറ്റപ്പണിക്കുമായി ചെലവഴിക്കുന്ന പണം എത്ര? എത്രമാത്രം ഫലപ്രദമായി ഈ പണം ചെലവാക്കുന്നു? റോഡ് കോൺട്രാക്ടർമാരുടെ കുടിശ്ശികയിലേക്ക് 2007-08ൽ ഇതിനകം 530 കോടിരൂപ നൽകിയിട്ടുണ്ട്. രണ്ടു മാസത്തെ കുടിശ്ശിക കൂടി മാർച്ച് 31നകം നൽകുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. ഇത് ഒരു സർവകാല റെക്കോഡായിരിക്കും. ഇതിനുപുറമെയാണ് നബാർഡ് പണികൾക്കും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും നൽകിയ 223 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നുമായി നൽകിയിരിക്കുന്ന പണവും.

74. മരാമത്ത് പണികളുടെ നടത്തിപ്പ് സംബന്ധിച്ച് പൊതു മരാമത്ത് വകുപ്പ് ചില സുപ്രധാന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം വർഷാദ്യം തന്നെ റേറ്റുകൾ പുതുക്കുക എന്നുള്ളതാണ്. ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുകയുടെ 150 ശതമാനത്തിനപ്പുറം പുതിയ റോഡുകൾ എടുക്കുന്നതല്ല. ടെണ്ടർ നടപടിക്രമങ്ങൾ കർശനമായി പാലിക്കണം. ഇതിന് ഓരോ തലത്തിലുമുള്ള ഉദ്യോഗസ്ഥരുടെ അധികാരവും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. രണ്ടു വർഷമായി ചർച്ചചെയ്തുകൊണ്ടിരിക്കുന്ന ഒരു കാര്യം റോഡുകൾ ദീർഘകാല മെയിന്റനൻസ് കരാറിന് നൽകുന്നത് സംബന്ധിച്ചാണ്. ശബരിമല റോഡുകളിൽനിന്ന് ഇത് ആരംഭിക്കാമെന്ന് കരുതുന്നു. ദീർഘകാല മെയിന്റനൻസ് കരാറിന്റെ ആദ്യവർഷം നടത്തേണ്ടുന്ന ഹെവി മെയിന്റനൻസിന് കൂടുതൽ തുക നൽകേണ്ടിവരാം. അത് അധികമായി പി.ഡബ്ല്യു.ഡിക്ക് ലഭ്യമാക്കും.

75. 2008-09 ൽ 705 കോടി രൂപയുടെ പദ്ധതിയടങ്കലിൽ 350 കോടിരൂപ കെ.എസ്.ടി.പിയിൽ നിന്നും 140 കോടിരൂപ സുനാമി ധനസഹായത്തിൽനിന്നും 147 കോടി രൂപ നബാർഡിൽ നിന്നുമാണ്. കേന്ദ്ര റോഡ് ഫണ്ടിൽനിന്ന് 47 കോടി രൂപയാണ് ലഭ്യമാകുക. മേജർ ഡിസ്ട്രിക്ട് റോഡുകൾക്കും അവയിലുള്ള പാലങ്ങൾക്കും വേണ്ടി 12.26 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

76. കോട്ടയത്തെ നാഗമ്പടം ഫ്ളൈ ഓവറിന്റെ ബി.ഒ.ടി. ടെണ്ടറിന്റെ ആവശ്യമായ രേഖകൾ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക്

50 ലക്ഷം രൂപ വകയിരുത്തുന്നു. 16 കോടി രൂപ ചെലവുവരുന്ന തൃശൂർ-കാഞ്ഞാണി-വാടാനപ്പള്ളി റോഡിന്റെ പ്രവൃത്തി ഈ വർഷം ആരംഭിക്കും. തീർത്ഥാടന കേന്ദ്രമായ മലയാറ്റൂരിലേയ്ക്കുള്ള മലയാറ്റൂർ - കോടനാട് പാലം നിർമ്മാണം ആരംഭിക്കുന്നതാണ്.

**ജലഗതാഗതം**

77. ജലഗതാഗതത്തിന്റെ പദ്ധതിയടങ്കൽ 2007-08ൽ 71 കോടി ആയിരുന്നത് 2008-09ൽ 109 കോടിയായി ഉയർത്തിയിട്ടുണ്ട്. 5 കോടി രൂപ വാട്ടർ ട്രാൻസ്പോർട്ട് വകുപ്പിനുള്ളതാണ്. കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് 6 കോടി രൂപയും ദേശീയ ജലപാതയുടെ നിർമ്മാണത്തിനായി 56 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഫീഡർ കനാലുകൾക്കും മറ്റു കനാലുകൾക്കുമായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**വിനോദ, വിദ്യാഭ്യാസ, ശാസ്ത്ര, കലാ - കായിക മേഖലകൾ.**

**ടൂറിസം**

78. ടൂറിസത്തിനുള്ള പദ്ധതി അടങ്കൽ 83 കോടി രൂപയിൽ നിന്ന് 98 കോടി രൂപയായി ഉയർത്തുന്നു. തീരദേശ ടൂറിസം പ്രോജക്ടുകൾക്കാണ് ഈ വർഷത്തെ പദ്ധതിയിൽ പ്രാമുഖ്യം നൽകിയിട്ടുള്ളത്. ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന് 9 കോടി രൂപയുണ്ട്. ടൂറിസം മാർക്കറ്റിംഗ് ആണ് 2007-08നേക്കാൾ ഉയർന്ന ധനസഹായം ലഭിക്കുന്ന സ്കീം. 15 കോടി രൂപ ഇതിനായി നീക്കിവെച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്പോൺസർ ചെയ്യുന്ന പാതിരാമണൽ ഇക്കോ ടൂറിസം പ്രോജക്ട്, മുസരീസ് പ്രോജക്ട്, മലബാറിലെ ടൂറിസം കേന്ദ്രങ്ങൾ എന്നിവയ്ക്ക് സംസ്ഥാന വിഹിതമായി 3 കോടി രൂപയാണ് വകയിരുത്തിയത്. 7 കോടി രൂപകൂടി അധികമായി നൽകുന്നു.

79. മുസരിസ് പ്രോജക്ടിന്റെ ഭാഗമായി പട്ടണത്തു നടക്കുന്ന പുരാവസ്തു ഖനനം ഇതിനകം അന്തർദ്ദേശീയ ശ്രദ്ധയാകർഷിച്ചു കഴിഞ്ഞു. കൊടുങ്ങല്ലൂർ കോവിലകത്തെ ഒരു കൊട്ടാരം കുഞ്ഞിക്കുട്ടി തമ്പുരാട്ടി സ്മാരകമായി ഇപ്പോഴുള്ള ഉടമസ്ഥരുടെ അവകാശങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെയോ അല്ലെങ്കിൽ അവർക്ക് സമ്മതമെങ്കിൽ സർക്കാർ ഏറ്റെടുത്തുകൊണ്ടോ പുനരുദ്ധരിച്ച് സംരക്ഷിക്കുന്നതാണ്. ഇതേ അടിസ്ഥാനത്തിൽ പാലിയം കൊട്ടാരം പുനരുദ്ധരിക്കുന്നതാണ്.

എറിയാടുള്ള അബ്ദുറഹിമാൻ സാഹിബിന്റെ ജന്മഗൃഹം ഏറ്റെടുക്കുന്നതിനുള്ള നടപടി ഈ വർഷം പൂർത്തിയാക്കും.

80. ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന് 2 കോടി രൂപ അധികമായി വകയിരുത്തുന്നു. എറണാകുളം ഗസ്റ്റ് ഹൗസിന്റെ മാതൃകയിൽ ഭാഗികമായി വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കാനാകുംവിധം കണ്ണൂർ, സുൽത്താൻ ബത്തേരി, മൂന്നാർ എന്നീ ഗസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് 2 കോടി രൂപ വകയിരുത്തുന്നു.

81. ശ്രീലങ്കയിലെ പിന്നവേലിയിലെന്നപോലെ ആനകൾക്കൊരു സംരക്ഷണകേന്ദ്രം സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപ അധികമായി വകയിരുത്തുന്നു. വനംവകുപ്പുമായി സഹകരിച്ചായിരിക്കും ഇത് നടപ്പാക്കുക. ഇവിടെ കൂട്ടംതെറ്റിവരുന്ന കാട്ടാനക്കുട്ടികളെ പരിപാലിക്കുകയും പ്രായംചെന്ന് മെരുക്കപ്പെട്ടആനകളെ പുനരധിവസിപ്പിക്കുകയും ചെയ്യും. ആറന്മുള വള്ളംകളിയുടെ സുഗമമായ നടത്തിപ്പിന് പമ്പാനദിക്ക് കുറുകെ റബർ ചെക് ഡാം നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനത്തിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

82. കേന്ദ്ര ടൂറിസം വകുപ്പിന്റെ സഹായത്തോടെ വയലാറിൽ മാർട്ടിഡം സ്ക്വയറും വയലാർ സ്വരമണ്ഡപവും നിർമ്മിക്കുന്നതിന് രണ്ടേക്കർ ഭൂമി വാങ്ങുന്നതിന് വയലാർ പഞ്ചായത്തിന് 50 ലക്ഷം രൂപ അനുവദിക്കുന്നു. കോഴിക്കോട്ടെ കനോലി കനാലിന്റെയും തീരപ്രദേശങ്ങളുടെയും ടൂറിസ്റ്റ് സാധ്യതാ പഠനം നടത്താൻ 50 ലക്ഷം രൂപ വകയിരുത്തുന്നു. കൂത്തുപറമ്പ് ടൗൺസ്ക്വയർ വികസിപ്പിക്കുന്നതിന് 25 ലക്ഷം രൂപയും തൃശൂർ ശക്തൻ സ്ക്വയർ വികസിപ്പിക്കുന്നതിന് 50 ലക്ഷം രൂപയും അനുവദിക്കുന്നു.

83. ഗ്രാന്റ് കേരള ട്രേഡ് ഫെയർ 2008-09 ൽ തുടരുന്നതാണ്. കേരളത്തെ ഒരു അന്തർദ്ദേശീയ ഷോപ്പിംഗ് ഡെസ്റ്റിനേഷനായി വളർത്തുകയും ടൂറിസ്റ്റ് വാണിജ്യത്തെ കേരളത്തിലെ പരമ്പരാഗത ഉൽപ്പാദന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുകയുമാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഇത് കേവലം തെരഞ്ഞെടുത്ത കടകളിൽ നടപ്പാക്കാനുള്ള സമ്മാന പദ്ധതിയല്ല. ആദ്യവർഷം എന്ന നിലയിൽ ഈ പരിമിതി ഉണ്ടായിരുന്നു. ട്രേഡ് ഫെയറിന്റെ നടത്തിപ്പു സംബന്ധിച്ച് വ്യാപാര വ്യവസായ സംഘടനകളുമായി ചർച്ച ചെയ്യും. ദീർഘകാല കാഴ്ചപ്പാടോടുകൂടി വ്യാപാര മേളയെ പ്രോത്സാഹിപ്പിക്കുന്നതിനും സംഘടിപ്പിക്കുന്ന

തിനും തുടർച്ച ഉറപ്പുവരുത്തുന്നതിനും ഒരു ട്രേഡ് ഫെയർ അതോറിറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഈ സ്കീമിലേക്ക് 20 കോടി രൂപ അധികമായി ഞാൻ വകയിരുത്തുന്നു. ടൂറിസവുമായി ബന്ധപ്പെടുത്തി വിദേശ രാജ്യങ്ങളിൽ വ്യാപാര മേളയെക്കുറിച്ച് വലിയതോതിൽ പരസ്യങ്ങൾ നൽകുന്നതാണ്. കോഴിക്കോട് മിഠായിത്തെരുവ്, ഫോർട്ട്കൊച്ചി, തിരുവനന്തപുരത്തെ ചാലക്കമ്പോളം, എറണാകുളം ബ്രോഡ്വേ തുടങ്ങിയ പുരാതന വ്യാപാര കേന്ദ്രങ്ങൾ സംരക്ഷിച്ചു വികസിപ്പിക്കുന്നതിനും കണ്ണൂർ കൈത്തറി, ആലപ്പുഴ കയർ, മാന്നാർ ഓട്ടു വ്യവസായം എന്നീ വ്യവസായ കേന്ദ്രങ്ങളിൽ വാണിജ്യമേള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും 2008-09ൽ ട്രേഡ്ഫെയർ ഫണ്ട് ഉപയോഗിക്കുന്നതാണ്.

## വിവരസാങ്കേതികവിദ്യ വ്യവസായങ്ങൾ

84. സ്മാർട് സിറ്റി പദ്ധതിക്ക് തറക്കല്ലിട്ടത് കേരളത്തിലെ ഐ.ടി.വികസനത്തിൽ ഒരു നിർണായകവഴിത്തിരിവായി. ഐ.ടിക്കുള്ള വകയിരുത്തൽ 2006-07ൽ 44 കോടി രൂപയായിരുന്നത് 78 കോടി രൂപയായി ഉയർത്തുന്നു. ഏറ്റവും പ്രധാനപ്പെട്ട ഇനം കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷന് നൽകിയിരിക്കുന്ന 18.4 കോടി രൂപയാണ്. ഐ.ടി. വികസന പരിപാടിയുടെ നോഡൽ ഏജൻസിയായിട്ടാണ് മിഷൻ പ്രവർത്തിക്കുന്നത്. അക്ഷയ, കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ്വർക്, ഫ്രണ്ട്സ് സേവന കേന്ദ്രങ്ങൾ, പരിശീലന സംവിധാനങ്ങൾ, നിക്ഷേപ-പ്രോത്സാഹന പരിപാടികൾ തുടങ്ങിയവയ്ക്ക് മിഷൻ നേതൃത്വം നൽകുന്നു. 20 കോടി രൂപ നാഷനൽ ഇ-ഗവേർണൻസ് പ്ലാനിന്റെ ഭാഗമായി മിഷൻ ചെലവഴിക്കുന്നു. ഐ.ടി പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഒരു ഇൻഫ്രാസ്ട്രക്ചർ കമ്പനി രൂപീകരിക്കുന്നതാണ്. ഇതിന് അഞ്ചു കോടി രൂപ ഷെയർ മൂലധനമായി വകയിരുത്തിയിരിക്കുന്നു.

## തൊഴിലില്ലായ്മ

85. പരമ്പരാഗത മേഖലകളിലെ തൊഴിൽ സാധ്യതകളെ സംരക്ഷിക്കുന്നതിന് പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ട്. അതോടൊപ്പം ദേശീയ തൊഴിലുറപ്പുപദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിലൂടെ ഈ മേഖലകളിലെ തൊഴിലില്ലായ്മയ്ക്ക്

ആശ്വാസം നൽകുവാനുമാകും. അതേ സമയം അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമായി കാണുന്നത് ഐ.ടി., ടൂറിസം പോലുള്ള പുതിയ മേഖലകളിലെ വളർച്ചയാണ്. ഇത്തരം ഒരു ദ്വിമുഖ തന്ത്രമാണ് ബജറ്റിൽ സ്വീകരിച്ചിട്ടുള്ളത്.

## ശാസ്ത്രവും പരിസ്ഥിതിയും

86. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി എൻവയൺമെന്റ് ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്കും ഗവേഷണത്തിനും വേണ്ടിയുള്ള നോഡൽ ഏജൻസിയാണ്. ഇതിന് കീഴിൽ വരുന്ന ഗവേഷണ വികസന സ്ഥാപനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നതിന് 22 കോടി രൂപ വകയിരുത്തുന്നു. കൗൺസിൽ നേരിട്ട് നടത്തുന്ന സ്കീമുകൾക്കുവേണ്ടി മറ്റൊരു 19 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്ററിന് 10 കോടിരൂപയാണ് നൽകുന്നത്. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന് എക്കണോമിക്സിൽ ബിരുദാനന്തര കോഴ്സിനും മറ്റുമായി 1 കോടി രൂപ വകയിരുത്തുന്നു. മലബാർ കാൻസർ റിസർച്ച് സെന്ററിന് 5 കോടിരൂപ വകയിരുത്തുന്നു.

## വനസംരക്ഷണം

87. വനസംരക്ഷണത്തിനും പുനരുജ്ജീവനത്തിനും ഫിനാൻസ് കമ്മീഷൻ അവാർഡ് അടക്കം 17.7കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വന്യജീവി സംരക്ഷണത്തിനും പാർക്കുകളുടെ പരിപാലനങ്ങൾക്കും 7.25 കോടിരൂപയുണ്ട്. ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട് തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി 2 കോടിരൂപയും പെരിയാർ റിവർ ആക്ഷൻ പ്ലാനിന് 5 കോടി രൂപയും വകയിരുത്തുന്നു. ബയോഡൈവേഴ്സിറ്റി കൺസർവേഷന് 1.5 കോടി രൂപയാണ് മാറ്റിവെച്ചിട്ടുള്ളത്.

## <u>വിദ്യാഭ്യാസം</u>

88. 2008-09ലേക്കുള്ള ബഡ്ജറ്റിൽ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കുള്ള ധനസഹായം ഗണ്യമായി ഉയർത്തിയിരിക്കുകയാണ്. 2007-08ൽ സർവ്വകലാശാലകൾക്ക് നേരിട്ട് നൽകിയ ധനസഹായം 11.9 കോടി രൂപയായിരുന്നു. എന്നാൽ 2008-09ലെ പദ്ധതിയിൽ ഇത് 31.5 കോടി രൂപയായി ഉയർത്തിയിരിക്കുന്നു. കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകൾക്ക് കൂടുതൽ ധനസഹായം നൽകിയിട്ടുണ്ട്. പദ്ധതിയേതര ധനസഹായം ഗണ്യമായി ഉയർത്തണം എന്നുള്ള ആവശ്യം സർവ്വകലാശാലകൾ മുന്നോട്ടുവെച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ഒരു നിർദ്ദേശം ഞാൻ വെക്കുകയാണ്. യു.ജി.സി. തുടങ്ങി മറ്റ് ഏജൻസികളിൽനിന്നോ ഫീസ് തുടങ്ങിയ വരുമാന മാർഗ്ഗങ്ങളിൽനിന്നോ സർവ്വകലാശാലകൾ 2007-08നെ അപേക്ഷിച്ച് 2008-09ൽ സമാഹരിക്കുന്ന അധിക വരുമാനത്തിന്റെ 50 ശതമാനം സർക്കാർ അധിക ഗ്രാന്റായി നൽകുന്നതാണ്. നിലവിൽ ബഡ്ജറ്റിൽ നൽകിയിരിക്കുന്ന ധനസഹായ വർധനയ്ക്ക് പുറമെയായിരിക്കും ഇത്.

89. സർക്കാർ കോളേജുകളിലെ ഹോസ്റ്റൽ, ക്ലാസ് മുറികൾ തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിന് 2.8 കോടിരൂപ വകയിരുത്തുന്നു. ലോ കോളേജുകൾക്ക് 80 ലക്ഷം രൂപയുണ്ട്. ഫൈനാർട്സ് കോളേജുകളുടെ വിഹിതം 58 ലക്ഷത്തിൽനിന്ന് ഒന്നരക്കോടി രൂപയായി ഉയർത്തുന്നു. കോഴിക്കോട് സർവ്വകലാശാലയിലെ ജോൺ മത്തായി സെന്ററിന് ഓഡിറ്റോറിയം കം ഗസ്റ്റ് ഹൗസും ചുറ്റുമതിലും പണിയുന്നതിനുവേണ്ടി 90 ലക്ഷം രൂപ വകയിരുത്തുന്നു. മഞ്ചേശ്വരം ഗോവിന്ദപൈ കോളേജ്, എളരിത്തട്ട് നായനാർ സ്മാരക കോളേജ്, പെരിന്തൽമണ്ണ ഗവൺമെന്റ് കോളേജ്, മാനന്തവാടി ഗവ: എഞ്ചിനിയറിംഗ് കോളേജ് എന്നിവിടങ്ങളിൽ അക്കാദമിക് ബ്ലോക്കുകൾ, നന്ദൻമുക്ക്, വെച്ചൂച്ചിറ, മീനങ്ങാടി എന്നിവിടങ്ങളിലെ ഗവൺമെന്റ് പോളിടെക്നിക്ക് കെട്ടിടങ്ങളും, കോട്ടയം, ആലപ്പുഴ വിദ്യാഭ്യാസ ഓഫീസ് കോംപ്ലക്സുകളും, നെടുങ്കണ്ടം പ്രീ-മെട്രിക് ഹോസ്റ്റലുമാണ് ഈ വർഷം നിർമ്മാണമാരംഭിക്കുന്ന പ്രധാന പ്രവൃത്തികൾ. തിരുവനന്തപുരത്തെ കേരള സർവകലാശാല സെനറ്റ് ഹാൾ നവീകരിക്കുന്നതിന് 50 ലക്ഷം രൂപ അധികമായി വകയിരുത്തുന്നു.

90. ഐ.എച്ച്.ആർ.ഡി. അടക്കം എഞ്ചിനിയറിംഗ് കോളേജുകൾക്ക് 2007-08 ൽ 4.5കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഇത് 19 കോടി രൂപയായി ഉയർത്തുന്നു. പോളിടെക്നിക്കുകൾക്ക് മൊത്തം 8 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കല്ല്യാശ്ശേരിയിലെ ഇ. കെ.നായനാർ സ്മാരക പോളി ടെക്നിക്കിന്റെ പുതിയ മന്ദിരത്തിനായി 25 ലക്ഷം രൂപ പ്രത്യേകം വകയിരുത്തുന്നു.

91. പ്രീഡിഗ്രി വേർപെടുത്തിയതിനെത്തുടർന്ന് കോളേജുകളിലെ അധ്യാപക തസ്തിക അധികമായതിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയമന നിരോധനം അക്കാദമിക് താത്പര്യങ്ങളെ ദോഷകരമായി ബാധിക്കുന്നു എന്നു കണ്ടതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നയം തിരുത്തി. ഒഴിവുകൾ ഉള്ള 130 ആർട്സ് & സയൻസ് കോളേജുകളിലായി 642 പോസ്റ്റുകൾ നികത്തുന്നതിനുള്ള അനുമതി നൽകുകയാണ്. ഇതിൽ ഒരു ഭാഗം ഇതിനകം തന്നെ നൽകിക്കഴിഞ്ഞു. ഈ സാമ്പത്തിക വർഷം ഹയർ സെക്കണ്ടറി മേഖലയിൽ 31 ഗവൺമെന്റ് ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്തു. 201 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലായി 292 അധിക ബാച്ചുകൾ അനുവദിച്ചു. ഇവിടെ ആവശ്യമായ 1700 ഓളം ഹയർ സെക്കണ്ടറി അധ്യാപകരുടെ തസ്തിക പുതിയ അധ്യയനവർഷം ആരംഭിക്കുന്നതിനു മുമ്പ് സൃഷ്ടിക്കുന്നതാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിൽ 14 പുതിയ സ്കൂളുകളും 34 സ്കൂളുകളിലായി 72 അഡീഷണൽ ബാച്ചുകളും ആരംഭിച്ചു. ഇതിലേക്കായി നാനൂറോളം തസ്തികകൾ പുതുതായി അനുവദിക്കും. ഭീമമായ സാമ്പത്തിക ബാധ്യത മൂലം ഒറ്റയടിക്ക് എല്ലാം ചെയ്തുതീർക്കാനാവില്ല. പടിപടിയായി വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണും.

92. സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിലൂടെയാണ് ഭൗതിക സൗകര്യങ്ങളും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ മുഖ്യമായും നടക്കുന്നത്. ഏതാണ്ട് 175 കോടി രൂപ ഈ സ്കീം പ്രകാരം 2008-09 ൽ ചെലവഴിക്കപ്പെടും. ഇതിനു പുറമേ ഈ വർഷമുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനം ഗവൺമെന്റ് ഹയർ സക്കണ്ടറി സ്കൂളുകളിലെ ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 25 കോടി രൂപ മാറ്റി വെച്ചതാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറിക്ക് 7 കോടി രൂപയു

ണ്ട്. ആഭ്യന്തര വകുപ്പിന് കീഴിലുള്ള ശതാബ്ദി ആഘോഷിക്കുന്ന മലപ്പുറത്തെ എം.എസ്.പി. ഹയർസെക്കണ്ടറി സ്കൂളിന് 20 ലക്ഷം രൂപ അധികമായി അനുവദിക്കുന്നു.

93. സ്കൂൾ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിന് 5 കോടി രൂപയും ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്കോളർഷിപ്പിന് 4.6 കോടി രൂപയും പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ ഹയർ സെക്കണ്ടറിയിലും കോളേജിലും ടാലന്റ് പരീക്ഷയുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള ഒരു പദ്ധതി ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള ഫണ്ട് മുഖ്യമായും സംഭാവനയിലൂടെ സമാഹരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇപ്രകാരം സമാഹരിക്കുന്ന തുകയുടെ അമ്പത് ശതമാനം സർക്കാർ ഗ്രാന്റായി നൽകും. തുടക്കമെന്ന നിലയിൽ 3 കോടി രൂപ അധികമായി വകയിരുത്തുന്നു.

94. തുടർസാക്ഷരതാ പരിപാടിയിലെ പ്രേരക്മാരുടെ അലവൻസ് പ്രതിമാസം 100 രൂപ വീതം വർധിപ്പിക്കുന്നു. ഇതിനായി 48 ലക്ഷം രൂപ അധികമായി വകയിരുത്തുന്നു.

## ഇന്റസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ

95. പുതിയ ഐ.ടി.ഐകൾ സ്ഥാപിക്കുന്നതിനു വേണ്ടി 4.2 കോടി രൂപ വകയിരുത്തുന്നു. ഐ.ടി.ഐകളെ സെന്റേഴ്സ് ഓഫ് എക്സലൻസ് ആക്കി വളർത്തുന്നതിനുള്ള കേന്ദ്ര പദ്ധതിയുടെ സംസ്ഥാന വിഹിതമായി 2 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. സെന്റേഴ്സ് ഓഫ് എക്സലൻസിനുള്ള കേന്ദ്ര സ്കീമിന് അർഹത നേടണമെങ്കിൽ ഐ.ടി.ഐകളെ ഒന്നാം ഗ്രേഡിലേക്ക് ഉയർത്തേണ്ടതുണ്ട്. കയ്യൂർ, കോഴിക്കോട് (വനിത), അരീക്കോട്, കട്ടപ്പന, മാള, ചെന്നീർക്കര, കഴക്കൂട്ടം (വനിത) തുടങ്ങി തെരഞ്ഞെടുക്കപ്പെട്ട ഐ.ടി.ഐകളെ ഒന്നാംകിടയായി ഉയർത്തുന്നതിനു വേണ്ടി 4 കോടി രൂപ അധികമായി വകയിരുത്തുന്നു. ഇതിനു പുറമെ ഐ.ടി.ഐകളുടെ ആധുനികവത്ക്കരണത്തിനുവേണ്ടി 4.25കോടി രൂപ പദ്ധതിയിലും വകയിരുത്തിയിട്ടുണ്ട്.

96. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന് 10 ലക്ഷം രൂപ അനുവദിക്കുന്നു.

## സ്പോർട്സ്

97. കഴിഞ്ഞ വാർഷിക പദ്ധതിയിൽ സ്പോർട്സ് കൗൺസിലിന് 3 കോടി രൂപയാണ് അനുവദിച്ചത്. 2008-09 ൽ അത് 9 കോടി രൂപയായി ഉയർത്തുന്നു. തലശ്ശേരിയിൽ സർക്കസ് അക്കാദമിയും മ്യൂസിയവും സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപ വകയിരുത്തുന്നു. കേരള റെയിസ് ബോട്സ് & അമച്വർ റോവിംഗ് അസോസിയേഷന് വിവിധയിനം മത്സര വള്ളങ്ങളും തുഴകളും വാങ്ങുന്നതിന് 25 ലക്ഷം രൂപ അനുവദിക്കുന്നു. ജി.വി.രാജ സ്കൂളിന് 25 ലക്ഷം രൂപയും, ഉഷാ സ്കൂളിന് 20 ലക്ഷം രൂപയും അനുവദിക്കുന്നു. നെടുങ്കണ്ടം, മൂവാറ്റുപുഴ, ആലപ്പുഴ എന്നിവിടങ്ങളിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനായി ഒരു കോടി രൂപവീതം അധികമായി വകയിരുത്തുന്നു. എറണാകുളത്ത് നടക്കുന്ന സൗത്ത് ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന്റെ നടത്തിപ്പിലേക്കായി 20 ലക്ഷം രൂപ അനുവദിക്കുന്നു. വടകരയിലെ കളരി അക്കാദമിക്ക് 10 ലക്ഷം രൂപ അധികമായി വകയിരുത്തുന്നു. സമ്പൂർണ കായികക്ഷമതാ പദ്ധതി, ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി, സ്പോർട്സ് താരങ്ങൾക്കുള്ള ഇൻഷ്വറൻസ് സ്കീം എന്നിവയാണ് മറ്റു പ്രധാന സ്കീമുകൾ.

98. കേരള സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡിന്റെ ധനസഹായം 5 കോടി രൂപയായി ഉയർത്തുന്നു.

## കലയും സംസ്കാരവും

99. 2007-08ൽ 14.3 കോടിരൂപ നൽകിയ സ്ഥാനത്ത് 2008-09ൽ 23 കോടി രൂപ പദ്ധതിയിൽ നീക്കിവെച്ചിട്ടുണ്ട്. കലാ സാംസ്കാരിക മേഖലയ്ക്ക് കൂടുതൽ പിന്തുണ നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. തുഞ്ചൻ സ്മാരക ട്രസ്റ്റ്, ശിവഗിരിയിലെ കൺവെൻഷൻ സെന്റർ, ശങ്കരമംഗലത്തെ തകഴി മെമ്മോറിയൽ, മഞ്ചേശ്വരത്ത് രാഷ്ട്രകവി ഗോവിന്ദപൈ സ്മാരകം, മാവേലിക്കരയിലെ ഏ.ആർ.രാജരാജവർമ്മ സ്മാരകം, എന്നിവയ്ക്ക് 20 ലക്ഷം രൂപ വീതം അധികമായി അനുവദിക്കുന്നു. സംഗീത-നാടക അക്കാദമിക്ക് ഏഷ്യൻ തിയറ്റർ ഫെസ്റ്റ് നടത്തുന്നതിനുവേണ്ടി 20 ലക്ഷം രൂപ അധികമായി അനുവദിക്കുന്നു. സാഹിത്യ അക്കാദമിയുടെ സുവർണ ജൂബിലി സ്മാരകമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി 25 ലക്ഷം രൂപ അനുവദിക്കുന്നു.

കെ.എസ്.എഫ്.ഡി.സിയുടെ സ്റ്റുഡിയോ ശീതീകരിക്കുന്നതിനും ആധുനിക ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനും വേണ്ടി 50 ലക്ഷം രൂപ അധികമായി വകയിരുത്തുന്നു. ദേവരാജൻ മാസ്റ്ററുടെ നാമധേയ ത്തിലായിരിക്കും സ്റ്റുഡിയോ അറിയപ്പെടുക. കോഴിക്കോട്ടെ മൊയ്തു മൗലവി സ്മാരകം പൂർത്തീകരിക്കുന്നതിന് 10 ലക്ഷം രൂപ വകയിരു ത്തുന്നു. പന്മന ആശ്രമ വികസന പദ്ധതിയിലേക്ക് 10 ലക്ഷം രൂപ വക യിരുത്തുന്നു. ചെറായിയിലെ സഹോദരൻ അയ്യപ്പൻ സ്മാരകത്തിനും അക്കാദമി ഓഫ് മാജിക്കൽ സയൻസസിനും 5 ലക്ഷം രൂപ വീതം അധികമായി ഗ്രാന്റ് അനുവദിക്കുന്നു. ഇരിങ്ങാലക്കുടയിലെ ഉണ്ണായി വാരിയർ സ്മാരക കലാനിലയത്തിന് 10 ലക്ഷം രൂപ ഗ്രാന്റായി അനു വദിക്കുന്നു.

100. വൈക്കം മുഹമ്മദ് ബഷീറിന്റെ ജന്മശതാബ്ദി വർഷത്തിൽ അദ്ദേഹ ത്തിന്റെ സ്മാരകമായി ഒരു സാംസ്കാരിക സമുച്ചയം കോഴിക്കോട് സ്ഥാപിക്കുന്നതാണ്. വിശദമായ രൂപരേഖയും എസ്റ്റിമേറ്റും തയ്യാ റാക്കുന്നതിന് ഒരു കമ്മറ്റിയെ നിയോഗിക്കുന്നതാണ്. തുടക്കമെന്ന നിലയിൽ 50 ലക്ഷം രൂപ വകയിരുത്തുന്നു. ലാറി ബേക്കറുടെ സ്മര ണയ്ക്കായി പൈതൃക പഠനത്തിനും ബദൽ സാങ്കേതിക വിദ്യയ്ക്കും വേണ്ടിയുള്ള ഒരു കേന്ദ്രം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതാണ്. ഇതിലേക്കായി 80 ലക്ഷം രൂപ വകയിരുത്തുന്നു. ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏസ്തെറ്റിക്സ് സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

## സേവന മേഖല

**ആരോഗ്യം**

101. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും ദ്വിതീയ ആരോഗ്യ കേന്ദ്രങ്ങളും ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ ധനസഹായത്തെയാണ് ആശ്രയിക്കുന്നത്. 2008-09ൽ ഈ സ്കീം പ്രകാരം 133 കോടി രൂപ ആരോഗ്യ മേഖലയിൽ ചെലവഴിക്കപ്പെടും.

102. ആരോഗ്യ വിദ്യാഭ്യാസത്തിന്റെ അടങ്കൽ 2007-08ൽ 13 കോടി രൂപ ആയിരുന്നത് 30 കോടി രൂപയായി ഉയർത്തുന്നു. ഇതുപോലെ തദ്ദേ ശീയ ആരോഗ്യ സമ്പ്രദായങ്ങൾക്കുള്ള അടങ്കൽ 5 കോടി രൂപയിൽനിന്ന് 16.5 കോടിയായി ഉയർത്തുന്നു.

103. കോഴിക്കോട് മെഡിക്കൽ കോളേജിലെ സ്പെഷ്യാലിറ്റി ബ്ലോക്ക് അടിയന്തിരമായി തുറന്നു പ്രവർത്തിക്കുന്നതിലേക്കായി 2 കോടി രൂപ അധികമായി വകയിരുത്തുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സുവർണ ജൂബിലി ഓഡിറ്റോറിയം പണിയുന്നതിലേക്കായി ഒരു കോടി രൂപ അനുവദിക്കുന്നു. കലവൂർ, കൂത്താളി, കോന്നി, മറ്റത്തൂർ എന്നീ പി.എച്ച്.സി കളുടെയും പനങ്ങാട്, പിണറായി, സി.എച്ച്.സികളുടെയും കൊയിലാണ്ടി, കൊട്ടാരക്കര, റാന്നി, പെരുമ്പാവൂർ, താലൂക്ക് ആശുപത്രികളുടെയും പുതുക്കാട്, ഐരാണിമുട്ടം ആശുപത്രികളുടെയും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം ഈ വർഷം ആരംഭിക്കും. മാനന്തവാടി നേഴ്സിംഗ് സ്കൂളിന്റെ നിർമ്മാണവും ഈ വർഷം ആരംഭിക്കും.

104. കണ്ണൂരിൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി ആരംഭിക്കുന്നതിന് 70 ലക്ഷവും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സിനും കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് മെഡിസിനും വേണ്ടി ഒരു കോടി രൂപ വകയിരുത്തുന്നു. ഈ വർഷം പാരാമെഡിക്കൽ കൗൺസിൽ സ്ഥാപിക്കും. ഇതിനായി 50 ലക്ഷം രൂപ ഉൾക്കൊള്ളിക്കുന്നു. മെഡിക്കൽ കോളേജുകളുടെ ഹോസ്റ്റൽ നവീകരിക്കുന്നതിനും പുതിയ ഹോസ്റ്റലുകൾ പണിയുന്നതിനും 3 കോടി രൂപ വകയിരുത്തുന്നു. കോഴിക്കോട് റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി, തിരുവനന്തപുരത്ത് സ്പൈൻ സർജറി യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപ വീതം അനുവദിക്കുന്നു.

105. പടന്നയിലെ ഇ.എം.എസ്. മെമ്മോറിയൽ സഹകരണ ആശുപത്രിക്ക് 2000-01 ൽ 10 ലക്ഷം രൂപ അനുവദിച്ചതാണ്. ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ഈ തുക അധികമായി അനുവദിക്കുന്നു. ഉഴവൂരിൽ കെ.ആർ. നാരായണന്റെ സ്മാരകമായി പ്രഖ്യാപിച്ച മാതൃകാ കമ്യൂണിറ്റി ഹെൽത്ത് ആശുപത്രിയുടെ പണി ഇതുവരെ തുടങ്ങിയിട്ടില്ല. ഇതിലേക്കായി 25 ലക്ഷം രൂപ അധികമായി അനുവദിക്കുന്നു.

106. ഗുണനിലവാരമുള്ള മരുന്നുകൾ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്ത് മരുന്ന് ഉല്പാദിപ്പിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു. കെ.എസ്.ഡി.പിക്ക് 20 കോടി രൂപയുടെ നവീകരണ പദ്ധതി നടപ്പാക്കും. ഇതിലേക്ക് 7 കോടി രൂപ പ്രത്യേകം

അനുവദിക്കുന്നു. ഔഷധിയുടെ നവീകരണത്തിനുവേണ്ടി 2 കോടി രൂപ അധികമായി വകയിരുത്തുന്നു. ഹോംകോയുടെ പുതിയ ഫാക്ടറി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 50 ലക്ഷം രൂപയും ഫാർമസി കോളേജ് സ്ഥാപിക്കുന്നതിനായി 20 ലക്ഷം രൂപയും വകയിരുത്തുന്നു. എറണാകുളത്തെ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ വ്യവസായ സഹകരണ സംഘത്തിന് 20 ലക്ഷം രൂപ അനുവദിക്കുന്നു.

**<u>പാർപ്പിടം</u>**

107. ഏകോപിതവും യാഥാർത്ഥ്യപൂർണവുമായ ഒരു സമീപനം കൈക്കൊള്ളുകയാണെങ്കിൽ എല്ലാവർക്കും വീട് എന്നത് കേരളത്തിലിന്ന് കൈവരിക്കാവുന്ന ഒരു പ്രായോഗിക ലക്ഷ്യമാണ്. 2007-08ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏതാണ്ട് 50000 വീടുകളുടെ പണിയാണ് ഏറ്റെടുത്തിട്ടുള്ളത്. 17.5കോടി രൂപ ലക്ഷംവീട് പദ്ധതിയുടെ പുനരുദ്ധാരണത്തിന് സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റിലൂടെ നൽകിയിട്ടുണ്ട്. ലക്ഷംവീട് പുനരുദ്ധാരണ ലോട്ടറിയിൽ നിന്ന് ലഭിക്കുന്ന പണവും അധികമായി ഈ സ്കീമിന് ലഭ്യമാക്കും. 2008-09ൽ 5 കോടി രൂപയാണ് ലക്ഷംവീട് പുനരുദ്ധാരണ സ്കീമിന് വകയിരുത്തിയിട്ടുള്ളത്. പാർപ്പിട മേഖലയിലെ മറ്റൊരു സുപ്രധാന പരിപാടി സുനാമി ധനസഹായത്തിന്റെ ഭാഗമായുള്ള 103 കോടി രൂപയുടെ ഭവന നിർമ്മാണ പദ്ധതിയാണ്. ഹൗസിംഗ് ബോർഡിന്റെ പുനരുദ്ധാരണത്തിന് ഒരു പാക്കേജിന് രൂപം നൽകേണ്ടതുണ്ട്. പക്ഷേ ഇത് എളുപ്പമല്ല. കാരണം 2200 ഓളം കോടി രൂപ ഹൗസിങ്ങ് ബോർഡ് ധനകാര്യ സ്ഥാപനങ്ങൾക്ക് കൊടുക്കാനുണ്ട്. ഇതിന് ഉദാരമായ ഒരു ഒറ്റത്തവണ തീർപ്പാക്കൽ നേടാൻ കഴിയണം. ഇതിനായി ശ്രമിക്കുന്നതാണ്.

**<u>തദ്ദേശ സ്വയംഭരണം</u>**

108. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ടായി 1671 കോടി രൂപയും മെയിന്റനൻസ് ഗ്രാന്റായി 398 കോടി രൂപയും പൊതു ആവശ്യ ഗ്രാന്റായി 363 കോടി രൂപയും വകയിരുത്തിയിരിക്കുന്നു. ജനകീയാസൂത്രണം തുടക്കം കുറിച്ച ഈ ധനവിന്യാസം ഇന്നും സമാന്തരമില്ലാതെ തുടരുകയാണ്.

109. ജനപങ്കാളിത്തവും സന്നദ്ധ പ്രവർത്തനവും വികേന്ദ്രീകൃത ആസൂത്രണത്തിൽ പുനഃസ്ഥാപിക്കുക എന്നതാണ് 2008-09ലെ മുഖ്യ ചുമതല. അതോടൊപ്പം ജനകീയാസൂത്രണത്തിനെ സ്ഥായിയാക്കുന്നതിന് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണകാലത്ത് മുന്നോട്ടു വെച്ചതും എന്നാൽ പിന്നീട് അവഗണിക്കപ്പെട്ടു പോവുകയും ചെയ്ത സമീപനങ്ങൾ ഊർജ്ജസ്വലമായി നടപ്പാക്കും. കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ഗ്രാമസഭകളുടെ ഉപഘടകങ്ങളാക്കി മാറ്റൽ, ജില്ലാ പദ്ധതി, നീർത്തട വികസന പരിപാടി, സ്ത്രീ പദവി പഠനം, മാലിന്യ നിർമ്മാർജ്ജന പരിപാടി, കമ്പ്യൂട്ടറൈസേഷൻ, ഉദ്യോഗസ്ഥ പുനർ വിന്യാസം, സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, തീവ്രയജ്ഞ പരിശീലന പരിപാടി തുടങ്ങിയവയാണ് മുഖ്യ പ്രവർത്തനങ്ങൾ. ഇവയ്ക്കാവശ്യമായ സന്നദ്ധ പ്രവർത്തകരെ അണിനിരത്തും.

110. എന്നാൽ നടപ്പുവർഷത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അടുത്ത വാർഷിക പദ്ധതി തയ്യാറാക്കിയതിനുശേഷം മാത്രമേ ഈ കാമ്പയിൻ പരിപാടി തുടങ്ങൂ. ഏപ്രിൽ മാസം തുടങ്ങി ജൂൺ മാസത്തോടെ ആസൂത്രണ പ്രക്രിയ പൂർത്തീകരിച്ച് ജൂലൈ മാസത്തിൽ പദ്ധതികൾക്ക് അംഗീകാരം നൽകണമെന്നാണ് ഉദ്ദേശിക്കുന്നത്. ഏപ്രിൽ മാസം മുതൽ തന്നെ പദ്ധതി നിർവഹണം ആരംഭിക്കാം. സ്പിൽഓവർ പ്രോജക്ടുകൾ, സ്കൂളുകളുടേയും മറ്റും അറ്റകുറ്റപ്പണികൾ, പാർപ്പിടം, കേന്ദ്രാവിഷ്കൃത സ്കീമുകളുടെ വിഹിതം, കാർഷിക പ്രോജക്ടുകൾ ഇവ പദ്ധതിരേഖ അംഗീകരിക്കുന്നതിനു മുമ്പുതന്നെ നടപ്പാക്കിത്തുടങ്ങാം. ഇതിനുള്ള ഉത്തരവ് ഈ മാസം തന്നെ പുറത്തിറക്കുന്നതാണ്.

111. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ഫണ്ടിൽ 20 ശതമാനം പണം അടുത്ത വർഷത്തേക്ക് കാരി ഓവർ ചെയ്യുന്നതിന് അനുവാദം ഇപ്പോഴുണ്ട്. ഈ വർഷത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇത് 30 ശതമാനമായി ഉയർത്തുന്നു. പ്ലാൻ ഫണ്ടിൽനിന്ന് ഇലക്ട്രിസിറ്റി ബോർഡിനും വാട്ടർ അതോറിറ്റിക്കും നൽകാനുള്ള കുടിശ്ശിക പണം അടയ്ക്കുന്നതിന് പ്രത്യേകം അനുവാദം നൽകുന്നു.

112. തൃശൂരിലെ 'കില' ഇന്ന് അന്തർദ്ദേശീയ അംഗീകാരം നേടിക്കഴിഞ്ഞു. ജനകീയാസൂത്രണ പരിപാടികളുടെ പ്രചാരണത്തിന്റേയും പരിശീലനത്തിന്റേയും കേന്ദ്രമായിട്ടാണ് 'കില' പ്രവർത്തിക്കുന്നത്. പദ്ധതി രേഖ

തയ്യാറാക്കിക്കഴിഞ്ഞാൽ നീർത്തട വികസന പരിപാടി തയ്യാറാക്കുന്നതിനു വേണ്ടിയുള്ള വലിയ ജനകീയ ക്യാമ്പയിൻ ആരംഭിക്കേണ്ടതുണ്ട്. ജില്ലാ പദ്ധതിക്കു രൂപംനൽകേണ്ടതുണ്ട്. ഇതിനെല്ലാമുള്ള ചെലവിലേക്ക് 'കില'യ്ക്ക് 5 കോടി രൂപ അധികമായി അനുവദിക്കുന്നു.

113. വിവിധങ്ങളായ ഗ്രാമവികസന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി 79 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ഏറ്റവും പ്രമുഖം ദേശീയ തൊഴിലുറപ്പു പദ്ധതിയാണ്. തുടങ്ങുന്നതിന് കുറച്ച് കാലതാമസം നേരിട്ടെങ്കിലും പാലക്കാടിലേയും വയനാട്ടിലേയും പദ്ധതി നടത്തിപ്പ് ദേശീയ അംഗീകാരം നേടിയിട്ടുണ്ട്. സ്വയം തൊഴിലിനു വേണ്ടിയുള്ള എസ്.ജി.എസ്.വൈ പദ്ധതി കുടുംബശ്രീയുമായി സംയോജിച്ചാണ് നടപ്പിലാക്കുന്നത്. അട്ടപ്പാടി വികസന പ്രോജക്ടിനുവേണ്ടി 30 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

114. കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളിൽ നടപ്പാക്കുന്ന ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷൻ പദ്ധതിക്ക് 307 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 107 കോടിരൂപ നമ്മുടെ വിഹിതമാണ്. തിരുവനന്തപുരം നഗരത്തിൽ എ.ഡി.ബി. വായ്പയിൽ നിന്നുള്ള തുകയാണ് നഗരസഭയുടെ വിഹിതമായി വകയിരുത്തിയിട്ടുള്ളത്. എന്നാൽ കൊച്ചി നഗരസഭ അവരുടെ വിഹിതം സ്വയം കണ്ടെത്തിയേ തീരൂ. ആയതിനാൽ കൊച്ചി നഗരസഭയുടെ പദ്ധതി വിഹിതം 30 ശതമാനത്തിൽനിന്ന് 20 ശതമാനമായി താഴ്ത്തുന്നു. അതുപോലെതന്നെ ഗ്രാമ പഞ്ചായത്തുകളുടെ വിഹിതം 30 ൽ നിന്ന് 10 ശതമാനമായി കുറയ്ക്കുന്നു. ഈ കുറവുമൂലമുള്ള ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നു. കേരള സുസ്ഥിര നഗരവികസന പദ്ധതിയിൽ 200 കോടി രൂപയാണ് 2008-09 ൽ ചെലവഴിക്കാനുദ്ദേശിക്കുന്നത്. ഇതുവരെയുള്ള ഇരു പദ്ധതികളുടെയും നടത്തിപ്പ് വേണ്ടത്ര വേഗതയിലല്ല. ഇത് പരിഹരിച്ചേ തീരൂ.

115. സംയോജിത പാർപ്പിട ചേരി വികസന പരിപാടിയിൽ 100 കോടി രൂപ ഈ വർഷം ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. അർബൻ ഇൻഫ്രാസ്ട്രക്ചർ ആന്റ് ഡെവലപ്മെന്റ് സ്കീം ഫോർ സ്മാൾ ആന്റ് മീഡിയം ടൗൺസ് ആണ് മറ്റൊരു പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതി. മൊത്തം 60 കോടി രൂപയാണ് 2008-09 ൽ ഇതുവഴി ചെലവാക്കുന്നത്. ആലപ്പുഴ കുടിവെള്ള പദ്ധതി ഈ സ്കീമിന്റെ കീഴിൽ വരും. എന്നാൽ ഈ

കുടിവെള്ള പദ്ധതിയുടെ ഗ്രാമീണ മേഖലയിലെ ജല വിതരണത്തിനു വേണ്ടിവരുന്ന പണം കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്ന് നേടാൻ കഴിഞ്ഞിട്ടില്ല. ഇത് പദ്ധതി നടത്തിപ്പിന് തടസ്സമാവില്ല. കേന്ദ്ര പണം ലഭിച്ചില്ലെങ്കിൽ ബഡ്ജറ്റിൽനിന്ന് ആവശ്യമായ തുക നൽകുന്നതാണ്. ആറ്റുകാൽ ടൗൺഷിപ്പിന്റെ നിർമ്മാണ പ്രവർത്തനം ഈ വർഷം ആരംഭിക്കുന്നതാണ്.

116. കേരള റൂറൽ ആന്റ് അർബൻ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ പുനഃസംഘടിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വായ്പാ സഹായം നൽകുന്നതിനുള്ള ധനകാര്യ ഏജൻസിയായി വികസിപ്പിക്കും. 2008-09 ൽ ഇത് പ്രവർത്തനം ആരംഭിക്കും.

117. മാസ്റ്റർ പ്ലാനുകളും വിശദമായ ടൗൺ പ്ലാനുകളും പരിഷ്ക്കരിക്കുന്നതിന് 2.5 കോടി രൂപ അധികമായി വകയിരുത്തുന്നു.

## ഉത്തരകേരളത്തിന് പാക്കേജ്

118. കോഴിക്കോടു മുതൽ മഞ്ചേശ്വരം വരെ വരുന്ന ഉത്തര കേരളത്തിന്റെ പിന്നോക്കാവസ്ഥയും വികസനസാധ്യതയും കണക്കിലെടുത്ത് ഒരു പ്രത്യേക പാക്കേജിന് രൂപംനൽകും. കണ്ണൂർ വിമാനത്താവളം, പെട്രോളിയം കോംപ്ലക്സ്, വ്യവസായ പാർക്ക് തുടങ്ങി ഭീമമായ മുതൽമുടക്ക് വേണ്ടിവരുന്ന പദ്ധതികൾ മുഖ്യമായും സ്വകാര്യ നിക്ഷേപത്തെ ആസ്പദമാക്കിയായിരിക്കും. പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് വലിയ തോതിലുള്ള മുതൽമുടക്ക് കൂടിയേ തീരൂ. ബഡ്ജറ്റിൽനിന്ന് പൂർണമായും ഇതിനുള്ള പണം കണ്ടെത്താനാവില്ല. ഇതിനുള്ള വിഭവസ്രോതസ്സുകൾ കണ്ടെത്തണം. കണ്ണൂർ, കരിപ്പൂർ വിമാനത്താവളങ്ങൾക്കാവശ്യമായ സ്ഥലമെടുപ്പ് സമയബന്ധിതമായി നടത്തുന്നതാണ്. കോഴിക്കോട് തയ്യാറാക്കിയിട്ടുള്ള സിറ്റി ഇംപ്രൂവ്മെന്റ് പ്ലാനിന് ആവശ്യമായ സ്ഥലമെടുപ്പും ഊർജ്ജിതമായി തുടങ്ങും. ഇതിനായി 20 കോടി രൂപ വകയിരുത്തുന്നു.

## മാലിന്യ വിമുക്ത കേരളം

119. കഴിഞ്ഞ കേരളപ്പിറവി ദിനത്തിൽ ഇന്ത്യൻ യൂണിയൻ പ്രസിഡണ്ട് മാലിന്യ വിമുക്ത കേരളം പരിപാടി ഉദ്ഘാടനം ചെയ്തു. ഇതിന്റെ

നടത്തിപ്പിനായി 4.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഏപ്രിൽ-മെയ് മാസങ്ങളിലായി വലിയ തോതിൽ ജനങ്ങളെ പങ്കാളികളാക്കിക്കൊണ്ടുള്ള ശുചിത്വ ക്യാമ്പയിൻ നടത്തണമെന്ന് ഉദ്ദേശിക്കുന്നു.

## സാമൂഹ്യക്ഷേമം

### പട്ടികജാതി പ്രത്യേക ഘടക പദ്ധതി

120. പട്ടികജാതി-പട്ടിക വർഗ്ഗ വികസനത്തിനായുള്ള പദ്ധതികളിൽ സാങ്കല്പികമായ കണക്കുകൾ അവസാനിപ്പിച്ച് ഇതിനുള്ള ഫണ്ട് പ്രത്യേകം ഇനമായി താഴേക്ക് നൽകാൻ തുടങ്ങിയത് ജനകീയാസൂത്രണത്തോടെയാണ്. എന്നാൽ കഴിഞ്ഞ ഭരണകാലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ പട്ടിക വിഭാഗ വികസന ഫണ്ട് ലാപ്സാവുകയാണുണ്ടായത്. ഇത് പത്താം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പട്ടികവിഭാഗ ഘടക പദ്ധതിയുടേയും ഉപ പദ്ധതിയുടേയും 30 ശതമാനം വരും. ഈ തുക മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ 2007-08ൽ പരിഹാരത്തുകയെന്ന നിലയിൽ ജനറൽ ഫണ്ടിൽ നിന്നും മാറ്റി പ്രത്യേക ഘടക പദ്ധതിയിലും ഉപ പദ്ധതിയിലും ഉൾപ്പെടുത്തുകയുണ്ടായി. 2008-09 മുതൽ സംസ്ഥാന പദ്ധതിയിലും സാങ്കല്പിക വകയിരുത്തലുകൾ അവസാനിപ്പിച്ചിരിക്കുകയാണ്. അങ്ങനെ പ്രത്യേക ഘടക പദ്ധതിയുടെയും ഉപ പദ്ധതിയുടെയും ചരിത്രത്തിൽ ഒരു പുതിയ അധ്യായത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്.

121. സംസ്ഥാന സർക്കാരിന്റെ പട്ടിക ജാതിക്കാർക്കായുള്ള പ്രത്യേക ഘടക പദ്ധതിയിൽ 179 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസത്തിനാണ് ഏറ്റവും മുന്തിയ പരിഗണന നൽകിയിട്ടുള്ളത്. കോർപ്പസ് ഫണ്ട് മാറ്റിനിർത്തിയാൽ പ്രത്യേക ഘടക പദ്ധതിയുടെ ഏതാണ്ട് 50 ശതമാനം തുകയും വിദ്യാഭ്യാസ സംബന്ധമായ പ്രോജക്ടുകൾക്കാണ് ചെലവഴിക്കേണ്ടത്. പ്രത്യേക ഘടക പദ്ധതിയിൽ 7.5 കോടി രൂപ സ്വാശ്രയ കോളേജുകളിലെ കുട്ടികളുടെ വിദ്യാഭ്യാസ സഹായത്തിനായി ആദ്യമായി പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് പത്ത് കോടി രൂപയുണ്ട്. ഇന്ദിരാ ആവാസ് യോജനക്കുള്ള സംസ്ഥാന വിഹിതമടക്കം 21.5

കോടി രൂപ പാർപ്പിടത്തിനായി നീക്കിവെച്ചിട്ടുണ്ട്. തൊഴിൽ വൈവിധ്യവൽക്കരണത്തിനും പദ്ധതിയിൽ ഊന്നലുണ്ട്. 20 കോടി രൂപയെങ്കിലും ഇതിനായി ചെലവഴിക്കും.

## പട്ടികവർഗ ഉപ പദ്ധതി

122. പട്ടിക വർഗ്ഗക്കാർക്കായുള്ള ഉപ പദ്ധതിയുടെ അടങ്കൽ 60 കോടി രൂപയാണ്. പട്ടിക വർഗ്ഗ ഉപ പദ്ധതിയുടെ 35 ശതമാനം വിദ്യാഭ്യാസ മേഖലക്കാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കായി 14 കോടി രൂപയാണ് 2008-09ൽ വകയിരുത്തിയിട്ടുള്ളത്. ഭൂരഹിതരായ 4696 പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് 6851 ഏക്കർ ഭൂമി ഇതിനകം നൽകിയിട്ടുണ്ട്. ഇവരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി 15 കോടി വകയിരുത്തിയിരിക്കുന്നു. ഇന്ദിരാ ആവാസ് യോജനക്കുള്ള സംസ്ഥാന വിഹിതമടക്കം 5.3 കോടി രൂപ പാർപ്പിടത്തിനായി നീക്കിവെച്ചിരിക്കുന്നു.

## പിന്നോക്ക സമുദായ വികസനം

123. പിന്നോക്ക സമുദായ വികസനത്തിനുവേണ്ടി 16 കോടി രൂപ വകയിരുത്തുന്നു. പരിവർത്തിത ക്രിസ്ത്യാനി വികസന കോർപ്പറേഷനു വേണ്ടി 3.5 കോടി രൂപയും പിന്നോക്ക സമുദായ വികസന കോർപ്പറേഷനു വേണ്ടി 7 കോടി രൂപയും നീക്കിവെച്ചിട്ടുണ്ട്. സ്കോളർഷിപ്പിനു വേണ്ടി 3.7 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

124. ഇന്ത്യയിലെ മുസ്ലീം ജനവിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ സച്ചാർ കമ്മറ്റി റിപ്പോർട്ടിൽ വെളിപ്പെടുത്തുകയുണ്ടായി. കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് സച്ചാർ കമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു പ്രായോഗിക പ്രവർത്തന പരിപാടി ആവിഷ്ക്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി ശ്രീ.പാലോളി മുഹമ്മദ് കുട്ടി അധ്യക്ഷനായി ഒരു കമ്മറ്റി രൂപീകരിച്ചിരുന്നു. കമ്മറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് 10 കോടി രൂപ ഞാൻ വകയിരുത്തുന്നു. മദ്രസ അധ്യാപകർക്കു ക്ഷേമനിധി രൂപീകരിക്കും. അറബിക്-മാപ്പിള പഠനങ്ങൾക്കു വേണ്ടി കോഴിക്കോട് സർവ്വകലാശാലയുമായി ബന്ധപ്പെട്ട് പുതിയൊരു

ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണ്. പാവപ്പെട്ട മുസ്ലീം പെൺകുട്ടികളുടെ ഉപരിപഠനത്തിന് പ്രത്യേക സ്കോളർഷിപ്പുകൾ ഏർപ്പെടുത്തും.

## സ്ത്രീ ശാക്തീകരണം

125. വികസന പ്രക്രിയയിൽ കേരളത്തിലെ സ്ത്രീകൾ തൃണവൽഗണിക്കപ്പെട്ടത് തിരുത്തേണ്ടിയിരിക്കുന്നു. ഇതിനായി സ്ത്രീകൾക്ക് പ്രത്യേക പരിഗണന എല്ലാ വികസന പരിപാടികളിലും നൽകുന്നതിനോടൊപ്പം സ്ത്രീകൾക്ക് പ്രത്യക്ഷഗുണം നൽകുന്നതും വേർതിരിച്ചു വകയിരുത്താവുന്നതുമായ സ്കീമുകളുമുണ്ടാകണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലെന്നപോലെ ഈ വനിതാഘടക പദ്ധതിയിൽ 10 ശതമാനം തുകയെങ്കിലും വകയിരുത്തപ്പെടണം. സ്ത്രീ-പുരുഷ വ്യത്യാസം വെളിപ്പെടുത്തിക്കൊണ്ടുള്ള കണക്കുകളുടെ അഭാവത്തിൽ ഇപ്പോൾ ഈ തോത് എത്രയെന്ന് വിലയിരുത്തുക ദുഷ്ക്കരമാണ്. എങ്കിലും ഇത് പത്ത് ശതമാനത്തിൽ വളരെ താഴെയാണ് എന്നത് നിസ്തർക്കമാണ്. ഈ പശ്ചാത്തലത്തിലാണ് ജെന്റർ ഓഡിറ്റ് പ്രധാനമായിത്തീരുന്നത്. ജെന്റർ മാനത്തോടുകൂടിയ കണക്കുകൾ ശേഖരിച്ച് നൽകുന്നതിനുള്ള സംവിധാനം ധനകാര്യ വകുപ്പ് ഉണ്ടാക്കുന്നതാണ്. ഇതിന്നടിസ്ഥാനത്തിൽ അടുത്ത വർഷം മുതലുള്ള ബഡ്ജറ്റുകളോടൊപ്പം കേന്ദ്രത്തിലെന്നപോലെ ബഡ്ജറ്റിന്റെ ജെന്റർ സ്റ്റേറ്റ്മെന്റ് സംബന്ധിച്ച പ്രത്യേക രേഖ നിയമസഭയിൽ സമർപ്പിക്കുന്നതാണ്.

126. സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി ചെയർപേഴ്സണും ജെന്റർ അഡ്വൈസർ കൺവീനറുമായി ഒരു ജെന്റർ ബോർഡ് രൂപീകരിക്കുന്നതാണ്. പ്രമുഖ സ്ത്രീ വികസന പരിപാടികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സോഷ്യൽ വെൽഫയർ, തദ്ദേശ സ്വയംഭരണം, പട്ടികജാതി-പട്ടിക വർഗ്ഗ വികസനം, ഫിഷറീസ് എന്നീ വകുപ്പ് സെക്രട്ടറിമാരും കുടുംബശ്രീ, കയർ, കശുവണ്ടി തുടങ്ങിയവയുടെ ഡയറക്ടർമാരും വനിതാവികസന കോർപ്പറേഷൻ, ക്ഷേമനിധി ബോർഡ്, വനിതാ കമ്മീഷൻ എന്നിവയുടെ ചെയർപേർസൺമാരും അനൗദ്യോഗിക അംഗങ്ങളും അടങ്ങുന്നതാകും ഈ ബോർഡ്. ബോർഡിനെ സഹായിക്കുന്നതിനു വേണ്ടി സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റിൽ ഒരു സെൽ രൂപീകരിക്കും.

127. ഗാർഹിക പീഡനത്തിനെതിരായ നിയമം പാസായെങ്കിലും ആവശ്യമായ സംവിധാനത്തിന്റെ അഭാവത്തിൽ പ്രായോഗികമായി വളരെയൊന്നും ചെയ്യാനായിട്ടില്ല. പ്രൊബേഷണറി ഓഫീസർമാർക്കാണ് ജില്ലകളിൽ ഇതിനുള്ള ചാർജ്ജ് നൽകിയിട്ടുള്ളത് ഇവർക്കുപുറമെ എല്ലാ ജില്ലകളിലും പുതുതായി വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിക്കുന്നതാണ്. 2008-09ൽ ഡി.വി.ആക്ട് കേരളത്തിൽ ഊർജ്ജിതമായി നടപ്പിലാക്കും. ജെന്റർ ബോധവൽക്കരണത്തിനുവേണ്ടി 2.25 കോടി രൂപയും സ്ത്രീകൾക്കു വേണ്ടിയുള്ള പ്രത്യേക ഫിനിഷിംഗ് സ്കൂളിന് 2 കോടി രൂപയും ഈ വർഷം വകയിരുത്തുന്നു. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സ്ത്രീപദവി പഠനപരിപാടിയുടെ നടത്തിപ്പിനുവേണ്ടി ഒരുകോടി രൂപ അധികമായി വകയിരുത്തുന്നു.

## സഹകരണം

128. കാർഷിക പ്രതിസന്ധി സഹകരണ മേഖലയെയും വലിയതോതിൽ ഉലയ്ക്കുകയുണ്ടായി. ഇത് തിരിച്ചടവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതുവരെ പലിശയിളവ്, മോറട്ടോറിയം, കടമെഴുതിത്തള്ളൽ തുടങ്ങിയവയിലൂടെ 3100 കോടിയുടെ ഇളവുകൾ കൃഷിക്കാർക്ക് സഹകരണ മേഖല നൽകിയിട്ടുണ്ട്. വൈവിധ്യമാർന്ന മേഖലകളിൽ സഹകരണ പ്രസ്ഥാനത്തിനുള്ള ഇടപെടൽ സാധ്യത നിയന്ത്രിക്കുന്നു എന്നുള്ളതാണ് വൈദ്യനാഥൻ കമ്മീഷൻ നിർദ്ദേശങ്ങളോടുള്ള നമ്മുടെ പ്രധാനപ്പെട്ട എതിർപ്പ്. അതുപോലെ തന്നെ ഈ നിർദ്ദേശങ്ങൾ നിക്ഷേപ സമാഹരണത്തെയും പ്രതികൂലമായി ബാധിക്കും. നമ്മുടെ താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് സഹകരണ പാക്കേജിൽനിന്ന് എങ്ങനെ ആനുകൂല്യങ്ങൾ നേടാം എന്ന് ചർച്ചചെയ്ത് വരികയാണ്. വിലക്കയറ്റത്തെ നിയന്ത്രിക്കുന്നതിൽ 'സഹകരണ വിപണനം കേരളീയം' പരിപാടി വലിയ സംഭാവന നൽകിയിട്ടുണ്ട്. സഹകരണ പ്രൊഫഷണൽ കോളേജുകളുടെ എണ്ണം ആറായിരുന്നത് ഇപ്പോൾ പതിനാലായി ഉയർന്നിട്ടുണ്ട്. 2008-09ൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. നേരത്തേ വിവരിച്ച സമഗ്ര ആരോഗ്യ പരിപാടിയുടെ പശ്ചാ

ത്തലത്തിൽ കൂടുതൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനും പ്രൈമറി ഹെൽത്ത് സെന്ററുകളോട് അനുബന്ധിച്ച് സഹകരണ ക്ലിനിക്കൽ ലബോറട്ടറികൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു.

129. സഹകരണ പ്രസ്ഥാനത്തിന് അഭിമാനിക്കാവുന്ന ഒട്ടേറെ സഹകരണ സംഘങ്ങൾ കേരളത്തിലുണ്ട്. ഇത്തരത്തിൽ വലിയ വളർച്ചാ സാധ്യത ഉള്ളതായ നിലവിലുള്ള സഹകരണ സ്ഥാപനങ്ങളേയും പല കാരണങ്ങൾകൊണ്ടും ഇപ്പോൾ ക്ഷീണത്തിലാണെങ്കിലും പുനരുദ്ധാരണ സാധ്യതയുള്ള സഹകരണ സംഘങ്ങളെയും സഹായിക്കുന്നതിന് 10 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇത്തവണ കായംകുളത്തെ കേരള കോ-ഓപ്പറേറ്റീവ് ട്രാൻസ്പോർട്ട്, കണ്ണൂർ ഡിസ്ട്രിക്ട് പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കോ-ഓപ്പറേറ്റീവ്, പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പേറേറ്റീവ് സൊസൈറ്റി, വടകര കോ-ഓപ്പറേറ്റീവ് ഡൈയിങ്ങ് സെന്റർ, പാഡികോ എന്നിവക്കാണ് വായ്പയായി ധനസഹായം നൽകുക. വിശദമായ പ്രോജക്ടിന്റെയും ധനകാര്യ പ്ലാനിന്റെയും അടിസ്ഥാനത്തിലായിരിക്കും ഈ പണം അനുവദിക്കുക. ഇതിലേക്ക് 10 കോടിരൂപ അധികമായി അനുവദിക്കുന്നു. കക്ക സഹകരണ സംഘങ്ങൾക്ക് ഒറ്റത്തവണ സഹായമായി ഒരു കോടി രൂപ അനുവദിക്കുന്നു. കേപ്പിന്റെ ആഭിമുഖ്യത്തിലുള്ള പുന്നപ്രയിലെ എഞ്ചിനിയറിംഗ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് 5 കോടി രൂപ അനുവദിക്കുന്നു. റബ്കോയ്ക്ക് എൻ.സി.ഡി.സിയിൽ നിന്ന് 55.76 കോടി രൂപ ലഭ്യമാക്കുന്നതാണ്. സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷന് 5 കോടി രൂപ ഒറ്റത്തവണ സഹായമായി അനുവദിക്കുന്നു.

<u>പ്രവാസി</u>

130. പ്രവാസികൾക്ക് ക്ഷേമനിധി എന്ന ദീർഘനാളത്തെ ആവശ്യം 2008-09 വർഷത്തിൽ യാഥാർത്ഥ്യമാകുവാൻ പോവുകയാണ്. കരട് ബില്ല് സർക്കാരിന്റെ പരിഗണനയിലാണ്. പ്രവാസി ക്ഷേമനിധിയിലേക്കായി 3 കോടിരൂപ ഞാൻ അധികമായി വകയിരുത്തുന്നു. പ്രവാസികളുടെ കുട്ടികൾക്കും യുവജനങ്ങൾക്കും വേണ്ടിയുള്ള ആദ്യത്തെ അന്തർദ്ദേശീയ യുവജനോത്സവം നടക്കുവാൻ പോവുകയാണ്. ഇതിന്റെ ചെലവിലേക്ക് 20 ലക്ഷം രൂപ വകയിരുത്തുന്നു. വിദേശത്തുവെച്ച് മരണമട

യുന്നവരുടെ മൃതദേഹം കേരളത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള നോർക്കയുടെ ധനസഹായമായി 25 ലക്ഷം രൂപ അനുവദിക്കുന്നു.

## ഭരണവും ഭരണ പരിഷ്ക്കാരവും

### റവന്യൂ

131. അന്യാധീനപ്പെട്ട അമ്പതിനായിരത്തോളം ഏക്കർ ഭൂമി ഏറ്റെടുക്കാനാവുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഈ ഭൂമി, പുറമ്പോക്ക് ഭൂമി, റവന്യൂ ഭൂമി, മിച്ചഭൂമി തുടങ്ങിയ എല്ലാ ഭൂമികളും കേരള സംസ്ഥാന ഭൂ ബാങ്കിന്റെ കീഴിൽ കൊണ്ടുവരുന്നതാണ്. ഇവിടെനിന്ന് ഭൂ രഹിതരുടെ ഇടയിൽ വിതരണം ചെയ്യുന്നതിനും വ്യവസായവൽക്കരണത്തിനും ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതാണ്. കേരള ഭൂ ബാങ്കിനുവേണ്ടി 5 കോടി രൂപ വകയിരുത്തുന്നു. ആറ്റിങ്ങൽ, കോതമംഗലം, പിറവം, ആലത്തൂർ, ഹോസ്ദുർഗ്ഗ് എന്നിവിടങ്ങളിൽ പുതിയ മിനി സിവിൽ സ്റ്റേഷനുകൾ ആരംഭിക്കും. കണ്ണൂർ, പള്ളുരുത്തി ഗവൺമെന്റ് ഓഫീസ് കോംപ്ലക്സുകൾ, പെരുമ്പാവൂർ, പേരാമ്പ്ര, റാന്നി, കുന്നംകുളം, നെടുങ്കണ്ടം മിനി സിവിൽ സ്റ്റേഷനുകൾ, സുൽത്താൻ ബത്തേരി ഗവൺമെന്റ് സെർവന്റ്സ് ക്വാർട്ടേഴ്സ് എന്നിവയാണ് പുതിയ പ്രധാന നിർമ്മാണ പ്രവൃത്തികൾ. കോഴിക്കോട് ബൈസെന്റിനറി മെമ്മോറിയൽ കെട്ടിടത്തിന്റെ ഒന്നാംഘട്ടത്തിന് പണം വകയിരുത്തിയിട്ടുണ്ട്.

### ട്രഷറി

132. ഈ വർഷം പുതുതായി കുടപ്പനക്കുന്ന്, നൂറനാട്, തൃശൂർ മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പുതിയ സബ് ട്രഷറികളും തലശ്ശേരിയിൽ പെൻഷൻ ട്രഷറിയും കാസർഗോഡ്, ഇടുക്കി എന്നിവിടങ്ങളിൽ സ്റ്റാമ്പ് ഡിപ്പോകളും ആരംഭിക്കുന്നതാണ്. ദ്വാരക, കോതമംഗലം, ശാസ്താംകോട്ട എന്നീ സബ്ട്രഷറികൾക്ക് പുതിയ കെട്ടിടം പണിയും. ട്രഷറി ഡെപ്പോസിറ്റുകളുടെ പലിശ 10 ശതമാനമായി ഉയർത്തിയിട്ടുണ്ട്. ട്രഷറി ഡെപ്പോസിറ്റുകൾ വർധിപ്പിക്കുന്നതിനുള്ള ഊർജ്ജിത പരിശ്രമം നടത്തുന്നതാണ്.

## ആഭ്യന്തരം–ജയിൽ

133. കോടതി കെട്ടിടങ്ങൾക്കും ജഡ്ജിമാരുടെ വീടുകൾക്കും വേണ്ടി 9.5 കോടി രൂപയാണ് ചെലവഴിക്കുന്നത്. പോലീസ് നവീകരണത്തിനുള്ള പണം മുഖ്യമായും കേന്ദ്ര സർക്കാരിൽ നിന്നാണ് ലഭ്യമാകുന്നത്. അതുകൊണ്ട് സംസ്ഥാന പദ്ധതിയിൽ ഒന്നരക്കോടി രൂപയേ വകയിരുത്തിയിട്ടുള്ളൂ. ഈ വർഷം ചോമ്പാൽ, ഇരവിപുരം, പരിയാരം മെഡിക്കൽ കോളേജ്, നെടുമ്പാശ്ശേരി, കരിപ്പൂർ എന്നിവിടങ്ങളിലായി അഞ്ച് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കും. തൃശൂർ, എറണാകുളം, കോട്ടയം ജില്ലകളിൽ ജയിലുകളിലെ വീഡിയോ കോൺഫറൻസിംഗുമായി ബന്ധപ്പെട്ട പ്രവർത്തനം ഈ വർഷം പൂർത്തീകരിക്കും. കുറ്റാന്വേഷണ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി സ്ഥാപിക്കുന്നതാണ്. ജയിൽ നവീകരണത്തിനായി 5.4 കോടി രൂപ വകയിരുത്തുന്നു. കോട്ടയത്ത് വിജിലൻസ് കോടതി ആരംഭിക്കും.

134. വിയ്യൂർ ഫയർ സർവീസ് അക്കാദമി ശക്തിപ്പെടുത്തും. പറവൂർ, വടക്കാഞ്ചേരി, മണ്ണാർക്കാട്, നാദാപുരം, പേരാവൂർ, പെരിങ്ങോം, പൂവാർ എന്നിവിടങ്ങളിലായി 7 ഫയർ സ്റ്റേഷനുകൾ ഈ വർഷം പ്രവർത്തനം ആരംഭിക്കും. പട്ടിമറ്റം, പുതുക്കാട്, കുറ്റിക്കോൽ, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ പുതിയ കെട്ടിടങ്ങൾ പണിയും.

135. പെരുമ്പാവൂർ, ഒറ്റപ്പാലം, പുനലൂർ, നെടുങ്കണ്ടം, കൂത്തുപറമ്പ്, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലെ കോടതി സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനം ഈ വർഷം ആരംഭിക്കും.

## രജിസ്ട്രേഷൻ

136. രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടറൈസേഷനുവേണ്ടി 2.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഭൂമിയുടെ ന്യായ വില നിർണയിച്ചുകൊണ്ടുള്ള കരട് വിജ്ഞാപനം തയ്യാറാക്കിവരികയാണ്. താമസംവിനാ ഇത് പ്രസിദ്ധീകരിച്ച് പൊതുജനങ്ങളിൽ നിന്ന് ആക്ഷേപം സമർപ്പിക്കാനുള്ള അവസരം നൽകുകയും ചെയ്യും. 14 രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണത്തിനായി അധികമായി 4.5കോടി രൂപ വകയിരുത്തുന്നു.

## സർക്കാർ പ്രസ്

137. സർക്കാർ പ്രസുകളുടെ പുതിയ കെട്ടിടങ്ങൾ പണിയുന്നതിനും നവീകരിക്കുന്നതിനും വേണ്ടി 4.5കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ഭാഗ്യക്കുറി

138. സംസ്ഥാന ഭാഗ്യക്കുറി നവീകരണത്തിന്റെ പാതയിലാണ്. ലോട്ടറി ഡയറക്ടറേറ്റിന് കൂടുതൽ അധികാരങ്ങൾ നൽകിക്കൊണ്ട് ഉത്തരവായി. ഫെബ്രുവരി മാസത്തിൽ 5 പ്രതിവാര ലോട്ടറികളും ഒരു പ്രതിമാസ ലോട്ടറിയും അധികമായി തുടങ്ങി. ഇതിന്റെ ഫലമായി മാർച്ച് മാസത്തെ ലോട്ടറി വിറ്റുവരവ് 65 കോടി രൂപ വരുമെന്നാണ് കരുതുന്നത്. 2008-09ലെ ലക്ഷ്യമായി നിശ്ചയിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത് 1000 കോടി രൂപയാണ്. ലോട്ടറി ആകർഷകമാക്കുന്നതിനു വേണ്ടി ഒട്ടേറെ പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുണ്ട്. ലോട്ടറി വില്പനക്കാർക്കുള്ള ക്ഷേമനിധി രണ്ട് മാസത്തിനുള്ളിൽ നിലവിൽ വരും. ഭാഗ്യക്കുറിക്ക് സ്വന്തമായി അച്ചടി സംവിധാനം ഉണ്ടാക്കുന്നതാണ്. ഇതോടൊപ്പം അന്യസംസ്ഥാന ലോട്ടറികളുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിര നടപടികൾ സ്വീകരിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അവകാശം സംബന്ധിച്ച സുപ്രീം കോടതിയിലെ കേസ് ഊർജ്ജിതമാക്കിയിട്ടുണ്ട്. ലിസ്റ്റ് ചെയ്തിട്ട് ഒരു വർഷമായെങ്കിലും ഹിയറിംഗിനെടുത്തിട്ടില്ല. ഈ പശ്ചാത്തലത്തിൽ ഇതിനായി ഒരു പ്രത്യേക പെറ്റീഷൻ സമർപ്പിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ കേസ് സംസ്ഥാന സർക്കാരിന് അനുകൂലമാകും എന്നാണ് പ്രതീക്ഷിക്കുന്നത്. എങ്കിൽ സംസ്ഥാന ലോട്ടറിയുടെ വിപുലീകരണത്തോടൊപ്പം നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടുന്നതിന് ശക്തമായ നടപടിയെടുക്കാൻ സർക്കാരിന് കഴിയും.

## എക്സൈസ്

139. ആവശ്യമായ ഉപകരണങ്ങളും വാഹനങ്ങളും നൽകി എക്സൈസ് വകുപ്പിനെ നവീകരിക്കുന്നതാണ്. 11 പുതിയ റേഞ്ചുകൾ സ്ഥാപിക്കുകയും 278 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തത് വകുപ്പിന്റെ പ്രവർത്തനത്തെ മെച്ചപ്പെടുത്തിയിട്ടുണ്ട്. ചിറ്റൂർ ഷുഗർമിൽ ഈ

വർഷം എക്സൈസ് വകുപ്പ് ഏറ്റെടുത്ത് ഒരു ഇൻഹൗസ് ഡിസ്റ്റിലറിയായി പുനരുദ്ധരിക്കുന്നതാണ്.

## വാണിജ്യനികുതി വകുപ്പ്

140. പുതിയ വാറ്റ് സമ്പ്രദായത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി വകുപ്പിന്റെ പ്രവർത്തന ശൈലിയിൽ ഇനിയും വേണ്ടത്ര മാറ്റങ്ങൾ വന്നു കഴിഞ്ഞിട്ടില്ല. റിട്ടേണുകളുടെ സ്ക്രൂട്ടിനി ഫലപ്രദമല്ല. ഇത് ഓഡിറ്റിനേയും പ്രതികൂലമായി ബാധിക്കുന്നു. ഇവ കാര്യക്ഷമമാക്കുന്നതിനു വേണ്ടി എറണാകുളം ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഒരു ഊർജ്ജിത പരിപാടി നടപ്പാക്കി തുടങ്ങിയിരിക്കുന്നു. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അത് മറ്റ് ജില്ലകളിലേക്കുകൂടി വ്യാപിപ്പിക്കും. ഓഫീസ് സൗകര്യങ്ങളുടെ വിപുലീകരണവും നവീകരണവും പുതിയ പ്രവർത്തന ശൈലിക്ക് അനിവാര്യമാണ്. ഇതിനാവശ്യമായ പുതിയ കെട്ടിടങ്ങൾ എറണാകുളത്ത് വാടകക്കെടുത്തുകഴിഞ്ഞു. നാലുവർഷമായി കെട്ടിക്കിടക്കുന്ന ഇൻവോയ്സുകളും ബില്ലുകളും ഡീലറടിസ്ഥാനത്തിൽ സോർട്ട് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള ഏർപ്പാട് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇവ ഉപയോഗപ്പെടുത്തിയായിരിക്കും സ്ക്രൂട്ടിനി നടത്തുക.

141. ചെക്പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച് നിയമസഭാ സബ്ജക്റ്റ് കമ്മറ്റി പറഞ്ഞ കാര്യങ്ങളെല്ലാം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പ്രധാനപ്പെട്ട ചെക്പോസ്റ്റുകളിലെല്ലാം 2008-09ൽ വെയ്-ബ്രിഡ്ജ് സ്ഥാപിക്കപ്പെടും. അതോടൊപ്പം ഇവിടുത്തെ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും പരിപാടിയുണ്ട്. വാളയാർ ചെക്പോസ്റ്റിന്റെ അമ്പതാം വാർഷികമാണ്. ഈ വേളയിൽ 40 ഏക്കർ സ്ഥലത്ത് ചെക്പോസ്റ്റ് പ്ലാസയുടെ തറക്കല്ലിടും.

## ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് & ടാക്സേഷൻ

142. കഴിഞ്ഞ ബഡ്ജറ്റിൽ 'സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസിനെ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് & ടാക്സേഷൻ' (ഗിഫ്റ്റ്) ആയി പുനഃസംഘടിപ്പിക്കുന്ന കാര്യം പറഞ്ഞിരുന്നുവല്ലോ.

20 കോടി രൂപ കേന്ദ്രസർക്കാർ 'ഗിഫ്റ്റി'നായി അനുവദിച്ചിട്ടുണ്ട്. ഇതിനായി കണ്ടെത്തിയിരിക്കുന്ന സ്ഥലത്തിന്റെ മാസ്റ്റർപ്ലാൻ തയ്യാറായി കഴിഞ്ഞു. ഭൂമി ട്രാൻസ്ഫർചെയ്ത് കിട്ടിയാൽ തറക്കല്ലിടാൻ കഴിയും. പുതിയ കെട്ടിട സൗകര്യങ്ങൾക്കുവേണ്ടി കാത്തിരിക്കാതെ ഗിഫ്റ്റിന്റെ പ്രവർത്തനങ്ങൾ നിലവിലുള്ള സൗകര്യങ്ങളിൽതന്നെ തുടങ്ങുന്നതാണ്.

## പബ്ലിക് റിലേഷൻസ്

143. പബ്ലിക് റിലേഷൻസ് വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് 2007-08ൽ 2.86 കോടി രൂപയാണ് പദ്ധതിയിൽ വകയിരുത്തിയത്. 2008-09ൽ അത് 7.65കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. സി-ഡിറ്റിന് 1.6കോടിരൂപ വകയിരുത്തിയിരിക്കുന്നു. സുതാര്യ കേരളത്തിനുള്ള അടങ്കൽ 20 ലക്ഷത്തിൽനിന്ന് 95 ലക്ഷമായി ഉയർത്തിയിട്ടുണ്ട്.

144. പത്രപ്രവർത്തകരുടെ ആരോഗ്യ ഇൻഷൂറൻസിലേക്ക് 20 ലക്ഷം രൂപ അധികമായി അനുവദിക്കുന്നു. കാലിക്കറ്റ്, കേരള സർവ്വകലാശാലകളിലെ ജേണലിസം ഡിപ്പാർട്ട്മെന്റുകളുടെ നവീകരണത്തിനും പത്രപ്രവർത്തകർക്കുള്ള ഹ്രസ്വകാല പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനും 25 ലക്ഷം രൂപ ഒറ്റത്തവണ ഗ്രാന്റായി അനുവദിക്കുന്നു. പ്രസ് അക്കാദമി വഴി പത്രപ്രവർത്തകർക്ക് ഒരു സ്കോളർഷിപ്പ് പദ്ധതി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. എല്ലാ വർഷവും ഏതാനും പേർക്ക് ഉപരിപഠനത്തിന് സ്കോളർഷിപ് നൽകും. ഇതിനായി പ്രസ് അക്കാദമിക്ക് 10 ലക്ഷം രൂപ അധികമായി അനുവദിക്കുന്നു.

## ജീവനക്കാർ

145. സർ, 15 ശതമാനം ക്ഷാമബത്തയ്ക്കുള്ള തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. എന്നാൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 32 ശതമാനം ക്ഷാമബത്തയും കൊടുത്തു തീർത്തിരിക്കുകയാണ്. ഇതിൽ 10 ശതമാനം ഡി.എ ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പുള്ളതാണ്. ഈ വർഷം ഡി.എ.മൂലം ജീവനക്കാർക്കും പെൻഷൻകാർക്കും 2948 കോടി രൂപ അധികമായി കൊടുക്കേണ്ടിവന്നു. ജീവനക്കാരുമായി ആരോഗ്യകരമായ തൊഴിൽബന്ധം ഉറപ്പുവരു

ത്തുന്നതിനുള്ള പരിശ്രമത്തിന്റെ ഭാഗമായിട്ടാണ് ഈ നടപടി സ്വീകരിച്ചത്.

146. പെൻഷൻ പരിഷ്ക്കരണം ആഗസ്ത് 31നകം പൂർത്തീകരിക്കാമെന്നാണ് കരുതുന്നത്. ഇപ്പോൾ ദിനംപ്രതി 800 അപേക്ഷകൾ തീർപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇത് 2000 ആയിട്ട് ഉയർത്തുന്നതിനാണ് ശ്രമിക്കുന്നത്.

147. കഴിഞ്ഞ ബഡ്ജറ്റ് ചർച്ചാവേളയിൽ ജീവനക്കാരുടെ സംഘടനകൾ ഉന്നയിച്ച ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളിൽ സാധ്യമായവ തീരുമാനമെടുത്തു നടപ്പാക്കിയിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നിലവിലുള്ള 5 ശതമാനം പ്രമോഷൻ തസ്തികകൾ 10 ശതമാനമായി വർധിപ്പിക്കുന്നു. കാഷ്വൽ സ്വീപ്പർമാരുടെ വേതനം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 600 രൂപയായിരുന്നത് 750 രൂപയായി വർധിപ്പിച്ചു. ഈ ബഡ്ജറ്റിൽ അത് 1000 രൂപയാക്കി വർധിപ്പിക്കുന്നു. സർക്കാരിന്റെ ക്രിയാത്മകമായ നിലപാടിനോട് നല്ലപങ്ക് ജീവനക്കാരും നല്ല രീതിയിലാണ് പ്രതികരിച്ചിട്ടുള്ളത്. അഴിമതിരഹിതവും കാര്യക്ഷമവുമായ സിവിൽ സർവ്വീസ് സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള സർക്കാരിന്റെ നടപടികൾക്ക് ജീവനക്കാരുടെ മുഴുവൻ പിന്തുണയും ഞാൻ അഭ്യർത്ഥിക്കുകയാണ്.

**ഭരണ പരിഷ്ക്കാരം**

148. അഴിമതി രഹിതവും കാര്യക്ഷമവുമായ സിവിൽ സർവ്വീസിന്റെ സൃഷ്ടി ഭരണ പരിഷ്ക്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. അമ്പത് വർഷം പഴക്കമുണ്ട് ഇതിനുവേണ്ടിയുള്ള പരിശ്രമങ്ങൾക്ക്. എന്നാൽ അമ്പത് വർഷം മുമ്പ് ഇ.എം.എസ്. അധ്യക്ഷനായുള്ള ഭരണപരിഷ്ക്കാര കമ്മീഷൻ പറഞ്ഞ പലകാര്യങ്ങളും ഇപ്പോഴും നടപ്പിലാക്കാൻ ബാക്കി കിടക്കുന്നു. മൂന്നാം ഭരണ പരിഷ്ക്കാര കമ്മീഷന്റെ നിർദ്ദേശങ്ങളിൽ നല്ല പങ്കിനും ഇതേ ദുർഗ്ഗതി തന്നെയാണ് ഉണ്ടായിരിക്കുന്നത്. ഇതിന് ഒരു തിരുത്ത് അനിവാര്യമാണ്. തുടക്കം ധനവകുപ്പിൽ നിന്നുതന്നെയാകട്ടെ.

149. ആദ്യം പറയാനുള്ളത് ഇന്ന് ധനവകുപ്പിൽ വന്നുകൊണ്ടിരിക്കുന്ന ഫയലുകളുടെ പകുതിപോലും യഥാർത്ഥത്തിൽ അവിടെ വരേണ്ടതില്ല എന്ന കാര്യമാണ്. ഫെബ്രുവരി മാസത്തിൽ ഏതാണ്ട് 4000 ഫയലുക

ളാണ് ധനവകുപ്പിൽ എത്തിയത്. ചട്ടപ്രകാരം ഇവയിൽ പകുതി അവിടെ വരേണ്ടതല്ല എന്നാണ് പരിശോധനയിൽ തെളിഞ്ഞത്. ഇതു സംബന്ധിച്ച കാര്യങ്ങൾ ഒരിക്കൽകൂടി വ്യക്തമാക്കിക്കൊണ്ട് വിശദവും സമഗ്രവുമായ ഒരുത്തരവ് പുറപ്പെടുവിക്കുന്നതാണ്. മറ്റൊരു കാര്യം ധനവകുപ്പിലെ പരിശോധനയ്ക്കുവേണ്ടി വരുന്ന സമയം പരമാവധി എങ്ങനെ കുറയ്ക്കാമെന്നുള്ളതാണ്. സാധാരണ ഗതിയിലുള്ള ഫയൽ ചംക്രമണത്തിലൂടെ കാലതാമസമെടുക്കുന്നതുകൊണ്ട് കേന്ദ്ര സർക്കാരിലെന്നപോലെ ധനകാര്യ അഡൈ്വസർ സമ്പ്രദായം സെക്രട്ടേറിയറ്റിൽ നടപ്പിലാക്കാനാകുമോ എന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

150. വിവിധ വികസന ഡിപ്പാർട്ടമെന്റുകളുടെ ഡയറക്ടറേറ്റുകൾക്കുള്ള ധനപരമായ അധികാരം ഗണ്യമായി ഉയർത്താൻ ആഗ്രഹിക്കുകയാണ്. മെയിന്റനൻസ് പ്രവൃത്തികൾക്കു വർധിപ്പിച്ച ധനാധികാര പരിധികൾ സംബന്ധിച്ച് വിശദമായ ഉത്തരവ് മൂന്ന് മാസത്തിനകം ധനവകുപ്പിൽനിന്ന് ഇറക്കുന്നതാണ്.

151. നമ്മുടെ പൊതു രംഗത്തെ കാർന്നുതിന്നുന്ന അർബുദമാണ് അഴിമതി. ഇതിനെതിരെ പൊതുവിൽ നിസ്സഹായതയും നിസ്സംഗതയുമാണ് കാണുന്നത്. എന്നാൽ കേരളത്തിലെ അഴിമതിയുടെ പ്രതീകങ്ങളിൽ ഒന്നായ വാളയാർ വാണിജ്യ നികുതി ചെക്പോസ്റ്റിൽ അഴിമതി പൂർണമായും നിർമ്മാർജ്ജനം ചെയ്തുകൊണ്ട് അഴിമതി രഹിത ഭരണമെന്നത് സാധ്യമാണെന്ന് തെളിയിച്ചിരിക്കുകയാണ്. അഴിമതിരഹിത വാളയാർ പരിപാടി നികുതി-എക്സൈസ്-മോട്ടോർ വെഹിക്കിൾസ് വകുപ്പുകളുടെ ഏകോപനത്തോടെ ഒരു പുതിയ ഘട്ടത്തിലേക്ക് ഏപ്രിൽ മാസത്തിൽ പ്രവേശിക്കും. ഇതോടെ അവിടെ പലപ്പോഴും പ്രകടമാകുന്ന ഗതാഗതക്കുരുക്ക് ഇല്ലാതാക്കാൻ കഴിയും. 'അഴിമതിരഹിത വാളയാറി'ന്റെ രണ്ടാംഘട്ട ചെലവിലേക്കായി 5 കോടി രൂപ അധികമായി ഞാൻ വകയിരുത്തുന്നു.

152. വാളയാർ സോഷ്യൽ ഓഡിറ്റ് ദേശീയ ശ്രദ്ധപിടിച്ചുപറ്റി. വാളയാർ മാതൃകയിൽ സംസ്ഥാന ട്രഷറികളിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മെയ്-ജൂൺ മാസങ്ങളിലായി പൗരാവകാശ രേഖയുടെ നടത്തിപ്പ് സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് നടത്തും. ഈ പരീക്ഷണം വിജയിക്കണമെങ്കിൽ അതിനുള്ള മുന്നുപാധി നിസ്സംഗതയും നിസ്സാ

ഹായതയും വെടിഞ്ഞ് കുറ്റങ്ങൾ ചൂണ്ടിക്കാണിക്കുവാനും വിമർശിക്കുവാനും പൗരന്മാർ തയ്യാറാവണമെന്നുള്ളതാണ്. നമ്മുടെ ട്രഷറികളെ സംബന്ധിച്ചുള്ള പരാതികൾ ഓഫീസിലെ പരാതിപ്പെട്ടിയിൽ ഇടുകയോ ഈ-മെയിലായി അയച്ചുതരികയോ ചെയ്യുക. അവയ്ക്കോരോന്നിനും മറുപടി അച്ചടിച്ച് സോഷ്യൽ ഓഡിറ്റ് വേളയിൽ അവതരിപ്പിക്കും. ഉത്തരം തൃപ്തികരമല്ലെങ്കിൽ ചോദ്യം ചെയ്യാൻ ജനങ്ങൾക്ക് അവകാശമുണ്ട്. ഒരു സ്വതന്ത്ര ജൂറി തർക്കത്തിന് തീർപ്പു കൽപ്പിക്കുകയും ചെയ്യും. സർ, ഭരണപരിഷ്ക്കാരം സംബന്ധിച്ച വാചകമടിക്കപ്പുറം പ്രവർത്തനത്തിലേക്ക് നാം നീങ്ങുകയാണ്.

## ഭാഗം മൂന്ന്

## വിഭവ സമാഹരണം

153. സർ, ഇനി ഞാൻ നികുതി നിർദ്ദേശങ്ങളിലേയ്ക്ക് വരട്ടെ,

**നികുതി കുടിശ്ശിക**

154. ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾക്ക് 50 ലക്ഷം രൂപ പരിധി നിർണ്ണയിച്ച് കേരള പൊതുവിൽപനനികുതിയിൽ നിന്ന് പൂർണ്ണമായ ഒഴിവും 50 ലക്ഷത്തിനുമുകളിൽ വിറ്റുവരവുള്ളവർക്ക് 4% ആയി നികുതിയിളവും 01.04.2000 മുതൽ 31.3.05 വരെ നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരം ഇളവുകൾ കേന്ദ്രവിൽപന നികുതിക്ക് അനുവദിച്ചിരുന്നില്ല. കേരള വിൽപന നികുതി നിയമപ്രകാരമോ കേന്ദ്രവിൽപന നികുതി നിയമപ്രകാരമോ മേൽകാലയളവിലേക്ക് കുടിശ്ശിക വന്നിട്ടുള്ള എല്ലാ ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾക്കും കുടിശ്ശിക തുകയിന്മേലുള്ള പലിശ ഒഴിവാക്കിക്കൊടുക്കുവാനും കുടിശ്ശിക തുക 60 തുല്യ മാസ ഗഡുക്കളായി അടയ്ക്കാൻ അനുവാദം നൽകാനും ഉദ്ദേശിക്കുന്നു.

155. സർ, 31.12.2007 ലെ കണക്കനുസരിച്ച് നികുതിവകുപ്പിന് ഏകദേശം 4,280 കോടിയോളം രൂപ പിരിഞ്ഞുകിട്ടുവാനുണ്ട്. ഇതിൽ, ഏകദേശം 1900 കോടി രൂപക്ക് കോടതികളും മറ്റ് അപ്പീൽ അധികാരികളും സ്റ്റേ നൽകിയിട്ടുള്ളതും ഏകദേശം 1600 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളുടേതുമാണ്. ഇന്നത്തെ നിലയിൽ ഈ കുടിശ്ശികകൾ പിരിച്ചെടുക്കുവാൻ കുറഞ്ഞത് 10 വർഷമെങ്കിലും വേണ്ടിവരും. ഈ

കേസുകളിലെല്ലാം സർക്കാർ ജയിക്കുമെന്നതിന് യാതൊരു ഉറപ്പുമില്ല. ഉദ്യോഗസ്ഥർക്ക് വാറ്റിലേക്ക് പൂർണ്ണ ശ്രദ്ധ പതിപ്പിക്കാനായി ഇത്തരം കേസുകൾ പെട്ടെന്ന് തീർപ്പാക്കേണ്ടതുണ്ട്. ഇതിനായി തമിഴ്നാട്, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ബംഗാൾ എന്നീ സംസ്ഥാനങ്ങൾ ആവിഷ്കരിച്ചതുപോലെയുള്ള ഒരു ആംനസ്റ്റി സ്കീം കൊണ്ടുവരുവാൻ ഞാൻ ഉദ്ദേശിക്കുന്നു. വാണിജ്യ നികുതി വകുപ്പിൽ ഒടുക്കേണ്ട എല്ലാതരം നികുതി കുടിശ്ശികകളും തീർപ്പാക്കുന്ന ഒരു പദ്ധതിയാണ് ആവിഷ്ക്കരിക്കുന്നത്.

- 90-91 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 75 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണമായും മുതലിന്റെ 25 ശതമാനവും ഒഴിവാക്കും.
- 91-92 മുതൽ 95-96 കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കണം. പലിശയും പിഴയും പൂർണമായും ഒഴിവാക്കും.
- 96-97 മുതൽ 99-2000 വരെയുള്ള കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 5 ശതമാനം വീതവും നികുതി 100 ശതമാനവും ഒടുക്കണം.
- 2000-01 മുതൽ 2004-05 കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10 ശതമാനം വീതവും നികുതി 100 ശതമാനവും അടയ്ക്കേണ്ടതാണ്.
- നികുതി മുഴുവനും അടച്ചുകഴിഞ്ഞ, പലിശ മാത്രം അടയ്ക്കാനുള്ള കേസുകളിൽ പലിശയുടെ 10% തുക മാത്രം അടച്ചാൽ മതിയാകും.

ഈ സ്കീം അനുസരിച്ച് കുടിശ്ശിക സെറ്റിൽ ചെയ്യുവാൻ ആഗ്രഹിക്കുന്ന കുടിശ്ശികക്കാരൻ നികുതി നിർണ്ണയ അധികാരി മുമ്പാകെ 30.6.08 നു മുമ്പായി നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകേണ്ടതാണ്. ഉത്തരവു ലഭിച്ച് 15 ദിവസത്തിനകം ഒടുക്കേണ്ട തുകയുടെ 25 ശതമാനവും അടുത്ത മാസം മുതൽ ബാക്കിയുള്ള തുക 3 തുല്യ മാസ തവണകളായി അടയ്ക്കേണ്ടതാണ്. ഈ കേസുകളിൽ റവന്യൂ റിക്കവറി നടപടികൾ പിൻവലിക്കുന്നതും, കളക്ഷൻ ചാർജ്ജുകൾ ഒഴിവാക്കുന്നതുമാണ്. ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം നികുതി നിർണ്ണയത്തിനെതിരെ അപ്പീൽ, റിവിഷൻ, കോടതി വ്യവഹാരം എന്നിവ

നൽകിയിട്ടുള്ള കുടിശ്ശികക്കാർക്കും ലഭിക്കുന്നതാണ്. ഈ പദ്ധതിപ്രകാരമുള്ള അന്തിമ ഉത്തരവിനു മുമ്പായി കുടിശ്ശികക്കാരും സർക്കാരും കുടിശ്ശികയുമായി ബന്ധപ്പെട്ട അപ്പീൽ, റിവിഷൻ, മറ്റു വ്യവഹാരങ്ങൾ എന്നിവ പിൻവലിക്കേണ്ടതാണ്. എന്നാൽ കുടിശ്ശികക്കാരുടെ സ്വത്തുക്കൾ റവന്യൂ റിക്കവറി നിയമ പ്രകാരം ജപ്തി ചെയ്ത് തുടർ നടപടിക്ക് വിധേയമാക്കിയിട്ടുള്ളതാണെങ്കിൽ അവരുടെ കുടിശ്ശികകൾ അത്തരം വസ്തുവകകളുടെ വിലയിലും താണ തുകയ്ക്ക് തീർപ്പു കൽപിക്കാവുന്നതല്ല.

**<u>അസസ്മെന്റ് കുടിശ്ശിക</u>**

156. അസസ്മെന്റ് കുടിശ്ശികകൾ ദ്രുതഗതിയിൽ പൂർത്തീകരിച്ച് കുടിശ്ശിക വസൂലാക്കുന്നതിനായി ഫാസ്റ്റ് ട്രാക്ക് നികുതി നിർണ്ണയ അദാലത്ത് നടപ്പിലാക്കിയത് ബഹുമാനപ്പെട്ട മെമ്പർമാർ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. ഇതുപ്രകാരം 23,550 നികുതി നിർണ്ണയങ്ങൾ പൂർത്തീകരിക്കാനും 11.8 കോടി രൂപ പിരിച്ചെടുക്കുവാനും കഴിഞ്ഞു. ഇതിന്റെ ഭാഗമായി എറണാകുളത്ത് 22.11.2007 ൽ നടന്ന മെഗാ അദാലത്തിൽ 4188 കേസുകൾ തീർപ്പാക്കുകയും 4.34 കോടി രൂപ പിരിച്ചെടുക്കുകയുമുണ്ടായി. നില വിൽ 27,800 കേസുകൾ ഇനിയും തീർപ്പു കൽപിക്കാനുണ്ട്. ഇവ എറ ണാകുളത്ത് നടത്തിയ അദാലത്തിന്റെ മാതൃകയിൽ നടപടിക്രമങ്ങൾ ലഘൂകരിച്ച്, ഈ വർഷം തന്നെ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇത്തരം കേസുകളിൽ താഴെ വിവരിക്കുന്ന മാനദണ്ഡം സ്വീകരിക്കുന്ന താണ്:

- സ്റ്റാറ്റ്യൂട്ടറി ഫോമുകൾ നൽകാതെയോ, അവ ദുരുപയോഗം ചെയ്തോ നികുതി അടയ്ക്കാതിരിക്കുകയും കുറച്ച് അടയ്ക്കു കയും ചെയ്ത കേസുകളിൽ ഒടുക്കേണ്ട നികുതി അടച്ച് തീർപ്പാക്കുക.
- നികുതി വെട്ടിപ്പിന് കോമ്പൗണ്ടിംഗ് ഫീ ഒടുക്കുകയോ പിഴ ചുമത്തപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ, വെട്ടിച്ച നികുതിക്ക് തുല്യമായ തുകയോ, നികുതി വെട്ടിപ്പിന്റെ കാലയളവിന്റെ

അടിസ്ഥാനത്തിൽ വെട്ടിച്ച നികുതിയുടെ പരമാവധി മൂന്നിരട്ടി തുകയോ അധികമായി ചുമത്തുന്നതാണ്.

- നികുതി വെട്ടിപ്പ് തിട്ടപ്പെടുത്താൻ കഴിയാത്ത കേസുകളിൽ റിട്ടേൺപ്രകാരമുള്ള നികുതിവിധേയ വിറ്റുവരവിന്റെ 5% കൂടിച്ചേർത്ത് തീർപ്പാക്കുന്നതാണ്. ഇപ്രകാരമുള്ള അധികനികുതി 5000 രൂപയിൽ കുറയാനോ 1 ലക്ഷം രൂപയിൽ കൂടാനോ പാടില്ല.
- റിട്ടേണുകളും ടി.ഡി.എസ്. സർട്ടിഫിക്കറ്റുകളും ഹാജരാക്കിയിട്ടുള്ള, കോമ്പൗണ്ട് ചെയ്തിട്ടുള്ള കരാറുകാരുടെ കേസുകളും അവാർഡറുടെ സർട്ടിഫിക്കറ്റ് അംഗീകരിച്ച് തീർപ്പാക്കാവുന്നതാണ്.
- ആവശ്യമായ രേഖകളും റിട്ടേണുകളും സമർപ്പിച്ചിട്ടുള്ള കോമ്പൗണ്ട് ചെയ്യാത്ത കരാറുകാരുടെ കേസുകൾ അടച്ച നികുതിയുടെ 20% ചേർത്ത്, 10000 രൂപയിൽ കുറയാതെ നികുതി നിർണ്ണയം പൂർത്തിയാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ കേസുകളിൽ പിഴയും പലിശയും ചുമത്തുന്നത് മുൻ ഖണ്ഡികയിൽ പ്രതിപാദിച്ച മാനദണ്ഡം അനുസരിച്ചായിരിക്കും.

157. കെ.ജി.എസ്.ടി. നിയമ പ്രകാരം 2003-04 വരെയുള്ള നികുതി നിർണ്ണയം പൂർത്തിയാക്കുന്നതിനും, റീ-അസസ്മെന്റുകൾ, അപ്പലറ്റ് അതോറിറ്റികൾ ഭേദഗതി ചെയ്ത കേസുകൾ ഉൾപ്പെടെ തീർപ്പ് കൽപിക്കുന്നതിനുമുള്ള കാലാവധി ഒരു വർഷത്തേയ്ക്ക് നീട്ടിനൽകുന്നതിന് ഉദ്ദേശിക്കുന്നു.

158. സി.എസ്.ടി. നിയമ പ്രകാരമുള്ള 2005-06 ലെ അസസ്സ്മെന്റുകൾ പൂർത്തിയാക്കുന്നതിനുള്ള കാലാവധി 1 വർഷത്തേക്കു നീട്ടി നൽകാൻ ഉദ്ദേശിക്കുന്നു.

## നടപടിക്രമങ്ങൾ ലഘൂകരിക്കൽ

159. നികുതി നിരക്കുകൾ മുൻകാല പ്രാബല്യത്തോടെ മാറ്റം വരുത്തുവാൻ വാറ്റ് നിയമത്തിൽ വ്യവസ്ഥയില്ല. ഇതുമൂലം സർക്കാർ പ്രഖ്യാപിച്ച ചില വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിൽ പ്രയാസം അനുഭവപ്പെടുന്നു. ഇത് പരിഹരിക്കുന്നതിനായി മുൻകാല പ്രാബല്യത്തോടെ

നികുതി നിരക്കുകളിൽ നോട്ടിഫിക്കേഷനിലൂടെ കുറവ് വരുത്തുവാൻ വേണ്ട ഭേദഗതി വാറ്റ് നിയമത്തിലെ 93(1) വകുപ്പിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നു.

160. സെയിൽസ് ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണലിന് അഞ്ചു ബെഞ്ചുകൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി നിലവിലുണ്ട്. ഈ സൗകര്യം വാറ്റ് ട്രൈബ്യൂണലിന് കൂടി ബാധകമാക്കാൻ ഉദ്ദേശിക്കുന്നു.

161. 15.12.2007 മുതൽ 31.12.2007 വരെ സ്വമേധയാ രജിസ്ട്രേഷന് അപേക്ഷിച്ചവർക്ക്, മുൻകാല പ്രാബല്യത്തോടെ ചില ആനുകൂല്യങ്ങൾ നൽകുമെന്ന് 13.11.2007 ന് പ്രഖ്യാപിച്ചിരുന്നു. ഈ ആനുകൂല്യങ്ങൾക്ക് നിയമസാധുത നൽകുന്നതിനും ഈ സ്കീമിന്റെ കാലാവധി 31.03.2008 വരെ ദീർഘിപ്പിച്ചു നൽകുന്നതിനും ഉദ്ദേശിക്കുന്നു.

162. 1.5.2007 മുതൽ വെളിച്ചെണ്ണയ്ക്ക് നൽകിയ നികുതി ഒഴിവ് എല്ലാതരം വെളിച്ചെണ്ണയ്ക്കും ലഭിക്കുമെന്ന് സ്പഷ്ടീകരിച്ച് നിയമഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നു.

163. ക്രെഡിറ്റ് നോട്ടുകൾ സംബന്ധിച്ച് വിവിധ നടപടികളെക്കുറിച്ച് വ്യാപാര സമൂഹത്തിൽ ധാരാളം ആശങ്കകളുണ്ട്. ഇതിനെ സംബന്ധിച്ച് നിയമത്തിൽ വ്യക്തത വരുത്തുന്നതിനായി, ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനെ ബാധിക്കാത്ത ക്രെഡിറ്റ് നോട്ടുകൾ അനുവദിക്കുന്നതിനുവേണ്ടി നിയമ ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. വ്യാപാരിക്ക് സ്വന്തം കൈയിൽനിന്നും ചിലവായ തുകകൾ തിരിച്ചുനൽകുന്ന ക്രെഡിറ്റ് നോട്ടുകൾ മൂലം നികുതി ബാദ്ധ്യത കൂടുന്നതല്ല എന്ന് ഉറപ്പുവരുത്തുന്നതായിരിക്കും.

164. മൂല്യവർദ്ധിത നികുതി നിയമപ്രകാരം കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കാനും റീഫണ്ടിന് അപേക്ഷിക്കാനുമുള്ള ഓപ്ഷനുകൾ ചില നിശ്ചിത തീയതികൾക്കകം സമർപ്പിക്കേണ്ടതാണ്. യുക്തവും മതിയായതുമായ കാരണങ്ങളുണ്ടെങ്കിൽ, ഓപ്ഷനോ അപേക്ഷയോ ഫയൽ ചെയ്യുന്നതിലെ കാലവിളംബം മാപ്പാക്കുവാൻ ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാരെ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നു. റീഫണ്ടുമായി ബന്ധപ്പെട്ട കേസുകളിലാണെങ്കിൽ സമയപരിധിയില്ലാതെയും കോമ്പൗണ്ടിംഗുമായി ബന്ധപ്പെട്ട കേസുകളിൽ 31-12-2008 വരെയും കാലവിളംബം മാപ്പാക്കാവുന്നതാണ്.

---

## കോമ്പൗണ്ടിംഗ്

### സ്വർണ്ണം

165. സ്വർണ്ണാഭരണ മേഖലയിൽ നിന്നുള്ള നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഠിനമായി പരിശ്രമിച്ചുവരികയാണ്. 2005-06ൽ 21 കോടി രൂപയുടെ സ്ഥാനത്ത് 2006-07 ൽ 97 കോടി പിരിച്ചെടുക്കുവാൻ കഴിഞ്ഞു. ഇതൊരു റിക്കാർഡ് വർധനവാണ്. നടപ്പു സാമ്പത്തിക വർഷം ജനുവരി മാസത്തിൽ തന്നെ വരുമാനം 97 കോടി കവിഞ്ഞെങ്കിലും ഈ മേഖലയിൽ നിന്നുള്ള വരുമാനം ഇനിയും വർധിക്കേണ്ടതുണ്ട്. അടുത്ത വർഷം കൂടുതൽ വ്യാപാരികളെ കോമ്പൗണ്ടിംഗ് വ്യവസ്ഥയിലേക്ക് കൊണ്ടുവരുന്നതിനായി കോമ്പൗണ്ടിംഗ് സമ്പ്രദായം ലഘൂകരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

166. ഇതുവരെയും കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടില്ലാത്ത വ്യാപാരികൾക്ക് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ റിട്ടേൺ പ്രകാരമോ അക്കൗണ്ട് പ്രകാരമോ അടച്ചതോ അടയ്ക്കേണ്ടിയിരുന്നതോ ആയ തുകകളിൽ ഏറ്റവും കൂടിയ തുകയുടെ 150% എന്ന നിരക്കിൽ കോമ്പൗണ്ട് ചെയ്യാവുന്നതാണ്. വ്യാപാരം ആരംഭിച്ചിട്ട് മൂന്ന് വർഷം തികഞ്ഞിട്ടില്ലാത്ത വ്യാപാരിക്ക് ടിയാൻ വ്യാപാരം നടത്തിയിരുന്ന കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ നികുതി നൽകിയിട്ടുള്ള സാമ്പത്തിക വർഷത്തെ അടച്ചതോ അടയ്ക്കേണ്ടിയിരുന്നതോ ആയ തുകയുടെ 150% എന്ന നിരക്കിൽ കോമ്പൗണ്ട് ചെയ്യാവുന്നതാണ്. ഒരു വർഷത്തിൽ താഴെ മാത്രം വ്യാപാരം നടത്തിയിട്ടുള്ള വ്യാപാരിയെ സംബന്ധിച്ച് ഇയാൾ വ്യാപാരം നടത്തിയ മാസങ്ങളിൽ അടച്ചതോ അടയ്ക്കേണ്ടതോ ആയ നികുതി വാർഷികവൽക്കരിച്ച് ആ തുകയുടെ 150% നിരക്കിൽ കോമ്പൗണ്ട് ചെയ്യാവുന്നതാണ്. കോമ്പൗണ്ടിംഗ് വ്യവസ്ഥ സ്വീകരിക്കുന്ന വ്യാപാരികൾ തങ്ങളുടെ ഈ വർഷം തുടങ്ങുന്ന ബ്രാഞ്ചുകൾ ഒഴികെ എല്ലാ സ്വർണ്ണ വ്യാപാര സ്ഥാപനങ്ങളും നിർബന്ധമായി കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ കൊണ്ടുവരേണ്ടതാണ്. മുൻവർഷം സാമ്പത്തിക വർഷാരംഭത്തിനു ശേഷം പുതുതായി തുടങ്ങിയ ബ്രാഞ്ചുകളുടെ നികുതി വാർഷിക വൽക്കരിച്ചതിനു ശേഷമാണ് ഈ വർഷത്തെ കോമ്പൗണ്ടഡ് നികുതി നിർണയിക്കേണ്ടത്. കഴിഞ്ഞവർഷം നിലവിലുണ്ടായിരുന്ന പ്രധാന

വ്യാപാര സ്ഥാപനത്തിന്റെയും ബ്രാഞ്ചുകളുടെയും ഈ വർഷത്തെ ശരാശരി കോമ്പൗണ്ടഡ് നികുതിയുടെ അടിസ്ഥാനത്തിൽ ഈ വർഷം തുടങ്ങുന്ന ബ്രാഞ്ചുകൾ അഡീഷണലായി കോമ്പൗണ്ടഡ് നികുതി നൽകേണ്ടതാണ്. എന്നാൽ നടപ്പുവർഷം പുതുതായി തുടങ്ങിയ ബ്രാഞ്ച് കോമ്പൗണ്ട് ചെയ്തില്ല എന്ന കാരണം കൊണ്ടു മാത്രം ബാക്കി ബ്രാഞ്ചുകളുടെ കോമ്പൗണ്ടിംഗ് സമ്പ്രദായം നിരസിക്കുന്നതല്ല. 2007-08 ൽ ആദ്യമായി കോമ്പൗണ്ട് ചെയ്തവർക്ക്, 2006-07 വർഷത്തിൽ അടച്ച നികുതി, റിട്ടേൺ പ്രകാരമുള്ള ഔട്ട്പുട്ട് നികുതിയെക്കാൾ കുറവാണെന്ന് കാണുന്ന പക്ഷം 2007-08 വർഷത്തിൽ അടയ്ക്കേണ്ട കോമ്പൗണ്ടഡ് നികുതി മേൽവിവരിച്ച ഔട്ട്പുട്ട് നികുതിയുടെ അടിസ്ഥാനത്തിൽ നോഷണൽ ആയി പുനർനിർണ്ണയം ചെയ്ത്, 2008-09 ലെ കോമ്പൗണ്ടഡ് നികുതി തിട്ടപ്പെടുത്തുന്നതാണ്. കഴിഞ്ഞവർഷം കോമ്പൗണ്ട് ചെയ്ത വ്യാപാരികൾക്ക് കഴിഞ്ഞവർഷം അടച്ച നികുതിയുടെ 115% എന്ന നിരക്കിലും മേൽ വിവരച്ച നോഷണൽ പുനർനിർണ്ണയം നടത്തിയ കേസുകളിൽ ആയതിന്റെ 115% എന്ന നിരക്കിലും കോമ്പൗണ്ടിംഗ് അനുവദിക്കുന്നതാണ്.

167. യുക്തവും മതിയായതുമായ കാരണങ്ങളുണ്ടെങ്കിൽ ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ അനുമതിയോടെ, കോമ്പൗണ്ടിംഗ് അപേക്ഷ നിരസിക്കാനും നൽകിയത് റദ്ദാക്കാനും അധികാരം നൽകുന്ന വകുപ്പ് നിയമത്തിൽ ഉൾപ്പെടുത്തുന്നതാണ്. വ്യാപാരസ്ഥാപനങ്ങളുടെ സ്ഥലം മാറ്റം, മുൻ വർഷത്തെ അപേക്ഷിച്ച് ഇരട്ടിയിലധികമുള്ള സ്റ്റോക്ക് വർധന, ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിലുള്ള വീഴ്ച, വ്യാജമായ വിവരങ്ങൾ നൽകൽ, എന്നിവ യുക്തവും മതിയായതുമായ കാരണങ്ങളായി പരിഗണിക്കാവുന്നതാണ്. ഈ ഉത്തരവിനെതിരെയുള്ള അപ്പീലുകൾ ട്രൈബ്യൂണലിലാണ് സമർപ്പിക്കേണ്ടത്. ഇതിനാവശ്യമായ ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

## വർക്സ് കോൺട്രാക്ട്

168. വർക്സ് കോൺട്രാക്ടുകൾക്കുള്ള കോമ്പൗണ്ടിംഗ് വ്യവസ്ഥ ലഘൂകരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

- നെഗറ്റീവ് ലിസ്റ്റ് ഒഴിവാക്കുന്നതാണ്.

- സി.എസ്.റ്റി. രജിസ്ട്രേഷൻ ഉള്ള കരാറുകാർക്ക് 8% നിരക്കിലും അല്ലാത്തവയ്ക്ക് 3% നിരക്കിലും കോമ്പൗണ്ടിംഗ് അനുവദിക്കാൻ ഉദ്ദേശിക്കുന്നു. ഇവർക്ക് 6(2) വകുപ്പ് അനുസരിച്ച് നൽകേണ്ട പർച്ചേസ് ടാക്സ് ഒഴിവാക്കുന്നതാണ്. സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരളാ വാട്ടർ അതോറിറ്റി എന്നിവ നൽകുന്ന കോൺട്രാക്ടുകൾക്ക് ഈ നിരക്കുകൾ ബാധകമല്ല. അവയ്ക്ക് നിലവിലുള്ള നികുതിനിരക്കുകൾ തുടരുന്നതാണ്. ഇതുവഴി 10 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

169. രജിസ്റ്റർ ചെയ്ത പ്രധാന കരാറുകാരുടെ ടേണോവറിൽ നിന്ന് രജിസ്റ്റർ ചെയ്ത ഉപകരാറുകാർക്ക് നൽകിയ കരാർ തുക കുറവ് ചെയ്യുവാൻ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നു.

170. അവാർഡർ കരാറുകാരനിൽനിന്ന് സ്രോതസ്സിൽ ഡിഡക്ട് ചെയ്യേണ്ട നിരക്ക് താഴെപറയും പ്രകാരം നിഷ്ക്കർഷിക്കുന്നതിന് ഉദ്ദേശിക്കുന്നു.

- നികുതി ബാധ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നപക്ഷം ടി സർട്ടിഫിക്കറ്റ് പ്രകാരം.
- സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരളാ വാട്ടർ അതോറിറ്റി എന്നിവ നൽകുന്ന കോൺട്രാക്ടുകൾക്ക് 4 ശതമാനം.
- മറ്റ് കോൺട്രാക്ടുകളിൽ രജിസ്റ്റേർഡ് കോൺട്രാക്ടർമാരിൽനിന്ന് 8 ശതമാനം, അല്ലാത്തവരിൽനിന്ന് 10 ശതമാനം.

171. കെട്ടിട നിർമ്മാണ കരാറുകാർ അടച്ച വാറ്റ് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് ചെയ്യുവാനുള്ള വ്യവസ്ഥ സബ് കോൺട്രാക്ടർമാർ നൽകിയ വാറ്റിന്കൂടി ബാധകമാക്കുന്നതിന് ഉദ്ദേശിക്കുന്നു.

**<u>ബാർ ഹോട്ടലുകൾ</u>**

172. പാകം ചെയ്ത ഭക്ഷണത്തിന് കോമ്പൗണ്ടിംഗ് നിരക്കിൽ നികുതി നൽകുവാൻ ബാർ ഹോട്ടലുകളെ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ആനുകൂല്യം ഇപ്പോൾ ഭക്ഷണത്തിനും അവർ തയ്യാറാക്കുന്ന പാനീയങ്ങൾക്കും മാത്രമേ ലഭിക്കൂ. രജിസ്റ്റർ ചെയ്ത വ്യാപാരിയിൽ നിന്നും വാങ്ങുന്ന പാക്കേജ്ഡ് വെള്ളം, മറ്റ് പാനീയങ്ങൾ

എന്നിവയെയും കോമ്പൗണ്ടിംഗിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

173. ബാർ ഹോട്ടലുകളിൽ, അവർ പാകം ചെയ്യുന്ന ഭക്ഷണ പാനീയങ്ങൾക്കുളള കോമ്പൗണ്ടിംഗ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത് അവിടെ വിളമ്പുന്ന മദ്യത്തിന്റെ വിൽപനയുടെ തോത് അനുസരിച്ചാണ്. പക്ഷേ മദ്യത്തിന് കോമ്പൗണ്ടിംഗ് നിരക്കിൽ നികുതി നൽകുന്നവർ പോലും ഭക്ഷണ പദാർത്ഥങ്ങൾക്ക് കോമ്പൗണ്ടിംഗ് സൗകര്യം പ്രയോജനപ്പെടുത്തുന്നില്ല. അതിനാൽ മദ്യത്തിന്റെ വിറ്റുവരവുമായി ബന്ധപ്പെടുത്താതെ തൊട്ടുമുമ്പേയുളള 3 വർഷങ്ങളിൽ ഇവർ നൽകിയതോ നൽകാനുളളതോ ആയ നികുതിയുടെ ഏറ്റവും ഉയർന്ന തുകയുടെ 125% എന്ന നിരക്കിൽ ഇവരെ കോമ്പൗണ്ട് ചെയ്യുവാൻ അനുവദിക്കാൻ ഉദ്ദേശിക്കുന്നു.

## നികുതിയിളവുകൾ

174. ചില സംസ്ഥാനങ്ങളിൽ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്റെ നിരക്ക് 4% ആയി കുറച്ചിരുന്നു. അതിനാൽ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്റെ നികുതി 4% ആയി കുറവ് വരുത്താനുദ്ദേശിക്കുന്നു. നികുതിയിലുളള ഈ ഇളവ് വിമാനക്കമ്പനികൾ, യാത്രക്കാർക്ക് കൈമാറുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

175. സർ, പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ഈ ബഹുമാനപ്പെട്ട സഭയ്ക്കുളള ഉത്കണ്ഠയിൽ ഞാനും പങ്കുചേരുന്നു. പേപ്പർ ബാഗുകളെ നികുതിയിൽനിന്ന് ഒഴിവാക്കുന്നതിന് ഉദ്ദേശിക്കുന്നു. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നികുതി 12.5% ആയി ഉയർത്തുന്നതിനും ഉദ്ദേശിക്കുന്നു.

176. അന്യസംസ്ഥാനങ്ങളിലേക്ക് വ്യാപാരം വഴിമാറിപ്പോകുന്നത് തടയാനായി, ഒരു എക്സിക്യൂട്ടീവ് ഉത്തരവു വഴി ജനറേറ്ററുകളുടേയും ചില ആശുപത്രി ഉപകരണങ്ങളുടേയും കമ്പ്യൂട്ടർ പെരിഫറൽസിന്റേയും നികുതി നിരക്ക് 22.10.2007 മുതൽ 4% ആയി കുറച്ചിരുന്നു. ഇതിന് നിയമപ്രാബല്യം നൽകാനും എല്ലാത്തരം ആശുപത്രി ഉപകരണങ്ങൾക്കും ഈ ഇളവ് ബാധകമാക്കാൻ ഉദ്ദേശിക്കുന്നു.

177. ദേശീയ നേതാക്കളുടേയും സാമൂഹ്യ പരിഷ്കർത്താക്കളുടേയും പ്രതിമകൾ നിർമ്മിക്കുന്ന പ്രവൃത്തിയെ വർക്സ് കോൺട്രാക്ട് നികുതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നതിന് ഉദ്ദേശിക്കുന്നു.

178. ദേവസ്വം ബോർഡുകൾ വിതരണം ചെയ്യുന്ന പ്രസാദം, ഭക്തരിൽ നിന്ന് കാണിക്കയായി ലഭിക്കുന്ന സാധനങ്ങളുടെ വിൽപന എന്നിവയെ നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് ഉദ്ദേശിക്കുന്നു.

179. പ്രഖ്യാപിത ചരക്കുകൾക്ക് 4% നികുതിയേ പാടുള്ളൂ എന്ന വ്യവസ്ഥ പാലിക്കാനായി, വാറ്റ് നിയമത്തിലെ 6(1)(എഫ്) വകുപ്പിന്റെ പരിധിയിൽ നിന്നും പ്രഖ്യാപിത ചരക്കുകളെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നു.

180. ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾ സംസ്കരിക്കുന്ന നീറ്റുകക്കയ്ക്ക് നേരത്തേ നികുതിയിളവ് നൽകിയിരുന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ ഓർക്കുമല്ലോ. പക്ഷേ, ഇവരിൽ നിന്നും കക്ക വാങ്ങുന്നവർക്ക് വാങ്ങൽ നികുതി ബാധ്യത ഇപ്പോഴും നിലനിൽക്കുന്നു. ഇതിൽ നിന്നുള്ള ഉൽപന്നത്തിന് പൊതു വിൽപന നികുതിയോ അല്ലെങ്കിൽ കേന്ദ്ര വിൽപന നികുതി പ്രകാരമോ നികുതി ബാധ്യതയുണ്ടായിരിക്കണം എന്ന നിബന്ധനയ്ക്ക് വിധേയമായി 31.3.2005 വരെ ഇവർക്കുള്ള വാങ്ങൽ നികുതി ബാധ്യത ഒഴിവാക്കുന്നതിന് ഉദ്ദേശിക്കുന്നു.

181. കേന്ദ്ര വിൽപന നികുതി നിരക്കിൽ വരുത്തിയ കുറവ് നിമിത്തം കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്, കേരളാ വാട്ടർ അതോറിറ്റി, കെ.എസ്.ആർ.ടി.സി. എന്നിവർക്ക് സാധനങ്ങൾ വിൽക്കുന്ന ഉൽപാദന യൂണിറ്റുകൾക്ക് മറ്റു സംസ്ഥാനങ്ങളിലെ ഉൽപാദകരിൽ നിന്ന് കടുത്ത മത്സരം നേരിടേണ്ടിവരും. അതിനാൽ കേരളത്തിൽ ഉൽപാദിപ്പിച്ച് ഈ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്ന, പെട്രോളിയം ഉൽപന്നങ്ങൾ ഒഴിച്ചുള്ള സാധനങ്ങളുടെ നികുതി നിരക്ക് 4% ആയി നിജപ്പെടുത്താൻ ഉദ്ദേശിക്കുന്നു. നിലവിൽ റെയിൽവേക്കുള്ള ആനുകൂല്യം ഇതുമായി പൊരുത്തപ്പെടുത്തുന്നതുമാണ്.

182. കശുവണ്ടിപ്പരിപ്പിന്റെ നികുതി നിരക്ക് 4% ആയി കുറച്ചത് വറുത്തതും ഉപ്പുചേർത്തതുമായ കശുവണ്ടിപ്പരിപ്പിനും കാഷ്യൂസൂപ്പ്, കാഷ്യൂവിറ്റ,

കാഷ്യൂപൗഡർ, കാഷ്യൂബിറ്റ്സ് എന്നിവയ്ക്കും ബാധകമാക്കാൻ ഉദ്ദേശിക്കുന്നു.

183. ഉപയോഗിച്ച കാറുകൾക്ക് ഇപ്പോൾ 4% നികുതി നിരക്കാണ് ഉള്ളത്. ഇത് ഈ വ്യാപാരത്തെ വ്യവസ്ഥാപിതമല്ലാത്ത മാർഗ്ഗങ്ങളിലേക്ക് കൊണ്ടെത്തിച്ചിരിക്കുകയാണ്. അതിനാൽ ഇവയുടെ നികുതി നിരക്ക് 0.5% ആയി കുറയ്ക്കുവാനുദ്ദേശിക്കുന്നു.

184. താഴെപ്പറയുന്ന സാധനങ്ങളുടെ നികുതിനിരക്ക് 4% ആയി കുറയ്ക്കാൻ ഉദ്ദേശിക്കുന്നു.

- ആൽഡ്രോപ്സ്, കപ്പി, വാതിൽ ജന്നൽപ്പടികൾ എന്നിവ കോൺക്രീറ്റിൽ പിടിപ്പിക്കുന്ന കുറ്റി (ക്ലാമ്പ്).
- റെയിൻഗാർഡിങ് കോമ്പൗണ്ട്
- ഫ്ളേവേഴ്സും അരോമാറ്റിക് കോമ്പൗണ്ടുകളും.
- ടാർപ്പോളിൻ (സിൽപോളിൻ ഉൾപ്പെടെ)
- മെഷീൻ ടൂളുകൾ
- എല്ലാ അച്ചടിയന്ത്രവും, ലെയ്ത്തുകളും; അവയുടെ ഭാഗങ്ങൾ ഉൾപ്പെടെ
- മുനിസിപ്പൽ ഖരമാലിന്യ സംസ്കരണ ഉപകരണവും പ്ലാന്റുകളും
- സൈക്കിളിലെ എല്ലാ ഭാഗങ്ങളും (1.4.2005 മുതൽ)
- കൈത്തറി, പരുത്തി എന്നിവ കൊണ്ടു നിർമ്മിച്ച ചവിട്ടി, മാറ്റ്, പരവതാനികൾ
- എല്ലാത്തരം ഹാങ്ങറുകളും

185. ബാർ ഹോട്ടൽ, സ്റ്റാർ ഹോട്ടൽ, ഫ്ളൈറ്റ് കിച്ചൺ ഒഴികെയുള്ള റസ്റ്റാറന്റുകൾക്ക് 5 ലക്ഷം രൂപ വിറ്റുവരവ് വരെ നികുതി ഒഴിവും അതിനു മുകളിലേക്ക് വിറ്റുവരവ് എത്രയായാലും ഓരോ ലക്ഷത്തിനും 500 രൂപ വീതം ലൈസൻസ് ഫീസ് അടയ്ക്കാനുള്ള അനുമതി കെ.ജി.എസ്.ടിയിൽ ഉണ്ടായിരുന്നു. ഇതിന് യാതൊരുവിധ ഓപ്ഷനും ആവശ്യമുണ്ടായിരുന്നില്ല. എന്നാൽ വാറ്റിൽ ഇവർ വകുപ്പ് 6(2) പ്രകാരമുള്ള പർച്ചേസ് ടാക്സിന് വിധേയമായി 0.5% നിരക്കിൽ കോമ്പൗണ്ടിംഗ് നികുതി നൽകുകയോ അല്ലാത്തപക്ഷം 12.5% നികുതി നൽകുകയോ വേണം. കോമ്പൗണ്ടിംഗിനായി എല്ലാവർഷവും ഏപ്രിൽ മാസത്തിൽ ഓപ്ഷൻ ഫയൽ ചെയ്യേണ്ടതുമുണ്ട്. എന്നാൽ ചെറുകിട ഹോട്ടലുകാർ ഓപ്ഷൻ സമയത്തിനകം ഫയൽ ചെയ്തിരുന്നില്ല. ഇവരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി മുൻകാല പ്രാബല്യത്തോടെ ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള ഒരവസരം

നൽകിയിരുന്നു. ഈ പദ്ധതിക്ക് നിയമസാധുത നൽകുന്നതിനായി നിയമഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നു. കോമ്പൗണ്ടഡ് നിരക്കിൽ നികുതി അടക്കുവാൻ അർഹരായ ഹോട്ടലുകാർക്ക് ഓപ്ഷൻ മുൻകാല പ്രാബല്യത്തോടെ സമർപ്പിക്കുന്നതിനുള്ള അവസരം 31-12-2006 വരെ നൽകുന്നതുമാണ്.

186. പാകംചെയ്ത ഭക്ഷണ പദാർത്ഥങ്ങൾക്ക് കോമ്പൗണ്ടഡ് നിരക്കിൽ നികുതി ഒടുക്കുവാൻ അർഹതയുള്ള ഹോട്ടലുകളുടെ നികുതി നിരക്ക് 4% ആയി കുറയ്ക്കാൻ ഉദ്ദേശിക്കുന്നു.

187. മൊബൈൽ റീ ചാർജ്ജ് കൂപ്പണുകൾക്കുള്ള വാറ്റ് 1-4-2005 മുതൽ മുൻകാല പ്രാബല്യത്തോടെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നു.

188. കേരളാ ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് ഉൽപാദിപ്പിക്കുന്ന ചോക്ക്, കുടകൾ, മെഴുകുതിരി, ബുക്ക് ബൈൻഡിങ് എന്നിവയ്ക്ക് അവർ വിൽക്കുന്ന പോയിന്റിൽ പൂർണ്ണ നികുതിയിളവ് നൽകാൻ ഉദ്ദേശിക്കുന്നു.

189. റൈറ്റ് ടു യൂസിനും കോപ്പിറൈറ്റിനും ലഭിക്കുന്ന തുക നിലവിലുള്ള നിയമ പ്രകാരം നികുതി വിധേയമാണ്. മറ്റ് പല സംസ്ഥാനങ്ങളും ഇത് വസൂലാക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ സിനിമാ വ്യവസായത്തെ ഈ നിയമം പ്രതികൂലമായി ബാധിക്കുമെന്ന് വ്യാപകമായ ആശങ്ക ഉണ്ടായിട്ടുണ്ട് കേരളത്തിലെ സിനിമാ വ്യവസായത്തെ സംരക്ഷിക്കുന്നതിനു വേണ്ടി സിനിമാ വ്യവസായവുമായി ബന്ധപ്പെട്ട റൈറ്റ് ടു യൂസിനെയും കോപ്പിറൈറ്റിനെയും 1-4-2005 മുതൽ മൂല്യവർദ്ധിത നികുതി നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാൻ ഉദ്ദേശിക്കുന്നു.

190. മേൽപ്പറഞ്ഞ നികുതി ഇളവുകൾ വഴി ഏകദേശം 25 കോടി രൂപയുടെ വരുമാന നഷ്ടം പ്രതീക്ഷിക്കുന്നു.

## പുതിയ നികുതി നിർദ്ദേശങ്ങൾ

191. സർ, ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സാമൂഹ്യ സുരക്ഷാ പദ്ധതികൾ വൻപിച്ച സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നതാണ്. അടുത്ത മൂന്നു വർഷത്തേക്ക് ഇത് വർധിക്കുന്നതിനാണ് സാധ്യത. ഇതിലേക്കാവശ്യമായ തുക കണ്ടെത്തുന്നതിനായി സർക്കാർ ചുമത്തുന്ന വില്പന നികുതി, മൂല്യവർദ്ധിത നികുതി

എന്നിവയിലെല്ലാം 1% സെസ്സ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഇതുവഴി 100 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

192. ചില്ലറ വ്യാപാര മേഖലയിയിൽ പുതുതായി കടന്നുവന്നിട്ടുള്ള വൻകിട സ്ഥാപനങ്ങളുടെ മേൽ അധികനികുതി ചുമത്തണമെന്ന ആവശ്യം എല്ലാ മേഖലയിൽനിന്നും ഉയർന്നിട്ടുണ്ട്. പ്രതിവർഷം 5 കോടിയിലേറെ രൂപ വിറ്റുവരവുള്ളതും 50% ചരക്കുകൾ കേരളത്തിന് പുറത്തുനിന്ന് ഇറക്കുമതി ചെയ്യുന്നതും മൊത്തം വില്പനയുടെ 75 ശതമാനത്തിലധികം ഉപഭോക്താക്കൾക്ക് നേരിട്ട വില്ക്കുന്നതുമായ ഡയറക്ട് മാർക്കറ്റിങ് നടത്തുന്നവർ ഉൾപ്പെടെയുള്ള ചില്ലറ വ്യാപാര ശൃംഖലയിലെ വൻകിട വ്യാപാര സ്ഥാപനങ്ങളുടെ മേൽ കേരളാ നികുതിയിന്മേലുള്ള സർച്ചാർജ്ജ് നിയമമനുസരിച്ച് 10% സർച്ചാർജ്ജ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഇപ്രകാരമുള്ള സ്ഥാപനങ്ങളുടെ ഒന്നാം വിൽപനക്കാരായ സഹോദര സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതും ഇറക്കുമതിയായി കണക്കാക്കുന്നതാണ്. ഇതുവഴി 2 കോടിയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

193. ദിവസം 1000 രൂപയോ അതിൽ കൂടുതലോ വാടകയുള്ള (ബില്ലിൽ എങ്ങനെ തരം തിരിച്ചിരുന്നാലും) ആശുപത്രി മുറികൾക്ക് 10% ആഢംബര നികുതി ചുമത്താൻ ഉദ്ദേശിക്കുന്നു. ഈ നടപടി മൂലം ഏകദേശം 1 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

194. കേരള പേപ്പർ ലോട്ടറി നികുതി നിയമമനുസരിച്ച് സാധാരണ നറുക്കെടുപ്പിന്റെ നികുതി 7 ലക്ഷമായും ബമ്പർ നറുക്കെടുപ്പിന്റെ നികുതി 17 ലക്ഷമായും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതുവഴി 25 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

195. അന്തർ സംസ്ഥാന സ്റ്റോക്ക് ട്രാൻസ്ഫർ നടത്തുന്ന ചരക്കുകളിന്മേലുള്ള ഇൻപുട്ട് ടാക്സിന് വാറ്റു നിയമപ്രകാരം സെറ്റ്-ഓഫോ റീഫണ്ടോ നൽകുന്നത് 4% ത്തിൽ കൂടുതലുള്ള തുകയ്ക്കു മാത്രമായി നിജപ്പെടുത്തുന്നതിന് നിയമത്തിൽ വേണ്ട ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നു. ഇതുവഴി 50 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്.

## വ്യാപാരമേഖലയ്ക്ക് പ്രോത്സാഹനം

196. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നികുതിദായകർക്കുള്ള അവാർഡുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരികയാണ്. അവാർഡുകൾ ഉടൻ പ്രഖ്യാപിക്കുന്നതും ജേതാക്കൾക്ക് ഗ്രീൻകാർഡ് നൽകുന്നതുമാണ്.

197. വാണിജ്യനികുതി വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണനടപടികൾ അതിവേഗം മുന്നേറുന്നു. ഇലക്ട്രോണിക് ആയി റിട്ടേൺ ഫയൽ ചെയ്യാനും നികുതിദായകർക്ക് നിയന്ത്രണങ്ങൾക്ക് വിധേയമായി സ്റ്റാറ്റ്യൂട്ടറി ഫോമുകൾ ഡൗൺലോഡ് ചെയ്യാനുമുള്ള സൗകര്യം ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നു.

198. വ്യാപാരികൾക്ക് ഇ-റിട്ടേൺ സമർപ്പിക്കുന്നതിലേക്കായി വ്യാപാര സംഘടനകളുടെയും ചേമ്പർ ഓഫ് കോമേഴ്സിന്റെയും സഹകരണം ഞാൻ പ്രതീക്ഷിക്കുന്നു. ഇതിലേക്കായി മേൽ സംഘടനകൾ നടത്തുന്ന കിയോസ്ക്കുകൾക്ക് ഓരോ കമ്പ്യൂട്ടർ വീതം നൽകുന്ന പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു.

199. വ്യാപാരി ക്ഷേമ നിധി ബോർഡ് പുനസംഘടിപ്പിക്കുന്നതാണ്. മരണപ്പെട്ട അംഗങ്ങളുടെ ക്ലെയിമുകൾ പൂർണ്ണമായും ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ട്.

200. അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അംഗങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വ്യാപാരി ക്ഷേമനിധി ബോർഡ് ഒരു കർമ്മ പരിപാടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

201. സംസ്ഥാന തലത്തിലുള്ള വാറ്റ് കൺസൽട്ടേറ്റീവ് കമ്മിറ്റി പുനസംഘടിപ്പിക്കുന്നതാണ്. ഇതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ മീറ്റിങ്ങുകൾ നടത്താനുതകുന്ന വിധത്തിൽ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു.

202. ജില്ലാതല അഡ്വൈസറി കമ്മിറ്റികൾ എല്ലാ മാസവും രണ്ടാമത്തെ ബുധനാഴ്ച യോഗം ചേരുന്ന വിവരം ഞാൻ സന്തോഷപൂർവം സഭയെ അറിയിക്കുന്നു. ജില്ലാതലത്തിൽ പരിഹരിക്കാനാവാത്ത പ്രശ്നങ്ങൾ സംസ്ഥാനതല കമ്മിറ്റിയിൽ പരിഹാരം കണ്ടെത്തുന്നതാണ്.

203.കേരളത്തിലെ പുതിയ വ്യവസായ സംരംഭങ്ങൾക്കുവേണ്ടി ഒരു അതിവേഗ താൽക്കാലിക രജിസ്ട്രേഷൻ സമ്പ്രദായം ഏർപ്പെടുത്താനുദ്ദേശിക്കുന്നു.

പലവക

204.കേരള മൂല്യവർദ്ധിത നികുതി നിയമം നികുതിദായകന് തന്റെ റിട്ടേൺ 5 തവണ പുതുക്കി നൽകാൻ അനുവാദം നൽകുന്നു. എന്നാൽ തമിഴ്നാട്ടിലെ നിയമം ഒരുതവണ പോലും റിട്ടേൺ പുതുക്കി നൽകാൻ അനുവദിക്കുന്നില്ല. എന്തെങ്കിലും ക്രമക്കേട് കണ്ടെത്തിയാലുടൻ ശിക്ഷാ നടപടിയിൽ നിന്നും രക്ഷപ്പെടാനായി നികുതിദായകർ റിട്ടേണുകൾ പുതുക്കി നൽകിയ ഒട്ടനവധി സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിട്ടേൺ ഹാജരാക്കിയ ശേഷം നികുതി വെട്ടിപ്പ് കണ്ടെത്തിയ സംഭവങ്ങളിൽ പുതുക്കിയ റിട്ടേണുകൾ സമർപ്പിക്കാൻ മേലിൽ അവസരം ഉണ്ടായിരിക്കുന്നതല്ല. അത്തരത്തിൽ നൽകുന്ന റിട്ടേണുകൾ നിരസിക്കുന്നതാണ്. ഇതിനാവശ്യമായ നിയമഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നു.

205.വ്യാപാരികൾ അധികാരപ്പെടുത്തിയ പൂർണ്ണസമയ ജീവനക്കാർ സെയിൽസ് ടാക്സ് പ്രാക്ടീഷണർ എന്ന നിർവ്വചനത്തിന്റെ പരിധി യിൽ വരും. എന്നാൽ വ്യാപാരികളുടെ പാർട് ടൈം ജീവനക്കാരെ സെയിൽസ് ടാക്സ് പ്രാക്ടീഷനറായി പരിഗണിക്കുവാൻ നിയമ ത്തിൽ വ്യവസ്ഥയില്ല. സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസിന്റെ ഡിപ്ലോമാ സർട്ടിഫിക്കറ്റ് നേടിയ പാർട്ട്ടൈം ജീവനക്കാരെയും സെയിൽസ് ടാക്സ് പ്രാക്ടീഷണറുടെ നിർവ്വചനത്തിൽ ഉൾപ്പെടു ത്താൻ ഉദ്ദേശിക്കുന്നു.

206.ചില നിബന്ധനകൾക്കു വിധേയമായി, പ്രതിവർഷം 50 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള വ്യാപാരികൾക്ക് അനുമാന നികുതിദായകർ എന്ന നിലയിൽ മൂല്യവർദ്ധിത നികുതി നിയമ പ്രകാരം ചില വിശേഷാവകാശങ്ങളുണ്ട് എന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങളെ ഓർമിപ്പിക്കുന്നു. നിർഭാഗ്യവശാൽ ഈ വിഭാഗത്തിൽപ്പെട്ട ചില വ്യാപാരികൾ ഇത് നികുതി വെട്ടിപ്പ് നടത്താനായി ദുരുപയോഗം ചെയ്യുന്നു. തങ്ങളുടെ പ്രത്യേകപദവി മനപ്പൂർവം ദുരുപയോഗം ചെയ്യുന്ന ഇത്തരം വ്യാപാരികളെ ഇതിൽ നിന്നും തടയുന്നതിനായി

കേരള പൊതുവിൽപ്പന നികുതി നിയമത്തിലെ വകുപ്പ് 17(5 എ) യിലേതിനു സമാനമായി നികുതിയുടെ മൂന്നിരട്ടി സംഖ്യ പിഴയായി ചുമത്താവുന്ന വിധത്തിലുള്ള ഭേദഗതികൾ നിയമത്തിൽ ഉൾപ്പെടുത്തുന്നതാണ്.

207. കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം പിടിച്ചെടുത്ത ചരക്കുകൾ ലേലം ചെയ്ത് വിൽക്കുന്നത് അവ കണ്ടുകെട്ടിയതിനു ശേഷമായിരിക്കും എന്ന് സ്പഷ്ടീകരിക്കും വിധം നിയമം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

208. ചില വ്യാപാരികൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പെരുപ്പിച്ചും അടയ്ക്കേണ്ട നികുതി കുറച്ചും വക്രഗതിയിൽ വ്യാപാരം ചെയ്യുന്നതിനായി സഹോദര സ്ഥാപനങ്ങൾ ആരംഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേസുകളിൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. വ്യാജ ഇടപാടുകൾക്ക് യാതൊരുവിധ ഇൻപുട്ട് ടാക്സ് ക്രെഡിറ്റും അനുവദിക്കുന്നതല്ല. ചരക്ക് കൈമാറ്റം ചെയ്തിട്ടുള്ള ഇടപാടുകൾക്ക് ഇൻപുട്ട് ടാക്സിന്റെ 10% നിഷേധിക്കുന്നതായിരിക്കും. ഇതിനാവശ്യമായ നിയമഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നു.

209. അപ്രഖ്യാപിത ഗോഡൗണുകളിൽ ചരക്ക് സൂക്ഷിക്കുന്നതു വഴി വൻതോതിൽ നികുതി വെട്ടിപ്പ് നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രജിസ്ട്രേഷനെടുത്ത വ്യാപാരികൾ തങ്ങളുടെ എല്ലാ വ്യാപാരസ്ഥലങ്ങളുടെയും മേൽവിലാസം വെളിപ്പെടുത്തണമെന്ന് നിബന്ധനയുണ്ടെങ്കിലും ഈ വ്യവസ്ഥ ഫലപ്രദമായ വിധത്തിൽ പാലിച്ചുകാണുന്നില്ല. ആയതിനാൽ മുൻപറഞ്ഞ ഗോഡൗണുകളിൽ സൂക്ഷിച്ചിട്ടുള്ള ചരക്കുകൾ വ്യാപാരിയുടെ മുറപ്രകാരമുള്ള കണക്കു പുസ്തകങ്ങളിൽ കാണിച്ച ചരക്കുകൾക്ക് പുറമേയുള്ളതായി കണക്കാക്കുന്നതാണ്. പുതിയ ഗോഡൗണുകളുടെ വിവരം നികുതിനിർണ്ണയാധികാരിയെ രേഖാമൂലം മുൻകൂട്ടി അറിയിച്ചാൽ മതിയാകും. കൂടാതെ രജിസ്റ്റർ ചെയ്ത വ്യാപാരികൾ തങ്ങളുടെ ഗോഡൗണുകൾ ഉൾപ്പെടെയുള്ള വ്യാപാരസ്ഥാപനത്തിന്റെ എല്ലാ ബോർഡുകളിലും രജിസ്ട്രേഷൻ നമ്പർ പ്രദർശിപ്പിക്കേണ്ടതാണ്. ഇതിനാവശ്യമായ നിയമഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നു.

210. ചില തർക്ക വിഷയങ്ങളിൽ സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നതിനുള്ള വ്യവസ്ഥ വാറ്റ് നികുതി നിയമത്തിൽ നിലവിലുണ്ട്. നിയമ നിർമ്മാണത്തിനുള്ള പരമാധികാരം ഈ സഭയിൽ നിക്ഷിപ്തമാണെന്നിരിക്കേ നിലവിലുള്ള നിയമത്തിലെ സ്ഥിതി സ്പഷ്ടീകരിക്കുക എന്നതു മാത്രമേ ഇതു കൊണ്ടുദ്ദേശിക്കുന്നുള്ളു. ഇത് പ്രതിഫലിപ്പിക്കുന്ന തരത്തിൽ നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നു.

211. തോട്ടമുടമകൾക്ക് തങ്ങൾ വാങ്ങുന്ന വളം, കീടനാശിനി എന്നിവയ്ക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനുള്ള അവകാശം വാറ്റ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ചിലവുകൾക്ക് കേരള കാർഷികാദായ നികുതി നിയമപ്രകാരവും ഇളവ് ലഭിക്കുന്നതിനാൽ ഈ ആനുകൂല്യം മൂല്യവർദ്ധിത നികുതി നിയമത്തിൽ നിന്നും ഒഴിവാക്കാനായി യുക്തമായ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നു.

212. വാറ്റ് നികുതി നിയമ പ്രകാരം നികുതി നിർണ്ണയത്തിനും പിഴ ചുമത്തലിനുമെതിരെ അപ്പീൽ സമർപ്പിക്കാമെന്ന ഭേദഗതി കേരള പൊതുവിൽപന നികുതി നിയമത്തിലും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

213. ഒരു സാമ്പത്തിക വർഷത്തെ പല റിട്ടേൺ കാലയളവുകളിലായി വ്യാപിച്ചു കിടക്കുന്ന ഒരു കുറ്റത്തിന് ചുമത്താവുന്ന പരമാവധി കോമ്പൗണ്ടിംഗ് ഫീ രണ്ടു ലക്ഷമായിരിക്കുമെന്ന് വിശദീകരിക്കുന്ന ഭേദഗതി നിയമത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

214. വീഴ്ച വരുത്തുന്ന നികുതിദായകരുടെ ബാങ്ക് അക്കൗണ്ടുകളും മറ്റും മരവിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ സാധാരണയായി നികുതി നിയമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കേരള ആഡംബര നികുതി നിയമത്തിൽ ഈ വ്യവസ്ഥ ഉൾപ്പെടുത്തുവാൻ വിട്ടുപോയിട്ടുണ്ട്. ഈ വ്യവസ്ഥകൂടി നിയമത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

215. ഏതൊരു നിയമവും കേരളാ ടാക്സേഷൻ (റിക്കവറി നടപടികളുടെ തുടർച്ചയും സാധുതയും) നിയമം 1967 ന്റെ പരിധിയിൽ വരുന്ന പക്ഷം സർക്കാരിന് ലഭിക്കേണ്ടതായ കുടിശ്ശിക അപ്പീലിലോ മറ്റേതെങ്കിലും നടപടി മൂലമോ കുറച്ച് നിശ്ചയിച്ചാൽ നികുതി നിർണ്ണയാധികാരി പുതിയൊരു ഡിമാന്റ് നോട്ടീസ് നികുതി ദായകന്റെ

പേരിൽ പുറപ്പെടുവിക്കേണ്ടതില്ല. ആയതിനാൽ കേരള മൂല്യ വർദ്ധിത നികുതി നിയമവും കേരള ആഡംബര നികുതി നിയമവും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

216. കേരളത്തിലേക്ക് കടന്നുവരുന്ന ചരക്കുകളെ സംബന്ധിച്ചിടത്തോളം നികുതി ആവശ്യത്തിലേക്ക് വിലപ്പെട്ട വിവരങ്ങൾ നൽകുന്ന പ്രധാന ഉറവിടമാണ് അതിർത്തി ചെക്ക് പോസ്റ്റുകൾ. എന്നാൽ സംസ്ഥാനത്തേക്ക് ധാരാളം ചരക്കുകൾ റെയിൽ, നാവിക, വ്യോമ മാർഗ്ഗങ്ങളിലൂടെയും എത്തിച്ചേരുന്നതിനാൽ ഇതു സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനാവശ്യമായ ഭേദഗതികൾ കൂടി നിയമത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

217. വ്യാപാരികൾ തങ്ങളുടെ ബില്ലുകളും കണക്കുകളും സംബന്ധിച്ച കാര്യങ്ങൾ കമ്പ്യൂട്ടർ വൽക്കരിക്കുന്ന സമ്പ്രദായത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നത് സർക്കാരിനെ സംബന്ധിച്ചിടത്തോളം ഒരേസമയം പുതിയ സാധ്യതകളും ഭീഷണിയുമുയർത്തുന്നു. ഈ പുതിയ മേഖലയിലെ നടപടികൾക്ക് നിയമപരമായ ചട്ടക്കൂട് ഉണ്ടാക്കുന്നതിനാവശ്യമായ നിയമഭേദഗതികൾ നിയമത്തിൽ വരുത്താൻ ഞാൻ ഉദ്ദേശിക്കുന്നു.

218. കേരള സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരളാ വാട്ടർ അതോറിറ്റി എന്നിവയുടെ കരാറുകാരും മെറ്റൽ ക്രഷർ യൂണിറ്റുകളും ഒഴികെ കോമ്പൗണ്ടഡ് നിരക്കിൽ നികുതി അടയ്ക്കുന്നവർക്ക് നികുതി പിരിക്കാനുള്ള അവകാശം നൽകുന്നതാണ്. ഒടുക്കേണ്ട നികുതിയേക്കാൾ കൂടുതലായി പിരിച്ച തുക സർക്കാരിൽ ഒടുക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതാണ്. ഇതിനാവശ്യമായ നിയമഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നു.

## ഭാഗം നാല്

219. 2007-08 സാമ്പത്തിക വർഷത്തിലെ ചെലവുകളുടെ കാര്യത്തിൽ നമ്മൾ സ്വീകരിച്ചു വരുന്ന സമീപനം ഞാൻ സൂചിപ്പിച്ചിരുന്നുവല്ലോ. എന്നാൽ 2007-08 ലെ പുതുക്കിയ എസ്റ്റിമേറ്റുകൾ കാണിക്കുന്നത് ധനകാര്യ സൂചകങ്ങൾ ബഡ്ജറ്റ് എസ്റ്റിമേറ്റുകളെക്കാൾ മെച്ചപ്പെട്ടതായിരിക്കും എന്നാണ്. ഈ വർഷം റവന്യൂ കമ്മി 4644 കോടി രൂപയും ധനകമ്മി 6900 കോടി രൂപയും ആയിരിക്കുമെന്നാണ്

ഇപ്പോൾ കണക്കാക്കപ്പെടുന്നത്. ഇത് യഥാക്രമം ആഭ്യന്തര ഉൽപാദനത്തിന്റെ 3.1 ശതമാനവും 4.6 ശതമാനവുമായിരിക്കും. 2007-08 ലെ ബജറ്റിൽ ഇത് യഥാക്രമം 3.4 ശതമാനവും 4.8 ശതമാനവും ആയിരുന്നു.

220. 2008-09 ൽ റവന്യൂ ചെലവ് മൊത്തം 8.1 ശതമാനം വർദ്ധിക്കും. എന്നാൽ റവന്യൂ വരുമാനം 15.8 ശതമാനം കണ്ടു വർദ്ധിക്കും. അതിനാൽ 2008-09 വർഷത്തിൽ റവന്യൂ കമ്മി 3367 കോടി രൂപയായും ധനകമ്മി 5625 കോടി രൂപയായും കുറയും. ആഭ്യന്തര ഉല്പാദനം 12 ശതമാനം കണ്ട് കൂടും എന്ന് കണക്കു കൂട്ടിയാൽ തന്നെ റവന്യൂ കമ്മിയും ധനകമ്മിയും ആഭ്യന്തര ഉല്പാദനത്തിന്റെ 2 ശതമാനമായും 3.4 ശതമാനമായും യഥാക്രമം കുറയും. 2007-08 ൽ പ്രൈമറി റവന്യൂ മിച്ചം 113 കോടി രൂപ ആണെങ്കിൽ 2008-09 ൽ ഇത് 1777 കോടി രൂപയായി ഉയരും. കടം ആഭ്യന്തര വരുമാനത്തിന്റെ 37.8 ശതമാനത്തിൽ നിന്നും 37.6 ശതമാനമായി കുറയും. കടം റവന്യൂ വരുമാനത്തിന്റെ 261 ശതമാനം എന്ന തോതിൽ നിന്നും 249 ശതമാനമായി കുറയും.

221. 2007-08 ൽ സംസ്ഥാന പദ്ധതി അടങ്കൽ 6950 കോടി രൂപയായിരുന്നു. 2007-08 ലെ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ഈ വർഷം പദ്ധതിച്ചിലവ് 6693 കോടി രൂപയായിരിക്കും എന്നു കണക്കാക്കിയിരിക്കുന്നു. മുൻവർഷത്തെ യഥാർത്ഥ ചെലവിനെ അപേക്ഷിച്ച് 40% വർദ്ധനയാണ് ഇതു സൂചിപ്പിക്കുന്നത്. 2008-09 ലെ പദ്ധതി അടങ്കൽ 7700 കോടി രൂപയാണ്. മുൻവർഷത്തെ അപേക്ഷിച്ച് 15% വർദ്ധനവാണ് ഇതു സൂചിപ്പിക്കുന്നത്.

222. 2007 -08, 2008-09 സാമ്പത്തിക വർഷങ്ങളിലെ എസ്റ്റിമേറ്റുകളുടെ സംഗ്രഹം ഇനി പറയുന്നു.

## പുതുക്കിയ എസ്റ്റിമേറ്റ് 2007-08

| | | | രൂപ കോടിയിൽ |
|---|---|---|---|
| റവന്യൂ വരവ് | - | | 21496.98 |
| റവന്യൂ ചെലവ് | - | | 26141.28 |
| റവന്യൂ കമ്മി | - | (-) | 4644.30 |
| മൂലധന ചെലവ് | - | | 1499.20 |
| വായ്പകളും മുൻകൂറുകളും (തനി) | - | (-) | 757.04 |
| പൊതുകടം | - | | 4529.97 |
| പൊതു കണക്ക് | - | | 1489.87 |
| ആകെ കമ്മി | - | (-) | 880.70 |
| വർഷാരംഭ രൊക്ക ബാക്കി | - | | 201.36 |
| വർഷാന്ത്യ രൊക്ക ബാക്കി | - | (-) | 679.34 |

## ബജറ്റ് എസ്റ്റിമേറ്റ് 2008-09

| | | | രൂപ കോടിയിൽ |
|---|---|---|---|
| റവന്യൂ വരവ് | - | | 24935.72 |
| റവന്യൂ ചെലവ് | - | | 28302.77 |
| റവന്യൂ കമ്മി | - | (-) | 3367.05 |
| മൂലധന ചെലവ് | - | | 1561.93 |
| വായ്പകളും മുൻകൂറുകളും (തനി) | - | (-) | 696.69 |
| പൊതുകടം | - | | 4968.94 |
| പൊതു കണക്ക് | - | | 851.57 |
| ആകെ മിച്ചം | - | | 194.84 |
| വർഷാരംഭ രൊക്ക ബാക്കി | - | (-) | 679.34 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | - | | 305.78 |
| പ്രഖ്യാപിച്ച ഇളവുകൾ | - | | 25.12 |
| അധിക വിഭവ സമാഹരണം | - | | 188.00 |
| വർഷാന്ത്യ രൊക്ക ബാക്കി | - | (-) | 627.40 |

## ഉപസംഹാരം

223. സർ, ബഷീറിന്റെ ജന്മശതാബ്ദി വേളയിൽ അവതരിപ്പിക്കുന്ന ഈ ബഡ്ജറ്റ് ബഷീറിനെ അനുസ്മരിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കട്ടെ. 'പാത്തുമ്മയുടെ ആടിന്' ഒരു സാമ്പത്തിക വ്യവസ്ഥയുണ്ട്. ബഷീറിനെ പണത്തിനായി എല്ലാവരും ഉറ്റുനോക്കുന്ന അവസ്ഥ. എല്ലാവർക്കും വേണ്ടത് നൽകണമെന്ന് ബഷീറിനുണ്ട്. പക്ഷേ അതിനുള്ള പണം ഇല്ലെന്നു മാത്രം.

224. ബഷീറിന്റെ ഉമ്മയ്ക്ക് ബഷീറിനോട് എപ്പോഴും പറയാനുള്ളതിതാണ്. 'നെനക്ക്ങ്ങനേക്ക പറയാം. ഒറ്റാത്തടി, മുച്ചാം വയറ്. നീ എനിക്ക് കുറച്ച് രൂപ താ... എടാ ഒരു പത്ത് രൂപ ഇനിക്കുതാ..... അബ്ദുൽ കാദര് അറിയരുത്. ഹനീഫ അറിയരുത്. ആനുമ്മായും പാത്തുമ്മായും അറിയരുത്.......'

225. ബഷീറിന്റെ മറുപടി ഇതാണ് : ''ഞാൻ വന്നതിനുശേഷം എത്ര രൂപ തന്നിട്ടുണ്ട്. ഈ വീട്ടിൽ ........ എത്ര രൂപ നിങ്ങൾ വാങ്ങിയിട്ടുണ്ട്? ഉമ്മയോട് ഞാനൊരു രഹസ്യം പറയാം. എന്റെ പക്കൽ ആകെക്കൂടി ഇനി അഞ്ചു രൂപയുടെ ഒരു നോട്ടുണ്ട്. വേറെ ദമ്പിടി കാശില്ല....'' ഉമ്മ ഉടനെ പറഞ്ഞു. ''അതിങ്ങാ എട്''.

226. ബഷീറിന് നൂറ് രൂപയുടെ മണിയോർഡറുമായി പോസ്റ്റ്മാൻ വരുന്ന രംഗമുണ്ട്. ആ പണം എത്തുന്നതിനുമുമ്പുതന്നെ കൃത്യമായി അതു വീതം വച്ചുകഴിഞ്ഞിരുന്നു. ഉള്ള പണം ഓരോരുത്തരുടെ ആവശ്യങ്ങൾക്കായി ആലോചിച്ചും നർമ്മത്തോടെയും നൽകുന്നതാണ് 'പാത്തുമ്മായുടെ ആടി'ന്റെ സാമ്പത്തികശാസ്ത്രം. അവിടെ ഇല്ലായ്മ ഉണ്ട്. സ്നേഹത്തിന്റേയും വിശ്വാസത്തിന്റേയും ശബ്ദം നേർത്തു വരുന്നു. ബഷീർതന്നെ ഗ്ലാസെറിഞ്ഞ് പൊട്ടിക്കുന്നുമുണ്ട്. പക്ഷേ എല്ലാം അതിരുകൾക്കുള്ളിൽ.

227. 'പാത്തുമ്മയുടെ ആട്' തലയോലപ്പറമ്പിലെ ഒരു കൊച്ചുവീട്ടിൽ നടന്ന സംഭവങ്ങളുടെ വിവരണം മാത്രമല്ല. ഉള്ളത് കുറവും വേണ്ടത് ഏറെയുമായിരിക്കുന്ന ഒരവസ്ഥയിൽ തീരുമാനത്തിന്റേയും തെരഞ്ഞെടുപ്പിന്റേയും പൊതു അവസ്ഥയാണ്. നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി 'പാത്തുമ്മയുടെ ആട്' വായിക്കുമ്പോൾ ഞാൻ ഓർത്തുപോകുന്നു.

228. ഏതായാലും കാര്യങ്ങൾ മെച്ചപ്പെട്ടുവരുന്നുണ്ട്. സർ, 'കേരളത്തിന്റെ ധനകാര്യസ്ഥിതി സാധാരണനിലയിൽ കൊണ്ടുവരുന്നതിന്റെ അടിത്തറയിടുന്ന വർഷമായിരിക്കും 2007-08' എന്ന് ഞാൻ ഈ സഭയിൽ കഴിഞ്ഞവർഷം പ്രഖ്യാപിക്കുകയുണ്ടായി. കടുത്ത സാമ്പത്തിക ഞെരുക്കത്തിന്റെ സന്ദർഭത്തിൽ ഇതു ഞാൻ പറഞ്ഞപ്പോൾ വാചകമടിയായേ പലരും എടുത്തുള്ളൂ. വാക്കുപാലിച്ചതിന്റെ അഭിമാനത്തോടെയാണ് ഞാനിന്ന് സഭയെ അഭിമുഖീകരിക്കുന്നത്.

229. ഒരു കാര്യമാണ് എനിക്ക് അവസാനമായി പറയാനുള്ളത്. നമ്മുടെ കയ്യിൽ പണമേറെയില്ല. ധാരാളിത്തത്തിന്റെ പാതയിലേയ്ക്ക് പോകാതെ പിടിച്ച് ചെലവഴിച്ചാൽ അടുത്തവർഷം ഒരിമ്മിണി ബല്യ പദ്ധതി ഉണ്ടാക്കാം. തുടക്കത്തിൽ ഞാൻ പറഞ്ഞതുപോലെ വികസനത്തിനായി നാം ഇത്രയും പണം മുതൽമുടക്കിയാൽ പോരാ. ക്ഷേമത്തിനുതന്നെയാണ് ഈ ബജറ്റിലും ഊന്നൽ. പക്ഷേ നമ്മൾ ഒരു പാലം പണിതുതുടങ്ങിയിട്ടുണ്ട്. ഇമ്മിണി ബല്യ പദ്ധതി ഉണ്ടായെങ്കിലേ ''പുനർവിതരണത്തിൽ ഊന്നിക്കൊണ്ടുള്ള സാമ്പത്തിക നീതിയുടെ ഭൂതകാലത്തിൽനിന്ന് ദ്രുതഗതിയിലുള്ള സാമ്പത്തികവളർച്ചയുടേയും ആധുനികവൽക്കരണത്തിന്റേയും ഭാവിയിലേക്കുള്ള'' ഈ പാലം പൂർത്തീകരിക്കാൻ കഴിയൂ. സർ, ഞാൻ ഈ സഭയിൽ ഉറപ്പായി പറയുന്നു. നമ്മൾ ഈ പാലം പണിയും.

**സഭയുടെ അംഗീകാരത്തിനായി ഈ ബജറ്റ് ഞാൻ സമർപ്പിക്കുന്നു.**

**2008-09 ധനകാര്യ വർഷത്തിന്റെ ആദ്യത്തെ നാലു മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് കൂടി സഭയുടെ മുൻപാകെ ഞാൻ അവതരിപ്പിക്കുന്നു.**

**// ജയ്ഹിന്ദ് //**